# മഹാത്മാഗാന്ധി സർവ്വകലാശാല

## 2024 ജനുവരി 16, ചൊവ്വാഴ്ച രാവിലെ 10.30-ന് സിൻഡിക്കേറ്റ് ഹാളിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ (24.01) നടപടിക്കുറിപ്പുകൾ

ഹാജരായ അംഗങ്ങൾ:

| | | |
|---|---|---|
| 1. | ഡോ. സി. റ്റി. അരവിന്ദകുമാർ | വൈസ് ചാൻസിലർ (അദ്ധ്യക്ഷൻ) |
| 2. | ശ്രീ. ഹരികൃഷ്ണൻ പി. | സിൻഡിക്കേറ്റംഗം |
| 3. | ഡോ. സുധാകരൻ കെ. എം. | സിൻഡിക്കേറ്റംഗം |
| 4. | ഡോ. ഷജില ബീവി എസ്. | സിൻഡിക്കേറ്റംഗം |
| 5. | ഡോ. ബി. കേരളവർമ്മ | സിൻഡിക്കേറ്റംഗം |
| 6. | ഡോ. ബിജു തോമസ് | സിൻഡിക്കേറ്റംഗം |
| 7. | ഡോ. ആർ. അനിത | സിൻഡിക്കേറ്റംഗം |
| 8. | ഡോ. ബിജു പുഷ്പൻ | സിൻഡിക്കേറ്റംഗം |
| 9. | ഡോ. എ. ജോസ് | സിൻഡിക്കേറ്റംഗം |
| 10. | ഡോ. സിനി കുര്യൻ | സിൻഡിക്കേറ്റംഗം |
| 11. | ഡോ. പി. എസ്. രാധാകൃഷ്ണൻ | സിൻഡിക്കേറ്റംഗം |
| 12. | ഡോ. ബൈജു കെ. ആർ. | സിൻഡിക്കേറ്റംഗം |
| 13. | പ്രൊഫ. നന്ദകുമാർ കളരിക്കൽ | സിൻഡിക്കേറ്റംഗം |
| 14. | ശ്രീ. അമൽ എബ്രഹാം | സിൻഡിക്കേറ്റംഗം |
| 15. | ഡോ. ബാബു മൈക്കിൾ | സിൻഡിക്കേറ്റംഗം |
| 16. | ഡോ. ബീന മാത്യു | സിൻഡിക്കേറ്റംഗം |
| 17. | അഡ്വ. റജി സഖറിയ | സിൻഡിക്കേറ്റംഗം |
| 18. | അഡ്വ. ജോബ് മൈക്കിൾ MLA | സിൻഡിക്കേറ്റംഗം |

രജിസ്ട്രാർ (i/c) ഡോ. ജയചന്ദ്രൻ കെ-യും സന്നിഹിതനായിരുന്നു.

**<u>അനുശോചന പ്രമേയം :</u>**

മഹാത്മാഗാന്ധി സർവകലാശാലയുടെ മുൻ വൈസ് ചാൻസലറും വിദ്യാഭ്യാസ വിചക്ഷണനുമായ പ്രഫ. എ. സുകുമാരൻ നായർ, മുൻ ഭക്ഷ്യ-പൊതുവിതരണ വകുപ്പു മന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ ടി.എച്ച് മുസ്തഫ, സാഹിത്യകാരൻ ജോസഫ് വൈറ്റില, സംഗീത സംവിധായകൻ കെ.ജെ. ജോയ്, ഹിന്ദുസ്ഥാനി സംഗീതജ്ഞൻ പത്മഭൂഷൺ ഉസ്താദ് റാഷിദ്ഖാൻ, നാടക കലാകാരൻ ആലപ്പി ബെന്നി, കഥകളി കലാകാരി കൊട്ടാരക്കര ഭദ്ര, കവിയും കലാ സാംസ്കാരിക പ്രവർത്തകനുമായ കൊടുങ്ങല്ലൂർ നാരായണൻ, കാർഷിക സർവകലാശാലാ പ്ലാനിംഗ് ഡയറക്ടർ ഡോ. അനി എസ്. ദാസ് എന്നിവരുടെ നിര്യാണത്തിൽ മഹാത്മാഗാന്ധി സർവകലാശാലാ സിൻഡിക്കേറ്റ് യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

**<u>റിപ്പോർട്ടിംഗ്</u>**

സർവ്വകലാശായിൽ NAAC വിസിറ്റ് ഫെബ്രുവരി/മാർച്ച് മാസം നടക്കുന്നതിനായുള്ള സാധ്യത വൈസ് ചാൻസലർ യോഗത്തിൽ റിപ്പോർട്ട് ചെയ്തു. FYUGP നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പുരോഗതിയെപ്പറ്റി സിൻഡിക്കേറ്റ് അംഗം ഡോ. ബിജു പുഷ്പൻ യോഗത്തിൽ റിപ്പോർട്ട് ചെയ്തു. മാർ ക്രിസ്റ്റോസ്റ്റം ചെയർ ഉദ്ഘാടനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ബഹു:മുഖ്യമന്ത്രിയുമായ കൂടിക്കാഴ്ച നടത്തിയതായി വൈസ് ചാൻസലർ യോഗത്തിൽ റിപ്പോർട്ട് ചെയ്തു. കറുകച്ചാലിൽ 5 ഏക്കർ സ്ഥലം ചെയർ സ്ഥാപിക്കുന്നതിനായി വിട്ടുകിട്ടുന്നതാണെന്നും, അവിടെ കോഴ്സുകൾ തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ ഉടൻതന്നെ സമർപ്പിക്കുമെന്നും യോഗത്തിൽ റിപ്പോർട്ട് ചെയ്തു. U3A പ്രോഗ്രാമുമായി ബന്ധപ്പെട്ട് കൈപ്പുഴയിൽ സർവ്വകലാശാലയ്ക്ക് 47 സെന്റ് സ്ഥലം ഒരു സ്വകാര്യ വ്യക്തി ഡൊണേറ്റ് ചെയ്യാമെന്ന് അറിയിച്ചതായി വൈസ് ചാൻസലർ യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**അനുമോദനം**

വിശാഖപട്ടണത്തു നടന്ന 37-ാമത് ദക്ഷിണ മേഖലാ അന്തർ സർവകലാശാലാ കലോത്സവത്തിൽ മഹാത്മാ ഗാന്ധി സർവകലാശാല ഓവറോൾ കിരീടം നേടുകയുായി. മത്സരങ്ങളിൽ പങ്കെടുത്ത എല്ലാ വിദ്യാർഥികളെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച ഡി.എസ്.എസിനെയും ഈ സിൻഡിക്കേറ്റ് യോഗം അഭിനന്ദിക്കുന്നു.

മഹാത്മാഗാന്ധി സർവകലാശാലയിലെ 2022-23 വർഷത്തെ ഏറ്റവും മികച്ച നാഷണൽ സർവീസ് സ്കീം യൂണിറ്റിനുള്ള എവർ റോളിംഗ് ട്രോഫി കോട്ടയം സി.എം.എസ് കോളജിന് ലഭിച്ചു. ഇതേ കോളജിലെ ഡോ. വർഗീസ് സി. ജോഷ്വയാണ് മികച്ച എൻ.എസ്.എസ് സൗഹൃദ പ്രിൻസിപ്പൽ. ഇവിടുത്തെതന്നെ ഡോ.കെ.ആർ. അജീഷ് മികച്ച പ്രോഗ്രാം ഓഫീസറായും എസ്. സംയുക്ത, ശ്രീജിത്ത് റജി എന്നിവർ മികച്ച വോളിയർമാരായും തിരഞ്ഞെടുക്കപ്പെട്ടു. ഇവർക്കും പ്രവർത്തന മികവ് വിലയിരുത്തി തയ്യാറാക്കിയ പട്ടികയിൽ മുന്നിലെത്തിയ മറ്റ് യുണിറ്റുകൾക്കും പ്രോഗ്രാം ഓഫീസർമാർക്കും വോളിയർമാർക്കും അഭിനന്ദനങ്ങൾ.

മഹാത്മാഗാന്ധി സർവകലാശാലയിലെ കെ.എൻ. രാജ് സ്കൂൾ ഓഫ് ഇക്കണോമിക്സ് സംഘടിപ്പിച്ച അഖില കേരള ഇൻറർ കൊളീജിയറ്റ് ജനറൽ ക്വിസ് മത്സരം -ഇകോൺസ്പയറിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജ് ഒന്നാം സ്ഥാനം നേടി. മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ലെറ്റേഴ്സിനും തിരുവനന്തപുരം മാർ ഇവാനിയോസ് കോളജിനുമാണ് യഥാക്രമം രും മൂന്നും സ്ഥാനങ്ങൾ. വിജയികളെയും പരിപാടി വിജയകരമായി സംഘടിപ്പിച്ച കെ.എൻ. രാജ് സ്കൂൾ ഓഫ് ഇക്കണോമിക്സിനെയും അഭിനന്ദിക്കുന്നു.

ഇത്തവണത്തെ കേരള കലാമണ്ഡലത്തിന്റെ കഥകളിയിൽ ഉള്ള സമഗ്ര സംഭാവനയ്ക്കുള്ള MKK നായർ പുരസ്കാരം ലഭിച്ച പള്ളം ചന്ദ്രനെ സർവ്വകലാശാല സിൻഡിക്കേറ്റ് യോഗം അനുമോദിക്കുന്നു.

സർവകലാശാലാ കാമ്പസിലെ മരങ്ങളുടെ വിശദ വിവരങ്ങൾ ക്യുആർ കോഡ് സ്കാനിംഗിലൂടെ ഇനി ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായി. കാമ്പസിൽ ആകെ 156 ഇനങ്ങളിൽ പെട്ട 3731 മരങ്ങളുന്നൊണ് കണക്ക്. പലയിനങ്ങളിലും പെട്ട മരങ്ങൾ നിരവധി എണ്ണമു്. വിദ്യാർഥികളും സന്ദർശകരും കൂടുതലായി എത്തുന്ന മേഖലകളിലുള്ള മൂന്നുറോളം മരങ്ങളിലാണ് ഇംഗ്ലീഷിലും മലയാളത്തിലുമുള്ള പേരുകളും ശാസ്ത്രീയ നാമവും ക്യുആർ കോഡുമുള്ള ബോർഡുകൾ സ്ഥാപിച്ചിരിക്കുന്നത്.

ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ സർവകലാശാലയിലെ അഡ്വാൻസ്ഡ് സെന്റർ ഫോർ എൻവയൺമെന്റൽ സ്റ്റഡീസ് ആന്റ് സസ്റ്റൈനബിൾ ഡവലപ്മെന്റിനെയും അവരുമായി സഹകരിച്ച കോട്ടയം വെള്ളൂരിലെ ട്രോപ്പിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇക്കോളജിക്കൽ സ്റ്റഡീസിനെയും സർവേ പ്രവർത്തനങ്ങളിൽ പങ്കാളികളായവരെയും സിൻഡിക്കേറ്റ് യോഗത്തിന്റെ പേരിൽ അഭിനന്ദിച്ചുകൊള്ളുന്നു.

ഒഡീഷയിലെ ഭുവനേശ്വറിൽ നടന്ന അഖിലേന്ത്യാ അന്തർ സർവ്വകലാശാലാ വനിതാ വോളിബോൾ ചാമ്പ്യൻഷിപ്പിൽ കിരീടം നേടിയ എം. ജി. സർവ്വകലാശാല ടീമിന് സർവ്വകലാശാല സിൻഡിക്കേറ്റ് യോഗം അനുമോദനം രേഖപ്പെടുത്തി.

## (I) (a) 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് III 10(17) പ്രകാരം ബഹു. വൈസ് ചാൻസലർ കൈക്കൊണ്ട നടപടികൾ സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നവ:

**ഇനംനമ്പർ 01/24.01/183332/AD A3-2/2022**

**ശ്രീ. രാജേഷ് ആർ, ക്ലറിക്കൽ അസിസ്റ്റന്റ് - കൈക്കൂലി വാങ്ങി എന്ന പരാതിയിന്മേൽ - അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് - സർവ്വകലാശാല ആക്ട് പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട തീരുമാനവും, ടിയാന്റെ സസ്പെൻഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകിയതും - സിൻഡിക്കേറ്റ് മുൻപാകെ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്:**

ഫ്രണ്ട് ഓഫീസ് 3 സെക്ഷനിൽ ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കവേ ശ്രീ.രാജേഷ് ആർ., വിദ്യാർത്ഥിനിയായ ശ്രീമതി സന്ധ്യ സോമനിൽ നിന്നും, ടിയാരിയുടെ ഒറിജിനൽ സർട്ടിഫിക്കറ്റുകൾ വാങ്ങി നല്കുന്നതിനായി പണം വാങ്ങിയെന്ന വിദ്യാർത്ഥിനിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ പ്രാഥമിക അന്വേഷണം നടത്തുകയും, ശ്രീ. രാജേഷ് ആർ-ന് എതിരെ ഉന്നയിക്കപ്പെട്ട പരാതിയിൽ കഴമ്പുണ്ടെന്ന പ്രാഥമിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ

ടിയാനെ അന്വേഷണ വിധേയമായി സർവീസിൽ നിന്നും ഉടൻ പ്രാബല്യത്തിൽ സസ്‌പെൻഡ് ചെയ്തുകൊണ്ടും, ടി വിഷയത്തിന്റെ ഗൗരവ സ്വഭാവം കണക്കിലെടുത്ത് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ശ്രീ ഹരി. പി, ജോയിന്റ് രജിസ്ട്രാർ 2 (ഭ.വി.)-നെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവായിരുന്നു. അന്വേഷണ ഉദ്യോഗസ്ഥൻ ടി വിഷയത്തിൽ സമഗ്രമായ അന്വേഷണം നടത്തുകയും, റിപ്പോർട്ട് സമർപ്പിക്കുകയും തുടർന്ന് അന്വേഷണവുമായി ബന്ധപ്പെട്ട അനുബന്ധ രേഖകൾ സഹിതം അന്വേഷണ റിപ്പോർട്ട് 01.08.2023 തീയതിയിലെ വൈസ് ചാൻസലറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിക്കുകയും ചെയ്തിരുന്നു. 11.09.2023 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സ് പ്രകാരമുള്ള കടുത്ത ശിക്ഷ ചുമത്തുവാൻ തീരുമാനിക്കുകയുണ്ടായി. എന്നാൽ സ്റ്റാറ്റ്യൂട്ട്സ് പ്രകാരമുള്ള കടുത്ത ശിക്ഷ ചുമത്തുമ്പോൾ അന്വേഷണ വിചാരണയിൽ മഹാത്മാഗാന്ധി സർവകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997, ചാപ്റ്റർ 4, പാർട്ട് III സ്റ്റാറ്റ്യൂട്ട് 41 മുതൽ 47 വരെയുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുള്ളതിനാൽ നിലവിലെ അന്വേഷണത്തിന്റെ ഭാഗമായി, സ്റ്റാറ്റ്യൂട്ട് 43 പ്രകാരം പ്രതിവാദ പത്രിക തയ്യാറാക്കുന്നതിന് (നിബന്ധനകൾക്ക് വിധേയം) ആരോപണങ്ങളെ സംബന്ധിച്ച സ്റ്റേറ്റ്മെന്റിൽ പറഞ്ഞിട്ടുള്ള പ്രസക്തമായ റെക്കോർഡുകൾ നോക്കുവാനും, രജിസ്ട്രാർ/ശിക്ഷണാധികാരി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ ഫയൽ എക്സ്ട്രാക്ട്സ് എടുക്കുവാനും, സ്റ്റാറ്റ്യൂട്ട് 46, 47 പ്രകാരമുള്ള ക്രോസ്സ് / സാക്ഷി വിസ്താരത്തിനും ആരോപണ വിധേയനായ ജീവനക്കാരനു അനുമതി നല്കിയിട്ടില്ലായെങ്കിൽ ആയത് പൂർത്തിയാക്കി പരിഷ്കരിച്ച അന്വേഷണ റിപ്പോർട്ട് അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിക്കുവാനും അതുവരെ സിൻഡിക്കേറ്റ് തീരുമാനത്തിന് അനുസൃതമായ മേൽ നടപടികൾ സ്വീകരിക്കുന്നത് മാറ്റിവെയ്ക്കുവാനും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10 (17) ൽ പ്രതിപാദിച്ചിരിക്കുന്ന അധികാരം ഉപയോഗിച്ച് വൈസ് ചാൻസലർ ഉത്തരവിടുകയും തദനുസരണം, 09.10.2023 തീയതിയിലെ ഓഫീസ് ഉത്തരവ് നം. 183332/ADA 3-2/2022/REG SECT പുറപ്പെടുവിക്കുകയും ചെയ്തു. തുടർന്ന്, 08.12.2023 തീയതിയിലെ സർവകലാശാലാ ഉത്തരവ് നം. 12308/AD A3/2023/എം.ജി.യു പ്രകാരം ശ്രീ.രാജേഷ് ആർ-ന്റെ സസ്പെൻഷൻ കാലാവധി 08/12/2023 മുതൽ രണ്ട് മാസത്തേയ്ക്ക് കൂടി തുടരുന്നും ദീർഘിപ്പിക്കുന്നതിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

മേൽപറഞ്ഞ വിഷയങ്ങൾ സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 02/24.01/AcB1/1/3004/2019**

**സ്വകാര്യ എയ്ഡഡ് കോളേജുകൾ - ഡ്രോയിംഗ്& ഡിസ്ബേഴ്സിംഗ് ഓഫീസറായി നിയമിതരാകുന്ന അദ്ധ്യാപകരുടെ നിയമന കാലയളവ് 31.03.2024 വരെ അന്തിമമായി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള അനുമതി -മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985 അദ്ധ്യായം(3) വകുപ്പ് 10(17) പ്രകാരം ബഹു വൈസ് ചാൻസലർ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിച്ചത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർ നിയമനം സംബന്ധിച്ചുള്ള ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 27.09.2023 ലെ കത്ത് നമ്പർ HEDN-D1/142/2023 HEDN-ലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിലെ പ്രായോഗികവും നിയമപരവുമായ ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിലും, സർവകലാശാല നിയമോപദേശകൻ ചൂണ്ടിക്കാണിച്ചിട്ടുള്ള നിയമപരമായ വിഷയങ്ങൾ കണക്കിലെടുത്തും എയ്ഡഡ് കോളജുകളിലെ സ്റ്റാഫ്, ഫാക്കൽട്ടി എന്നിവരുടെ ശമ്പളവിതരണം തടസ്സപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർ നിയമന കാലാവധി ചുവടെ കൊടുത്തിരിക്കുന്ന ഉപാധികളോടെ 31.03.2024 വരെ അന്തിമമായി ദീർഘിപ്പിച്ചു നൽകുവാൻ തീരുമാനിച്ചു

i) സ്ഥിരം പ്രിൻസിപ്പൽ തസ്തിക ഒഴിഞ്ഞുകിടക്കുന്ന എല്ലാ എയ്ഡഡ് കോളജുകളും 31-03-2024 നകം പ്രിൻസിപ്പൽ നിയമന നടപടികൾ പൂർത്തിയാക്കേണ്ടതും, നിയമനങ്ങൾ അംഗീകരിക്കുന്നതിനായുള്ള ശുപാർശകൾ സർവകലാശാലയിൽ സമർപ്പിക്കേണ്ടതുമാണ്.

ii)31-03-2024 ന് ശേഷം നിയമനം നീട്ടി നൽകുന്നത് യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല

പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിനായി മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ച നടപടിയും, തദനുസരണം പുറപ്പെടുവിച്ച 12.12.2023 ലെ 12397/ACB1/2023/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 03/24.01/69643/P&D 2-1/2023**

**സർവ്വകലാശാലയിൽ നിലവിലുള്ള Internet Leased Line (ILL) കണക്ഷന്റെ ഇന്റർനെറ്റ് ശേഷി ബാൻഡ് വിഡ്ത് 120 Mbps - ൽ നിന്നും 300 Mbps ആയി വർദ്ധിപ്പിക്കുന്നത് - പുതിയ ഒരു 300 Mbps ILL കണക്ഷൻ ലഭ്യമാക്കുന്നതിനായി BSNL അധികൃതർ സമർപ്പിച്ച പ്രൊപ്പോസൽ സ്വീകരിക്കുന്നത് - മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ ഉത്തരവായത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

സർവ്വകലാശാലയിൽ നിലവിൽ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന BSNL 120 Mbps ILL Connection 300 Mbps ആയി വർധിപ്പിച്ചുകൊണ്ടുള്ള ILL കണക്ഷനും (Rs. 8,00,000/- per annum + GST), പുതിയ ഒരു BSNL 300 Mbps ILL കണക്ഷൻ Rs.8,00,000/- per annum + GST എന്ന നിരക്കിൽ എടുക്കുന്നതിനും, സർവ്വകലാശാലയിൽ നിലവിലുള്ള മറ്റൊരു ഇന്റർനെറ്റ് ദാതാവായ ഏഷ്യാനെറ്റിന്റെ Broadband കണക്ഷന്റെ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് അവരുടെ സേവനങ്ങൾ അവസാനിപ്പിക്കുന്നതിനും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 23.12.2023-ലെ 12853/P&D 2/2023/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 04/24.01/159331/AC B6-1/2023**

**CAP 2023 പ്രവേശന സംബന്ധമായ ക്രമക്കേടുകൾ പരിശോധിക്കുന്നതിന് നിയോഗിച്ച അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് - വൈസ് ചാൻസലറുടെ ചുമതല വഹിയ്ക്കുന്ന പ്രൊഫസർ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം III സെക്ഷൻ 10 (17) പ്രകാരം കൈക്കൊണ്ട നടപടി റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

2023 - 24 അദ്ധ്യയന വർഷം യു.ജി./പി.ജി. പ്രവേശനവുമായി ബന്ധപ്പെട്ട് പരീക്ഷ വിഭാഗത്തിൽ നിന്നും കണ്ടെത്തുന്ന അഡ്മിഷൻ സംബന്ധമായ ക്രമക്കേടുകൾ പരിശോധിക്കുന്നതിന് നിയോഗിക്കപ്പെട്ട അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്മേൽ ബഹു. വൈസ് ചാൻസലറുടെ ചുമതല വഹിയ്ക്കുന്ന പ്രൊഫസർ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം III സെക്ഷൻ 10 (17) പ്രകാരം കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച 22.12.2023-ലെ 12805/ACB6/2023/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 05/24.01/157921/AD A9-2/2023**

**2023 - 2024 ലെ അന്തർ കലാലയ/ സർവ്വകലാശാലാ കായിക മത്സരങ്ങളുടെ നടത്തിപ്പ് ചെലവിലേയ്ക്കായി (രണ്ടാം ഗഡു തുക) താൽക്കാലിക മുൻകൂർ തുകയായി ₹ 35,00,000/-(മുപ്പത്തഞ്ച് ലക്ഷം രൂപ മാത്രം) സ്പെസ്സ് ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസിന്റെ പേരിൽ, മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985 ചാപ്റ്റർ III സെക്ഷൻ 10 (17) പ്രകാരം അനുവദിച്ചത് - സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

07.12.2023 ൽ കൂടിയ സർവ്വകലാശാലാ ബോർഡ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് യോഗത്തിന്റെ മിനിറ്റ്സ് ഐറ്റം No.2 പ്രകാരം 2023 - 24 അന്തർ കലാലയ / അന്തർ സർവകലാശാല ടൂർണമെന്റുകൾ 2023 ഡിസംബർ, 2024 ജനുവരി മാസങ്ങളായി നടത്തുന്നതിന്റെ ചെലവിലേക്കായി രണ്ടാം ഗഡു തുക ₹ 35,00,000/-(മുപ്പത്തഞ്ച് ലക്ഷം രൂപ മാത്രം) താത്കാലിക മുൻകൂർ തുകയായി അനുവദിക്കണമെന്നും ആയത് SPESS ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസ് -ന്റെ പേരിൽ അനുവദിക്കണമെന്നും അപേക്ഷിച്ചിരിക്കുന്നു.

അപേക്ഷയുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് 2023-24 ലെ അന്തർ കലാലയ/ സർവ്വകലാശാലാ കായിക മത്സരങ്ങളുടെ സുഗമമായ നടത്തിപ്പിനായി രണ്ടാം ഗഡു തുക ₹35,00,000/- (മുപ്പത്തഞ്ച് ലക്ഷം രൂപ മാത്രം) താത്കാലിക മുൻകൂർ തുകയായി SPESS ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസ്-ന്റെ പേരിൽ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം III സെക്ഷൻ 10 (17) പ്രകാരം താൽക്കാലിക മുൻകൂറായി അനുവദിച്ച് വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 18.12.2023-ലെ 12688/AD A 9/2023/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 06/24.01/175943/AC A1-2/2022**

**പിന്നോക്ക സമുദായ വികസന വകുപ്പ് - സർക്കാർ ഉത്തരവ് (കൈ) നമ്പർ 07/2016/പി.സ.വി.വ. തീയതി 25.08.2016 - സർവ്വകലാശാലയിൽ നടപ്പിലാക്കുന്നത് - വൈസ് ചാൻസലർ കൈക്കൊണ്ട നടപടി - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

പിന്നോക്ക സമുദായ വികസന വകുപ്പ് - മറ്റർഹ വിഭാഗത്തിൽപ്പെട്ട (OEC) വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന എല്ലാ വിദ്യഭ്യാസ ആനുകൂല്യങ്ങളും 23.05.2014 - ലെ സ .ഉ (എം .എസ് ) നം.10/2014/പി .സ .വി .വ. - യുടെ അനുബന്ധ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള 30 സമുദായങ്ങൾക്കും കൂടി ലഭിക്കുന്നതിന് വേണ്ട വരുമാന പരിധി 6 ലക്ഷം രൂപയാക്കി വർധിപ്പിച്ച നടപടിക്ക് സാധൂകരണം നൽകിയും ടി ഉത്തരവിലെ ക്രമ നമ്പർ 7 - ന് -നിലവിൽ പിന്നോക്ക സമുദായങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള വാണിക-വൈശ്യ തുടങ്ങിയ വിഭാഗങ്ങളിൽപ്പെട്ട സമുദായങ്ങൾക്കും വാർഷിക വരുമാന പരിധി ആറ് ലക്ഷം രൂപ കവിയരുതെന്ന നിബന്ധനയ്ക്ക് വിധേയമായി, ഒ ഇ സി വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ചും സ്പഷ്ടീകരണം നൽകി ഭേദഗതി ചെയ്തുകൊണ്ട് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് സ.ഉ(കൈ) നമ്പർ.07/2016/പി.സ.വി.വ. തീയതി 25.08.2016 സർവ്വകലാശാലയിൽ നടപ്പാക്കുന്നതിന് 06.01.2023-ന് കൂടിയ സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി - എക്സാമിനേഷൻ മിനിറ്റ്സ് ഇനം നമ്പർ. 175943/ACA1/2/2022 പ്രകാരം ശുപാർശ ചെയ്യു. ടി ശുപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച 17.01.2023 തീയതിയിലെ 175943/AC A1/2/2023/AC A1 നമ്പർ പുറത്തെഴുത്തും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 07/24.01/153254/ACA3-2/2023**

**മാർ ക്രിസോസ്റ്റം ചെയറിന്റെ പ്രവർത്തനങ്ങൾക്കായി ₹8,00,000/- (എട്ടുലക്ഷം രൂപ മാത്രം) താൽക്കാലിക മുൻകൂർ തുകയായി ചെയർ കോ-ഓർഡിനേറ്ററായ ഡോ. എം എച്ച് ഇല്യാസ്-ൻറെ പേരിൽ അനുവദിച്ച വൈസ് ചാൻസലറുടെ നടപടി -സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്:-**

മാർ ക്രിസോസ്റ്റം ചെയർ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ തീരുമാനപ്രകാരം ചെയറിന്റെ ഭാഗമായി ലെക്ചർ സീരിസ്, കോൺഫറൻസുകൾ, മറ്റ് അക്കാദമിക് പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതിന് ₹4,00,000/- (നാല് ലക്ഷം രൂപ മാത്രം) മുൻകൂർ തുകയായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ചെയർ കോ-ഓർഡിനേറ്റർ ആയ ഡോ. എം എച്ച് ഇല്ലിയാസ് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ചെയറിന്റെ ഭാഗമായി പരിപാടികൾ സംഘടിപ്പിക്കുന്നതിന് ചെയർ പ്രൊഫസറും, International Visiting Fellow-യും ഉടനടി എത്തിച്ചേരുന്നതിനാൽ ആയതിന്റെ സന്ദർശന ചെലവുകൾക്കും കൂടി പ്രസ്തുത തുക അപര്യാപ്തമായതിനാൽ, ടി ആവശ്യത്തിലേക്കായി ₹8,00,000/-(എട്ട് ലക്ഷം രൂപ മാത്രം) മുൻകൂർ തുകയായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ചെയർ കോ-ഓർഡിനേറ്ററായ ഡോ. എം എച്ച് ഇല്ലിയാസ് വീണ്ടും അപേക്ഷ സമർപ്പിക്കുകയുണ്ടായി.

ചെയർ കോ-ഓർഡിനേറ്ററുടെ അപേക്ഷ പരിഗണിച്ച്, മാർ ക്രിസോസ്റ്റം ചെയറിന്റെ ഭാഗമായി ലെക്ചർ സീരിസ്, കോൺഫറൻസുകൾ, മറ്റ് അക്കാദമിക് പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതിനും ചെയർ പ്രൊഫസറുടേയും, International Visiting Fellow-യുടേയും സന്ദർശന ചെലവുകൾക്കായും ₹8,00,000/- (എട്ട് ലക്ഷം രൂപാ മാത്രം) താൽക്കാലിക മുൻകൂർ തുകയായി ചെയർ കോ-ഓർഡിനേറ്ററും സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ് പ്രൊഫസറുമായ ഡോ. എം എച്ച് ഇല്ലിയാസ്-ൻറെ പേരിൽ അനുവദിക്കുവാൻ വൈസ് ചാൻസലർ ഉത്തരവാകുകയും തദനുസരണം 12.12.2023 തീയതിയിലെ സ.ഉ.നം. 12442/AD A 9/2023/MGU പുറപ്പെടുവിക്കുകയും ചെയ്യു.

മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ കൈകൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവകലാശാലാ ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

ഇനംനമ്പർ 08/24.01/116655/AC A3-3/2023

**ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല നിലവിൽ വന്നതിനുശേഷം മഹാത്മാഗാന്ധി സർവകലാശാലയിൽ ബാച്ചുകൾ ഇല്ലാത്ത പ്രോഗ്രാമുകളിലേക്ക് റീ-അഡ്മിഷന് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് പൂർത്തിയാക്കാൻ അവസരം നൽകുന്നത് സംബന്ധിച്ച് നടന്ന യോഗത്തിന്റെ ശിപാർശകൾ വൈസ് ചാൻസലർ, മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10 (17)-ൽ അനുശാസിക്കുന്ന അധികാരമുപയോഗിച്ച് അംഗീകരിച്ചത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

2021-22 അക്കാദമിക വർഷം വരെ പ്രൈവറ്റ് രജിസ്ട്രേഷനിലൂടെ മഹാത്മാഗാന്ധി സർവകലാശാലയിൽ നടത്തിയിരുന്നതും എന്നാൽ ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല നിലവിൽ വന്നതിനാൽ 2022-23 അക്കാദമിക വർഷത്തിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നോട്ടിഫിക്കേഷൻ നടത്താതിരുന്നതു മൂലം റെഗുലർ ബാച്ച് ഇല്ലാതായതുമായ യു.ജി വിഭാഗത്തിലെ B.A English Language & Literature, B.A Sanskrit Language & Literature (General), B.A Malayalam, B.A Hindi, B.A Arabic എന്നീ കോഴ്സുകളിലേയും പി.ജി വിഭാഗത്തിലെ M.A English Language & Literature, M.A Malayalam എന്നീ കോഴ്സുകളിലേയും 2022-23 ബാച്ചിലേക്ക് പുനഃപ്രവേശനം ആവശ്യപ്പെടുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് പൂർത്തിയാക്കുന്നതിന് അവസരം നൽകുന്നത് സംബന്ധിച്ച തീരുമാനം കൈകൊള്ളുന്നതിലേക്കായി 02.12.2023 തീയതിയിൽ യോഗം ചേർന്നിരുന്നു.

ടി യോഗത്തിൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ, കോഴ്സ് പൂർത്തിയാക്കുന്നതിന് അവസരം നൽകുന്നതിൽ സാങ്കേതിക തടസങ്ങൾ ഇല്ല എന്ന് നിരീക്ഷിച്ചു. തുടർന്ന് യോഗം പരാമർശം പ്രകാരം താഴെ പറയുന്ന കാര്യങ്ങൾ ശിപാർശ ചെയ്തു.

1. നിലവിൽ 2023-24 അക്കാദമിക വർഷത്തിലെ മൂന്നാം സെമസ്റ്ററിലേക്ക് റീ-അഡ്മിഷന് അപേക്ഷ സമർപ്പിച്ചിരുന്ന 2019 അഡ്മിഷൻ വിദ്യാർത്ഥികളായ Jisha T (B.A Hindi Language & Literature, അപേക്ഷ സമർപ്പിച്ച തീയതി :14.11.2023)-നും Joice Mary Antony ( B.A English Language & Literature അപേക്ഷ സമർപ്പിച്ച തീയതി :29.10.2023) 2021 അഡ്മിഷൻ വിദ്യാർത്ഥികളായ Ceegee George Chamakala (B.A English Language & Literature അപേക്ഷ സമർപ്പിച്ച തീയതി :08.09.2023) Athulya Prasad (B.A Malayalam Language & Literature അപേക്ഷ സമർപ്പിച്ച തീയതി :14.11.2023) എന്നിവർക്ക് പുനഃ പ്രവേശനത്തിന് അപേക്ഷ സമർപ്പിച്ച തീയതി മുതൽ പ്രാബല്യത്തിൽ പുനഃ പ്രവേശനം അനുവദിക്കാമെന്നും അവർ അടുത്തതായി രജിസ്റ്റർ ചെയ്യേണ്ട സെമസ്റ്റർ പരീക്ഷ കഴിഞ്ഞതിനാൽ ടി പരീക്ഷക്ക് നോഷണൽ രജിസ്ട്രേഷൻ ഒരു പ്രത്യേക കേസ് ആയി പരിഗണിച്ച് അനുവദിക്കാമെന്നും, അവർ തുടർന്ന് രജിസ്റ്റർ ചെയ്യേണ്ട സെമസ്റ്ററുകളുടെ പരീക്ഷകൾ റെഗുലർ ചാൻസ് ആയി പരിഗണിക്കാമെന്നും
2. ഈ സർവ്വകലാശാലയുടെ കീഴിൽ പ്രൈവറ്റ് രജിസ്ട്രേഷൻ വഴി രജിസ്റ്റർ ചെയ്തിട്ടുള്ളതും എന്നാൽ ഇടക്ക് പ്രോഗ്രാം ഡിസ് കണ്ടിന്യൂ ചെയ്തതുമായ വിദ്യാർത്ഥികൾക്ക് അവർ രജിസ്റ്റർ ചെയ്ത പ്രോഗ്രാമിന് ബാധകമായ റെഗുലേഷൻ നിഷ്കർഷിക്കുന്ന കാലയളവിനുള്ളിൽ പ്രോഗ്രാം പൂർത്തിയാക്കാൻ സാധിക്കുന്നു എങ്കിൽ പുനപ്രവേശനം അനുവദിക്കാമെന്നും തുടർന്ന് അവർ രജിസ്റ്റർ ചെയ്യേണ്ട പരീക്ഷകൾ റെഗുലർ ചാൻസ് ആയി പരിഗണിക്കാമെന്നും
3. പരീക്ഷ വിജ്ഞാപനം പുറപ്പെടുവിക്കുന്ന സമയത്ത് റീ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക് ബാധകമായ പരീക്ഷകൾ ഏതൊക്കെ എന്ന് പരാമർശിക്കേണ്ടതാണെന്നുള്ള നിർദ്ദേശം EA1 സെക്ഷന് നൽകുന്നതിനും
4. ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല നിലവിൽ വന്നതിനുശേഷം മഹാത്മാഗാന്ധി സർവകലാശാലയിൽ ബാച്ച് ഇല്ലാതായ യു.ജി & പി.ജി പ്രോഗ്രാമുകളിലേക്ക് സമാനരീതിയിലുള്ള എല്ലാ റീ-അഡ്മിഷൻ അപേക്ഷകൾക്കും മേൽ തീരുമാനങ്ങൾ ബാധകമാക്കാമെന്നും യോഗം ശിപാർശ ചെയ്തു.

മേൽ ശിപാർശകൾ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസിലർ 12.12.2023 തീയതിയിൽ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 15.12.2023 തീയതിയിലെ 12581/AC A3/2023/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

ഇനംനമ്പർ 09/24.01/28335/P&D 1-1/2022

**മഹാത്മാഗാന്ധി സർവ്വകലാശാല ലൈബ്രറി റീ മോഡലിംഗ് & ഫർണിഷിങ് ചെയ്യുന്ന പ്രവൃത്തിയുടെ ഫസ്റ്റ് & പാർട്ട് ബിൽ തുകയായ 25,86,309/- രൂപ കരാറുകാരന് അനുവദിച്ചുകൊണ്ട വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985-ലെ അധ്യായം 3 പരിച്ഛേദം 10 (17) പ്രകാരം ഉത്തരവായതും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിന്റിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച് :-**

സർവ്വകലാശാല ലൈബ്രറി റീ മോഡലിംഗ് & ഫർണിഷിങ് ചെയ്യുന്ന പ്രവൃത്തിയുടെ ഫസ്റ്റ് & പാർട്ട് ബിൽ തുകയായ 25,86,309/- രൂപ കരാറുകാരന് നൽകുന്നതിനായി സർവ്വകലാശാല എൻജിനീയർ അപേക്ഷ സമർപ്പിച്ചിരിന്നു.

മേൽ സൂചിപ്പിച്ചിരിക്കുന്ന പ്രവൃത്തി ധനകാര്യ വിഭാഗം പരിശോധിക്കുകയും പ്രസ്തുത പ്രവർത്തിയുടെ ഫസ്റ്റ് & പാർട്ട് ബിൽ തുകയായ 25,86,309/- രൂപ അനുവദിക്കാവുന്നതാണെന്നും മേൽ തുകയിൽ നിന്നും നിയമാനുസൃതമായ കിഴിവുകൾ വകയിരുത്തേണ്ടതാണെന്നും ശുപാർശ ചെയ്തു. ടി ശുപാർശ വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം III സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 22.12.2023 തീയതിയിലെ 12819/ പി & ഡി 1/ 2023/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

ഇനംനമ്പർ 10/24.01/85992/P&D 1-1/2023

**മഹാത്മാഗാന്ധി സർവ്വകലാശാല ഡിപ്പാർട്ട്മെന്റായ സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് കെട്ടിടത്തിന്റെ പെയിന്റിംഗ് പ്രവൃത്തിയുടെ ഫസ്റ്റ് & പാർട്ട് ബിൽ തുകയായ 5,00,000/- രൂപ കരാറുകാരന് അനുവദിച്ചുകൊണ്ട വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985-ലെ അധ്യായം 3 പരിച്ഛേദം 10 (17) പ്രകാരം ഉത്തരവായതും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിന്റിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച് :-**

മഹാത്മാഗാന്ധി സർവ്വകലാശാല ഡിപ്പാർട്ട്മെന്റായ സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് കെട്ടിടത്തിന്റെ പെയിന്റിംഗ് പ്രവൃത്തിയുടെ ഫസ്റ്റ് & പാർട്ട് ബിൽ തുകയായ 5,00,000/- രൂപ കരാറുകാരന് നൽകുന്നതിനായി സർവ്വകലാശാല എൻജിനീയർ അപേക്ഷ സമർപ്പിച്ചിരിന്നു.

മേൽ സൂചിപ്പിച്ചിരിക്കുന്ന പ്രവൃത്തി ധനകാര്യ വിഭാഗം പരിശോധിക്കുകയും പ്രസ്തുത പ്രവൃത്തിയുടെ ഫസ്റ്റ് & പാർട്ട് ബിൽ തുകയായ 5,00,000/- രൂപ അനുവദിക്കാവുന്നതാണെന്നും മേൽ തുകയിൽ നിന്നും നിയമാനുസൃതമായ കിഴിവുകൾ വകയിരുത്തേണ്ടതാണെന്നും ശുപാർശ ചെയ്തു. ടി ശുപാർശ വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം III സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 21.12.2023 തീയതിയിലെ 12778/ പി & ഡി 1/ 2023/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

ഇനംനമ്പർ 11/24.01/128143/ACB4-3/2023

**മാറമ്പള്ളി എം ഇ എസ് കോളേജിലെ അദ്ധ്യാപകരായ ഡോ. റഫീക പി എം, ഡോ. ഷെമി പി എം, ശ്രീമതി റജീന കെ എ എന്നിവർ ഫയൽ ചെയ്ത WP(C) No.32739 OF 2023 പെറ്റീഷനിൽ ബഹു.കേരള ഹൈക്കോടതിയുടെ 09.10.2023 തീയതിയിലെ - വിധിന്യായം - പരിശോധന സമിതി റിപ്പോർട്ട് - ബഹു. വൈസ് ചാൻസലർ മഹാത്മഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III വകുപ്പ് 10(17) പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

മാറമ്പള്ളി എം.ഇ.എസ് കോളേജിലെ അദ്ധ്യാപകരായ ഡോ. റഫീക പി എം, ഡോ. ഷെമി പി എം, ശ്രീമതി റജീന കെ എ എന്നിവർ ഫയൽ ചെയ്ത WP(C) No.32739 of 2023 പെറ്റീഷനിൽ ബഹു.കേരള

ഹൈക്കോടതിയുടെ 09.10.2023 തീയതിയിലെ വിധിന്യായ പ്രകാരം ഹർജിക്കാരുടെ വാദം കേട്ട്, റിപ്പോർട്ട് സമർപ്പിക്കുവാൻ പരിശോധന സമിതിയെ നിയോഗിച്ചു കൊണ്ട് ബഹു. വൈസ് ചാൻസലർ ഉത്തരവായിരുന്നു. തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

സർവകലാശാല സിൻഡിക്കേറ്റ് ഹാളിൽ 07.12.2023 തീയതിയിൽ ടി കേസിലെ ഹർജിക്കാരുടെ വാദം കേട്ട ശേഷം പരിശോധന സമിതി സമർപ്പിച്ച റിപ്പോർട്ട് വൈസ് ചാൻസലർ, മഹാത്മഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 01.01.2024 തീയതിയിലെ 21/ACB4/2024/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ബഹു. ഹൈക്കോടതിയുടെ 09.10.2023 തീതിയിലെ WP(C) No. 32739 OF 2023-ന്മേലുള്ള വിധിന്യായം ഇതിൻപ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. മേൽ പരാമർശിച്ച പ്രകാരം, ടി വിഷയവുമായി ബന്ധപ്പെട്ട് കൈക്കൊണ്ടിട്ടുള്ള നടപടികൾ സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 12/24.01/250/AC B6-1/2024**

**CAP 2023 പ്രവേശന സംബന്ധമായ ക്രമക്കേടുകൾ പരിശോധിക്കുന്നതിന് നിയോഗിച്ച അന്വേഷണ കമ്മീഷൻ 30.12.2023 ൽ സമർപ്പിച്ച റിപ്പോർട്ട് - വൈസ് ചാൻസലറുടെ ചുമതല വഹിയ്ക്കുന്ന പ്രൊഫസർ, മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം III സെക്ഷൻ 10 (17) പ്രകാരം കൈക്കൊണ്ട നടപടി റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

2023-24 അദ്ധ്യയന വർഷം യു.ജി./പി.ജി. പ്രവേശനവുമായി ബന്ധപ്പെട്ട് പരീക്ഷ വിഭാഗത്തിൽ നിന്നും കണ്ടെത്തുന്ന അഡ്മിഷൻ സംബന്ധമായ ക്രമക്കേടുകൾ പരിശോധിക്കുന്നതിന് നിയോഗിക്കപ്പെട്ട അന്വേഷണ കമ്മീഷൻ 30.12.2023-ൽ സമർപ്പിച്ച റിപ്പോർട്ടിന്മേൽ 30.12.2023-ൽ വൈസ് ചാൻസലറുടെ ചുമതല വഹിയ്ക്കുന്ന പ്രൊഫസർ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം III സെക്ഷൻ 10 (17) പ്രകാരം കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച 03.01.2024-ലെ 80/ACB6/2024/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 13/24.01/109782/AC A1-3/2023**

**കോപ്പറേറ്റീവ് സ്കൂൾ ഓഫ് ലോ, തൊടുപുഴ - 2024-2025 അദ്ധ്യയന വർഷം മുതൽ 60 സീറ്റുകളോടുകൂടി** Three year Unitary LL.B, Five year Integrated B A LL.B (Hons) **എന്നീ പ്രോഗ്രാമുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പരിശോധന സമിതിയിൽ വിഷയ വിദഗ്ദ്ധയെ നിയമിച്ചുകൊണ്ട് മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം ബഹു. വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ കൈകൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ ലോ കോളേജായ കോപ്പറേറ്റീവ് സ്കൂൾ ഓഫ് ലോ, തൊടുപുഴ 2024-2025 അദ്ധ്യയന വർഷം മുതൽ 60 സീറ്റുകളോടുകൂടി Three year Unitary LL.B, Five year Integrated B A LL.B (Hons) എന്നീ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനായി മതിയായ ഫീസടച്ചുകൊണ്ടു അപേക്ഷ സമർപ്പിച്ചിരുന്നു. 24.11.2023 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം ടി അപേക്ഷ പരിഗണിക്കുകയും സർവകലാശാല ഉത്തരവ് നം. 12245/ACA1/2023/MGU തീയതി: 07.12.2023 പ്രകാരം പരിശോധന സമിതിയെ നിയമിക്കുകയും ചെയ്തിരുന്നു.
പ്രസ്തുത പരിശോധന സമിതിയിൽ വിഷയ വിദഗ്ധയായി ഡോ. പ്രേംസി പി. എൻ., അസ്സോസിയേറ്റ് പ്രൊഫസ്സർ., ഗവ: ലോ കോളേജ്, എറണാകുളം-നെ നിയമിച്ചുകൊണ്ട് വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസ്സർ, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച 03.01.2024 തീയതിയിലെ 41/ACA1/2024/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

## (b) സിൻഡിക്കേറ്റിലേക്കുള്ള റിപ്പോർട്ട് (മറ്റിനം)

**ഇനംനമ്പർ 14/23.08/133657/Ac B2-3/2023** **സ്വകാര്യ എയ്ഡഡ് കോളേജുകൾ - കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജ് മാനേജരുടെ നിയമനം - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്:**

ഇനം പിൻവലിച്ചു.

**ഇനംനമ്പർ 15/24.01/147615/AC B1-1/2023** **സ്വകാര്യ എയ്ഡഡ് കോളേജുകൾ - സെന്റ് തോമസ് കോളേജ് , കോഴഞ്ചേരി- കോളേജ് മാനേജരുടെ മാറ്റം - സിൻഡിക്കേറ്റ് മുൻപാകെ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

കോഴഞ്ചേരി സെന്റ് തോമസ് കോളേജിന്റെ മാനേജർ സ്ഥാനത്തേക്ക് മലങ്കര മാർത്തോമാ സുറിയാനി സഭ പരമാധ്യക്ഷന്റെ 30.10.2023 ലെ നിയമന കത്തിലൂടെ Rt.Rev.Dr എബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പായ്ക്ക് പകരമായി 2023 നവംബർ 01 മുതൽ Rt. Rev.Dr ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രോപ്പോലീത്ത നിയമിതനായി എന്ന് സെന്റ് തോമസ് കോളേജ്, കോഴഞ്ചേരി പ്രിൻസിപ്പൽ ഇൻ ചാർജ്ജ് സർവ്വകലാശാലയെ അറിയിച്ചിരിക്കുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997, അദ്ധ്യായം 23,സ്റ്റാറ്റ്യൂട്ട് 19 (2) പ്രകാരം അഫിലിയേറ്റഡ് കോളേജുകളിലെ ഗവേർണിംഗ് ബോഡി (യൂണിറ്ററി മാനേജ്മെന്റ്) അല്ലെങ്കിൽ മാനേജിങ് കൗൺസിൽ (കോർപ്പറേറ്റ് മാനേജ്മെന്റ്) എന്നിവയിലെ മാറ്റങ്ങൾ സർവ്വകലാശാല സിൻഡിക്കേറ്റ് മുൻപാകെ റിപ്പോർട്ട് ചെയ്യേണ്ടതായിട്ടുണ്ട് ( *"All changes in the membership of the Governing Body or the Managing Council and all appointments, transfers, promotions,demotions or dismissals of teachers of the colleges with name, qualification and designation shall forthwith be reported to the Syndicate.").*കൂടാതെ,മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം VIII, സെക്ഷൻ 54 (2) - പ്രകാരം യൂണിറ്ററി മാനേജ്മെന്റ്-ന്റെ കീഴിൽ വരുന്ന പ്രൈവറ്റ് കോളേജുകളിലെ മാനേജർ, ഗവേർണിംഗ് ബോഡിയുടെ ചെയർമാൻ ആണെന്ന് പരാമർശിച്ചിട്ടുണ്ട്.

ടി വിഷയം സർവ്വകലാശാല സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

## II. ക്രമ ഇനങ്ങൾ

## (i) നടപ്പ് ഇനങ്ങൾ

**ഇനംനമ്പർ 16/24.01/126839/AC B5-1/2023** **അക്കാദമിക് കൗൺസിൽ യോഗത്തിന്റെ നടപടികുറിപ്പിന്റെ എക്സ്ട്രാറ്റ് - നമ്പർ 08 -എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ സ്ഥാനക്കയറ്റം - സ്ക്രീനിംഗ്/ സെലക്ഷൻ കമ്മിറ്റികൾ- പരിഷ്കരിക്കുന്നത് - സംബന്ധിച്ച്.**

തീരുമാനം കൈക്കൊണ്ടതിനാൽ ഫയൽ മടക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 17/24.01/105483/AC B1-1/2023** **സ്വകാര്യ എയ്ഡഡ് കോളേജുകൾ-ഇടകൊച്ചി അക്വിനാസ് കോളേജിൽ പ്രിൻസിപ്പലായി ഡോ.ജോസഫ് ജോണിന്റെ നിയമനം - അംഗീകരിക്കുന്നത് സംബന്ധിച്ച് .**

ഇടകൊച്ചി, അക്വിനാസ് കോളേജ് പ്രിൻസിപ്പാളായി സ്ഥാനക്കയറ്റം മുഖേന നിയമിതനായ ഡോ. ജോസഫ് ജോണിന് യുജിസി റെഗുലേഷൻസ് 2018 4.1(V) (A) പ്രകാരം പ്രിൻസിപ്പാൾ തസ്തികയിലേക്ക് നിയമിതിനാകുന്നതിനുള്ള യോഗ്യതയുള്ളതിനാൽ ടിയാന്റെ നിയമനം SLP No. 5780/2023 മേലുള്ള ബഹു സുപ്രീം കോടതിയുടെ അന്തിമവിധിക്ക് വിധേയമായി 14.08.2023 പൂർവ്വാഹ്നം മുതൽ ടിയാന്റെ വിരമിക്കൽ തീയതിവരെയോ അല്ലേങ്കിൽ 5 വർഷം വരെയോ ഏതാണോ ആദ്യം അതുവരെ അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 18/24.01/72127/AC A1-1/2022**

**ശ്രീ ശങ്കര വിദ്യാപീഠം കോളേജ്, വളയൻചിറങ്ങര – സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2022 -'23 അദ്ധ്യയന വർഷം പുതുക്കി നല്കുന്നത്-സംബന്ധിച്ച്:-**

വളയൻചിറങ്ങര, ശ്രീ ശങ്കര വിദ്യാപീഠം കോളേജിൽ നടത്തുന്ന സ്വാശ്രയ കോഴ്സുകളുടെ താൽക്കാലിക അഫിലിയേഷൻ 2022-23 അദ്ധ്യയനവർഷം പുതുക്കി നൽകുന്നതുമായി ബന്ധപ്പെട്ട് നിയോഗിച്ച പരിശോധനാസമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും, ടി കോളേജിലെ താഴെപ്പറയുന്ന സ്വാശ്രയ കോഴ്സുകളുടെ താൽക്കാലിക അഫിലിയേഷൻ, വിവിധ ഇനങ്ങളിൽ സർവ്വകലാശാലയ്ക്ക് നൽകാനുള്ള ഫീസ് കോളേജിൽ നിന്ന് ഒടുക്കിയ ശേഷം മാത്രം 2022-23 അദ്ധ്യയനവർഷം സർക്കാരിന്റെ അനുമതിക്ക വിധേയമായി പുതുക്കി നൽകുന്നതിനും തീരുമാനിച്ചു.

| Name of College | Course |
|---|---|
| Sree Sankara Vidyapeetom College, Valayanchirangara | •B.Com Computer Applications Model I<br>•M.Com Finance and Taxation<br>•M.Com Marketing and International Business<br>•B.Voc Tourism & Hospitality Management |

**ഇനംനമ്പർ 19/24.01/144390/AC A1-1/2023**

**അൽ അമീൻ കോളേജ്, ഇടത്തല – സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2023 -'24 അദ്ധ്യയന വർഷം പുതുക്കി നല്കുന്നത്-സംബന്ധിച്ച്:-**

ഇനം പിൻവലിച്ചു.

**ഇനംനമ്പർ 20/24.01/134540/AC A7-3/2023**

**സെൻറ് ആൻസ് കോളേജ്, അങ്കമാലി, എറണാകുളം – BA English Language and Literature Model II Journalism, M Com finance and Taxation എന്നീ പ്രോഗ്രാമുകൾ സ്ഥിരമായി നിർത്തലാക്കുന്നതിന് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്-**

സെന്റ് ആൻസ് കോളേജ്, അങ്കമാലി, എറണാകുളം സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിലെ താഴെ പട്ടിക പ്രകാരമുള്ള പ്രോഗ്രാമുകൾ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

| College | Program | Year of Ceasing |
|---|---|---|
| St. Ann's College, Ann's Nagar, Angamaly P.O, Ernakulam. | BA English Language and Literature Model II Journalism (24 Seats) | 2024-2025 |
| | M Com finance and Taxation (15 Seats) | 2023-2024 |

**ഇനംനമ്പർ 21/24.01/139184/AC A1-1/2023**

**ബസേലിയസ് കോളേജ്, കോട്ടയം – സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2023 -'24 അദ്ധ്യയന വർഷം പുതുക്കി നല്കുന്നത്-സംബന്ധിച്ച് :-**

കോട്ടയം, ബസേലിയസ് കോളേജിൽ നടത്തുന്ന സ്വാശ്രയ കോഴ്സുകളുടെ താൽക്കാലിക അഫിലിയേഷൻ 2023-24 അദ്ധ്യയനവർഷം പുതുക്കി നൽകുന്നതുമായി ബന്ധപ്പെട്ട് നിയോഗിച്ച പരിശോധനാസമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും സർക്കാരിൽ നിന്നും ലഭ്യമായ NOC (G.O(Ms)No.612/2023/HEDN തീയതി 03/11/2023)-യും പരിഗണിച്ച്, ടി കോളേജിലെ താഴെപ്പട്ടിക പ്രകാരമുള്ള സ്വാശ്രയ കോഴ്സുകളുടെ താൽക്കാലിക അഫിലിയേഷൻ, വിവിധ ഇനങ്ങളിൽ സർവ്വകലാശാലയ്ക്ക് നൽകാനുള്ള ഫീസ് കോളേജിൽ നിന്ന് ഒടുക്കിയ ശേഷം മാത്രം 2023-24 അദ്ധ്യയനവർഷം പുതുക്കി നൽകുന്നതിനും തീരുമാനിച്ചു.

| Name of College | Course |
|---|---|
| Baselius College , Kottayam | 1. B.Com Taxation Model III (40 Seat)<br>2. M.Com Finance & Taxation(20 Seat) |

**ഇനംനമ്പർ 22/24.01/97733/AC A7-1/2023** **Ayyappa Institute of Management Studies, Peermade എന്ന സ്വാശ്രയ കോളേജിനെതിരെയും സ്ഥാപനത്തിന്റെ ചെയർമാനും ഉടമയുമായ ശ്രീ. ജയേഷ് ജെ.പിള്ളക്കെതിരെയും ശ്രീമതി ബിനി വർഗീസ് സമർപ്പിച്ച പരാതികൾ സംബന്ധിച്ച്-**

ഇനം പിൻവലിച്ചു.

**ഇനംനമ്പർ 23/24.01/46323/AC A8-3/2023** **സെന്റ് ആൽബെർട്സ് കോളേജിനെതിരായി ലഭിച്ച നിരവധി പരാതികൾ പരിഗണിച്ച അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് സിന്റിക്കേറ്റിലേക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച് .**

സെന്റ് ആൽബെർട്സ് കോളേജിനെതിരായി ലഭിച്ച പരാതികൾ പരിഗണിച്ച് അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിനും ടി കമ്മീഷന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 24/24.01/110006/AC A7-2/2021** **മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന 12 IHRD കൊളേജുകൾക്ക് 'Government Educational Institution Status' നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവുകൾ സർവകലാശാലയിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച്.**

IHRD കോളേജുകളിൽ നിന്ന് വിവിധ ഫീസിനങ്ങളിൽ സർവ്വകലാശാലക്ക് ലഭിക്കാനുള്ള തുക അടിയന്തരമായി ഒടുക്കുന്നതിന് കോളേജുകൾക്ക് നിർദ്ദേശം നൽകുന്നതിനും, പ്രസ്തുത ഫീസ് ഒടുക്കിയതിനു ശേഷം മാത്രം 11/10/2023 തിയതിയിലെ നം: 1508/2023/HEDN, 19/10/2023 തിയതിലെ നം : 1565/2023/HEDN എന്നീ സർക്കാർ ഉത്തരവുകൾ സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 25/24.01/145644/AC A1-3/2023** **സർവ്വകലാശാലയുടെ കീഴിലുള്ള എയ്ഡഡ് ട്രെയിനിംഗ് കോളേജുകളിൽ നടത്തപ്പെടുന്ന സ്വാശ്രയ എം.എഡ് കോഴ്സിന്റെ താല്ക്കാലിക അഫിലിയേഷൻ 2023-'24 അദ്ധ്യയന വർഷം തുടരുന്നത് സംബന്ധിച്ച്.**

സർവ്വകലാശാലയുടെ കീഴിലുള്ള എയ്ഡഡ് ട്രെയിനിംഗ് കോളേജുകളിൽ നടത്തപ്പെടുന്ന സ്വാശ്രയ എം.എഡ്. കോഴ്സിന്റെ താൽക്കാലിക അഫിലിയേഷൻ 2023-24 അദ്ധ്യയനവർഷം പുതുക്കി നൽകുന്നതുമായി ബന്ധപ്പെട്ട് നിയോഗിച്ച പരിശോധനാസമിതികളുടെ റിപ്പോർട്ടുകൾ അംഗീകരിക്കുന്നതിനും സർക്കാരിൽ നിന്നും ലഭ്യമായ നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ പരിഗണിച്ച്, ടി കോളേജുകളിലെ താഴെപ്പട്ടിക പ്രകാരമുള്ള സ്വാശ്രയ കോഴ്സുകളുടെ താൽക്കാലിക അഫിലിയേഷൻ, വിവിധ ഇനങ്ങളിൽ സർവ്വകലാശാലയ്ക്ക് നൽകാനുള്ള ഫീസ് കോളേജിൽ നിന്ന് ഒടുക്കിയ ശേഷം മാത്രം 2023-24 അദ്ധ്യയനവർഷം പുതുക്കി നൽകുന്നതിനും തീരുമാനിച്ചു.

| ക്രമ നം. | കോളേജ് | പ്രോഗ്രാം |
|---|---|---|
| 1. | Mount Carmel College of Teacher Education for Women, Kanjikuzhi, Kottayam | M.Ed |
| 2. | S.N.M Training College, Moothakunnam, Ernakulam | M.Ed |
| 3. | St. Joseph College of Teacher Education for Women, Ernakulam | M.Ed |
| 4. | St. Joseph's Training College, Mannanam, Kottayam | M.Ed |
| 5. | St. Thomas College of Teacher Education, Pala, Kottayam | M.Ed |

| | | |
|---|---|---|
| 6. | Titus II Teachers College, Tiruvalla, Pathanamthitta | M.Ed |

**ഇനംനമ്പർ 26/24.01/147320/AC A1-3/2023** **സർവകലാശാലയുടെ കീഴിലുള്ള സ്വാശ്രയ ട്രെയിനിംഗ് കോളേജുകളുടെയും പ്രോഗ്രാമുകളുടെയും (ബി.എഡ്/ എം.എഡ്) താല്ക്കാലിക അഫിലിയേഷൻ 2023-'24 അദ്ധ്യയന വർഷം തുടരുന്നത് സംബന്ധിച്ച്.**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ ട്രെയിനിംഗ് കോളേജുകളുടെയും ടി കോളേജുകളിൽ നടത്തപ്പെടുന്ന പ്രോഗ്രാമുകളുടെയും (ബി.എഡ്/എം.എഡ്.) താൽക്കാലിക അഫിലിയേഷൻ 2023-24 അദ്ധ്യയനവർഷം പുതുക്കി നൽകുന്നതുമായി ബന്ധപ്പെട്ട് നിയോഗിച്ച പരിശോധനാസമിതികളുടെ റിപ്പോർട്ടുകൾ അംഗീകരിക്കുന്നതിനും, സർക്കാരിൽ നിന്നും ലഭ്യമായ നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ പരിഗണിച്ച് ടി കോളേജുകൾക്കും, താഴെപ്പട്ടിക പ്രകാരമുള്ള ടി കോളേജുകളിലെ കോഴ്സുകൾക്കും താൽക്കാലിക അഫിലിയേഷൻ, വിവിധ ഇനങ്ങളിൽ സർവ്വകലാശാലയ്ക്ക് നൽകാനുള്ള ഫീസ് കോളേജിൽ നിന്ന് ഒടുക്കിയ ശേഷം മാത്രം 2023-24 അദ്ധ്യയനവർഷം പുതുക്കി നൽകുന്നതിനും തീരുമാനിച്ചു.

| നം. | കോളേജ് | പ്രോഗ്രാം |
|---|---|---|
| 1. | John Paul Memorial B.Ed College, Labbakkada, Kanchiyar P.O., Kattappana, Idukki | B.Ed |
| 2. | Mangalam College of Education, Ettumanoor, Kottayam | B.Ed<br>M.Ed |
| 3. | Sahodaran Ayyappan Memorial College of Education, Poothotta, Ernakulam | B.Ed |
| 4. | St. John the Baptist College of Education, Nedumkunnam, Kottayam | B.Ed<br>M.Ed |
| 5. | St. Xavier's Training College for Women, Aluva | B.Ed |
| 6. | Nirmala Sadan Training College for Special Education, Muvattupuzha | 1. B.Ed Special Education (Intellectual Disability)<br>2. B.Ed Special Education (Learning Disability)<br>3. M.Ed Special Education (Intellectual Disability) |
| 7. | St. John of God College of Special Education, Pampady, Kottayam | B.Ed Special Education (Intellectual Disability) |

**ഇനംനമ്പർ 27/24.01/128964/AC A1-1/2023** **യൂണിയൻ ക്രിസ്ത്യൻ കോളേജ്, ആലുവ - സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2023 - '24 അദ്ധ്യയന വർഷം പുതുക്കി നല്കുന്നത്- സംബന്ധിച്ച്:-**

ആലുവ, യൂണിയൻ ക്രിസ്ത്യൻ കോളേജിലെ സ്വാശ്രയ പ്രോഗ്രാമുകളുടെ താല്ക്കാലിക അഫിലിയേഷൻ 2023-'24 അദ്ധ്യയന വർഷം പുതുക്കി നൽകുന്നതുമായി ബന്ധപ്പെട്ട് നിയമിതമായ അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിനും, 27/09/2023 തീയതിയിലെ G.O(MS)No.543/2023/HEDN, 28.11.2023 തീയതിയിലെ G.O(MS)No.657/2023/HEDN എന്നീ സർക്കാർ ഉത്തരവുകളിലൂടെ ലഭ്യമായ NOC പരിഗണിച്ചും ടി കോളേജിലെ താഴെപ്പട്ടിക പ്രകാരമുള്ള സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ, വിവിധ ഇനങ്ങളിൽ സർവ്വകലാശാലയ്ക്ക് നൽകാനുള്ള ഫീസ് കോളേജിൽ നിന്ന് ഒടുക്കിയ ശേഷം മാത്രം 2023 -'24 അദ്ധ്യയന വർഷം പുതുക്കി നല്കുന്നതിനും തീരുമാനിച്ചു.

| Name of College | Course |
|---|---|
| Union Christian College, | 1.B.Sc Biological Techniques & Specimen Preparation Model III (30 seats) |

| | |
|---|---|
| Aluva | 2.B.Sc Electronics and Computer Maintenance Model III (30 seats)<br>3.B.Com Finance and Taxation Model I (40 seats)<br>4.B.Com Finance and Taxation Model II (40 seats)<br>5. M.Sc Biotechnology (20 seats)<br>6.M.Sc Bio-Informatics (20 seats)<br>7. Master of Business Administration(60 seats)<br>8.Master of Computer Application (120 seats) |

**ഇനംനമ്പർ 28/24.01/135076/AC B7-1/2023** **സ്വയംഭരണ പദവിയുള്ള കളമശ്ശേരി ,രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് കോളേജിലെ എംഎസ്‌സി സ്റ്റാറ്റിസ്റ്റിക്സ് വിത്ത് ഡേറ്റ സയൻസ് എയ്ഡഡ് പ്രോഗ്രാമിന്റെ സ്ഥിരം സീറ്റ് വർദ്ധനവിനായുള്ള അപേക്ഷ സംബന്ധിച്ച് :-**

സ്വയംഭരണ പദവിയുള്ള കളമശ്ശേരി, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് കോളേജിലെ എംഎസ്.സി സ്റ്റാറ്റിസ്റ്റിക്സ് വിത്ത് ഡേറ്റ സയൻസ് എയ്ഡഡ് പ്രോഗ്രാമിന്റെ സ്ഥിരം സീറ്റ് വർദ്ധനവിനായുള്ള അപേക്ഷ പരിശോധിച്ച് ടി കോളേജിലെ പഠന ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. ബാബു മൈക്കിൾ (സിൻഡിക്കേറ്റ് അംഗം)-നെ പരിശോധനാ സമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 29/24.01/50913/AC A7-2/2023** **അൺ എയ്ഡഡ്-സെൽഫ് ഫിനാൻസിങ് ആർക്കിടെക്ചർ കോളേജ് - Asian School Of Architecture & Design Innovations ,Vyttila, 2024-'25 അധ്യയന വർഷം മുതൽ M Arch -Advanced Architecture -20 Seat, Executive M.Arch (Advanced Architecture -Part Time )20 Seat-- ബാച്ചിനായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്:**

Vyttila, Asian School Of Architecture & Design Innovations 2024-'25 അധ്യയന വർഷം മുതൽ M.Arch - Advanced Architecture-20 Seat, Executive M.Arch (Advanced Architecture -Part Time) 20 Seat- ബാച്ചുകൾ ആരംഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

(i) M.Arch -Advanced Architecture (20 seat) കോഴ്സ് 2024-25 അദ്ധ്യയനവർഷത്തിൽ Council of Architecture-ന്റെ അനുമതിക്ക് വിധേയമായി ആരംഭിക്കുന്നതിന് മുന്നോടിയായി ടി കോളേജിലെ പഠനഭൗതിക സാഹചര്യങ്ങൾ വിലയിരുത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. സിനി കുര്യൻ (സിൻഡിക്കേറ്റംഗം), ഡോ. ബിന്ദു മോൾ ടോം, പ്രൊഫസർ, ആർക്കിടെക്ചർ ഡിപ്പാർട്ട്മെന്റ്, RIT, കോട്ടയം (വിഷയ വിദഗ്ധ) എന്നിവരെ പരിശോധനാസമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

(ii) Executive M.Arch (Advanced Architecture - Part Time) കോഴ്സിന്റെ അംഗീകൃത സിലബസ്/റഗുലേഷൻ സർവ്വകലാശാലയിൽ നിലവിലില്ലാത്തതിനാലും സർവ്വകലാശാലയിൽ നിലവിൽ പാർട്ട് ടൈം കോഴ്സുകൾ നടത്തിവരുന്നില്ലാത്തതിനാലും Executive M.Arch (Advanced Architecture -Part Time) കോഴ്സ് 2024-25 അദ്ധ്യയനവർഷം മുതൽ ആരംഭിക്കുന്നതിന് ടി കോളേജ് സമർപ്പിച്ച അപേക്ഷ തത്കാലം പരിഗണിക്കേണ്ടതില്ലെന്നും തീരുമാനിച്ചു.

**ഇനംനമ്പർ 30/24.01/135072/AC B7-1/2023** **രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കളമശേരി - 2024-25 അക്കാദമിക വർഷം- പുതിയ 6 പ്രോഗ്രാമുകൾക്ക് (സ്വാശ്രയം) അഫിലിയേഷനായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്**

കളമശേരി, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിൽ 2024-25 അക്കാദമിക വർഷം മുതൽ പുതിയ 6 സ്വാശ്രയ പ്രോഗ്രാമുകളുടെ അഫിലിയേഷനായി സമർപ്പിച്ച അപേക്ഷ പരിശോധിച്ച് ടി കോളേജിലെ പഠന ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന്

ഡോ. ബാബു മൈക്കിൾ (സിൻഡിക്കേറ്റ് അംഗം)-നെ പരിശോധനാ സമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 31/24.01/148282/AC A1-1/2023** **സെന്റ് പോൾസ് കോളേജ്, കളമശേരി – സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2023 –'24 അദ്ധ്യയന വർഷം പുതുക്കി നല്കുന്നത്-സംബന്ധിച്ച് :-**

കളമശേരി, സെന്റ് പോൾസ് കോളേജിലെ സ്വാശ്രയ പ്രോഗ്രാമുകളുടെ താല്ക്കാലിക അഫിലിയേഷൻ 2023-'24 അദ്ധ്യയന വർഷം പുതുക്കി നൽകുന്നതുമായി ബന്ധപ്പെട്ട് നിയമിതമായ അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിനും, സർക്കാരിൽ നിന്നും NOC പുതുക്കി നൽകികൊണ്ട് ലഭ്യമായ 24/11/2023 തീയതിയിലെ G.O(Rt)No.1730/2023/HEDN ഉത്തരവ് പരിഗണിച്ചും ടി കോളേജിലെ താഴെപ്പട്ടികപ്രകാരമുള്ള സ്വാശ്രയ കോഴ്സുകളുടെ താൽക്കാലിക അഫിലിയേഷൻ, വിവിധ ഇനങ്ങളിൽ സർവ്വകലാശാലയ്ക്ക് നൽകാനുള്ള ഫീസ് കോളേജിൽ നിന്ന് ഒടുക്കിയ ശേഷം മാത്രം 2023 – '24 അദ്ധ്യയന വർഷം പുതുക്കി നല്കുന്നതിന് തീരുമാനിച്ചു.

| Name of College | Course |
|---|---|
| സെന്റ് പോൾസ് കോളേജ്, കളമശേരി | 1. B.A English Language and Literature Model I<br>2. B.Com Computer Applications Model I<br>3. B.Sc Computer Science Model III<br>4. Bachelor of Business Administration<br>5. B.Voc Logistics Management<br>6. B.Voc Broadcasting and Journalism<br>7. B.Voc Tourism and Hospitality Management<br>8. B.Voc Banking and Financial Services<br>9. M.Sc Chemistry<br>10. M.A English |

**ഇനംനമ്പർ 32/24.01/11022/AC B7-1/2022** **ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജ് – സ്വയംഭരണ പദവിയുടെ കാലാവധി ദീർഘിപ്പിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ പരിശോധന സമിതി റിപ്പോർട്ട് അംഗീകരിക്കുന്നത് സംബന്ധിച്ച് –**

ചങ്ങനാശ്ശേരി, അസംപ്ഷൻ കോളേജിന്റെ സ്വയംഭരണ പദവിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകുന്ന വിഷയവുമായി ബന്ധപ്പെട്ട് രൂപീകരിച്ച പരിശോധനാ സമിതി സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിനും ടി കോളേജ് മാനേജർ സർവ്വകലാശാലയുമായി നിശ്ചിത മാതൃകയിലുള്ള കരാർ ഒപ്പിടുന്ന മുറയ്ക്കും അടുത്ത 10 വർഷത്തേക്കുള്ള ഒറ്റ തവണ ഫീസ് ആയ Rs. 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) അടക്കുന്ന മുറയ്ക്കും യുജിസി അനുമതിക്ക് വിധേയമായി ടി കോളേജിന്റെ സ്വയം ഭരണ പദവി, വിവിധ ഇനങ്ങളിൽ സർവ്വകലാശാലയ്ക്ക് നൽകാനുള്ള ഫീസ് കോളേജിൽ നിന്ന് ഒടുക്കിയ ശേഷം മാത്രം ദീർഘിപ്പിച്ചു നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 33/24.01/117480/AC B7-1/2023** **കുട്ടിക്കാനം ,മരിയൻ കോളേജ് (സ്വയംഭരണം) – ബികോം, ബിഎസ്ഡബ്ള്യൂ എന്നീ സാശ്രയ പ്രോഗ്രാമുകളുടെ സീറ്റ് എണ്ണം 2024-25 അക്കാദമിക വർഷം മുതൽ സ്ഥിരമായി വർധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട സിൻഡിക്കേറ്റ് പരിശോധനാ സമിതി റിപ്പോർട്ട് അംഗീകരിക്കുന്നത് സംബന്ധിച്ച്**

കുട്ടിക്കാനം, മരിയൻ കോളേജിലെ B.Com, BSW എന്നീ സാശ്രയ പ്രോഗ്രാമുകളുടെ സീറ്റ് എണ്ണം 2024-25 അക്കാദമിക വർഷം മുതൽ സ്ഥിരമായി വർധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകൃതമായ സിൻഡിക്കേറ്റ് പരിശോധനാ സമിതി റിപ്പോർട്ട് വിവിധ ഇനങ്ങളിൽ സർവ്വകലാശാലയ്ക്ക് നൽകാനുള്ള ഫീസ് കോളേജിൽ നിന്ന് ഒടുക്കിയ ശേഷം മാത്രം അംഗീകരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 34/24.01/52284/AC B7-1/2023**

**കുട്ടിക്കാനം മരിയൻ കോളേജ് (സ്വയംഭരണം) - 2023-24 അക്കാദമിക വർഷത്തിലേക്ക് 12 സാശ്രയ പ്രോഗ്രാമുകളുടെ പ്രൊവിഷണൽ അഫിലിയേഷൻ നീട്ടിനൽകുന്നതുമായി ബന്ധപ്പെട്ട സിൻഡിക്കേറ്റ് ഇൻസ്പെക്ഷൻ കമ്മീഷൻ റിപ്പോർട്ട് അംഗീകരിക്കുന്നത് സംബന്ധിച്ച്**

കുട്ടിക്കാനം, മരിയൻ കോളേജിൽ 2023-24 അക്കാദമിക വർഷത്തിലേക്ക് 12 സാശ്രയ പ്രോഗ്രാമുകളുടെ പ്രൊവിഷണൽ അഫിലിയേഷൻ നീട്ടിനൽകുന്നതുമായി ബന്ധപ്പെട്ട സിൻഡിക്കേറ്റ് ഇൻസ്പെക്ഷൻ കമ്മീഷൻ റിപ്പോർട്ട് വിവിധ ഇനങ്ങളിൽ സർവ്വകലാശാലയ്ക്ക് നൽകാനുള്ള ഫീസ് കോളേജിൽ നിന്ന് ഒടുക്കിയ ശേഷം മാത്രം അംഗീകരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 35/24.01/153411/AC A1-1/2023**

**സെന്റ് സേവിയേഴ്സ് കോളേജ് ഫോർ വിമൻ , ആലുവ - സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2023 -'24 അദ്ധ്യയന വർഷം പുതുക്കി നല്കുന്നത്-സംബന്ധിച്ച് :-**

ആലുവ സെന്റ് സേവിയേഴ്സ് കോളേജ് ഫോർ വിമൻ-ലെ സ്വാശ്രയ പ്രോഗ്രാമുകളുടെ താല്ക്കാലിക അഫിലിയേഷൻ 2023-'24 അദ്ധ്യയന വർഷം പുതുക്കി നൽകുന്നതുമായി ബന്ധപ്പെട്ട് നിയമിതമായ അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിനും സർക്കാരിൽ നിന്നും NOC പുതുക്കി നൽകികൊണ്ട് ലഭ്യമായ 06/12/2023 തീയതിയിൽ G.O(Rt)No.1790/2023/HEDN ഉത്തരവ് പരിഗണിച്ചും ടി കോളേജിലെ താഴെപ്പട്ടികപ്രകാരമുള്ള സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ, വിവിധ ഇനങ്ങളിൽ സർവ്വകലാശാലയ്ക്ക് നൽകാനുള്ള ഫീസ് കോളേജിൽ നിന്ന് ഒടുക്കിയ ശേഷം മാത്രം 2023 - '24 അദ്ധ്യയന വർഷം പുതുക്കി നല്കുന്നതിന് തീരുമാനിച്ചു.

| Name of College | Course |
|---|---|
| St. Xavier's College for Women, Aluva | 1. M.Sc Microbiology<br>2. M.Com Finance & Taxation<br>3. B.A English Literature and Communication Studies Model III (Double Main)<br>4. B.com Computer Applications Model I<br>5. B.com Co-operation Model I<br>6. B.Com Finance and Taxation Model I<br>7. B.Voc Accounting & Taxation<br>8. B.Voc Culinary Arts & Hospitality Management<br>9. B.Voc Software Quality Assurance & Quality Control |

**ഇനംനമ്പർ 36/24.01/240001**

**20.12.2023 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി - അഫിലിയേഷൻ ആന്റ് അപ്രൂവൽ-ന്റെ നടപടിക്രമം**

**ഒ.എ. 1**

**സ്വയംഭരണ കോളേജുകൾ - സ്വയംഭരണ പദവി അനുവദിക്കുന്നത്/ദീർഘിപ്പിക്കുന്നത് - നിബന്ധനകൾ- സംബന്ധിച്ച്**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകൾക്ക് സ്വയംഭരണ പദവി നൽകുന്നതുമായി ബന്ധപ്പെട്ട് യു ജി സി പുറപ്പെടുവിച്ചിട്ടുള്ള UGC (Conferment of Autonomous Status upon Colleges and Measures for Maintenance of Standards in Autonomous Colleges) Regulations, 2023 ലെ ക്ലോസ് നം 3.5 താഴെപ്പറയും പ്രകാരം നിഷ്കർഷിച്ചിരിക്കുന്നു.

'Autonomous colleges need not pay affiliation fees to the parent University'.

പ്രസ്തുത നിർദ്ദേശം കോളേജ് അഫിലിയേഷൻ ഫീ സംബന്ധിച്ചായതിനാലും തുടക്കത്തിൽ സ്വയംഭരണ പദവി 10 വർഷത്തേക്കാണ് നൽകുന്നത് എന്നതിനാലും 2023-24 വർഷം മുതൽ സ്വയംഭരണ പദവി ലഭിക്കുന്ന കോളേജുകളിൽ നിന്നും സ്വയംഭരണ കോളേജുകൾക്ക് സർവ്വകലാശാല നൽകുന്ന വിവിധ സേവനങ്ങൾക്കായി പത്ത് ലക്ഷം രൂപ ഒറ്റത്തവണയായി ഈടാക്കുന്നതിനും തീരുമാനിച്ചു.

നിലവിൽ സ്വയം ഭരണ പദവിയുള്ള കോളേജുകൾക്ക് സ്വയംഭരണ പദവി ദീർഘിപ്പിച്ചു നൽകുന്നതു വരെ നിലവിലുള്ള നടപടിക്രമം തുടരുന്നതിനും സ്വയം ഭരണ പദവി ദീർഘിപ്പിച്ചു നൽകുന്ന സമയത്ത് മേൽ പരാമർശപ്രകാരമുള്ള ഒറ്റത്തവണ ഫീസ് ഈടാക്കുന്നതിനും തീരുമാനിച്ചു.

കൂടാതെ പുതുതായി സ്വയംഭരണ പദവി ലഭിക്കുന്ന കോളേജുകളുൾപ്പടെയുള്ള എല്ലാ സ്വയംഭരണ കോളേജുകളും സർവ്വകലാശാലയുമായി നിശ്ചിത മാതൃകയിലുള്ള താഴെപ്പറയുന്ന വ്യവസ്ഥകൾ ഉൾപ്പെടുന്ന കരാർ ഒപ്പിടുന്നതിനും തീരുമാനിച്ചു.

1. The terms and conditions of Direct Payment Agreement (DPA) shall continue to be operative in respect of Aided courses conducted in the college and affiliated to the University subject to the approval of the Government.
2. The Aided courses shall normally be conducted in the same manner and following the same norms at the time of sanctioning of the said Aided courses by the Government.
3. Where the Aided courses are restructured, redesigned or renamed in accordance with the UGC (Conferment of Autonomous status upon Colleges and Measures for Maintenance of Standards in Autonomous Colleges) 2023, as amended from time to time, such restructuring, redesigning or renaming shall be so done as to ensure that the teaching or non-teaching staff appointed for the conduct of the Aided courses shall be continued in the restructured, redesigned or renamed courses or shifted to other new aided courses sanctioned by Government of Kerala .
4. Where new aided courses are sanctioned by Government of Kerala, the provisions in the DPA shall be operative ,subject to the approval of Government.
5. Where new courses other than aided courses are introduced in the college, the same will be affiliated to the University in accordance with the provisions of the UGC (Conferment of Autonomous status upon Colleges and Measures for Maintenance of Standards in Autonomous Colleges) 2023, as amended from time to time, and the norms of admission and fees payable by students admitted to such new courses shall be as determined by the Educational agency in consultation with the University.
6. Teaching and non teaching staff appointed for the conduct of aided courses in the college, in accordance with the provisions contained in the DPA shall not be utilised, for any purpose other than for the conduct of aided courses.
7. The college shall remit the fee due to University collected from the students on a yearly basis through the online DCB portal of the University.
8. The college shall comply with all the statutory and academic requirements stipulated for conducting the courses and that the existing infrastructural and instructional facilities in the aided sector shall not be used in the running of unaided courses and the college hereby agree that violation of the aforesaid stipulation conditions or failure to provide infrastructure facilities for running unaided courses, the University is entitled to take action for disaffiliation of the said course.
9. The college shall be subservient to the Universities legislatively ordained right to discharge its regulatory functions envisaged in its Act, Statutes, and Regulations in matters relating to teaching and evaluation in the college akin to that of an affiliated college and only on being assured of due diligence and accountability thereof , the University shall award the degree
10. The Rules Orders, Circulars, Guidelines etc. Issued by the Government of Kerala from time to time regarding conduct of Aided Courses in the colleges shall be followed by the educational agency without raising any claim on the ground that the status of the College has been converted from Aided College to an Autonomous College.
11. Violation of any of the provisions or the conditions herein above shall be deemed to be a violation of the Mahatma Gandhi University Act 1985 (12 of 1985 ) and the Statutes, Ordinances, Regulations, Orders, etc., issued there under.

**ഇനംനമ്പർ 37/24.01/102678/PFMS -1/2023** **UNI-SPARK പോർട്ടലിൽ ഡാറ്റ എൻട്രി - സർവ്വകലാശാല എഞ്ചിനീയറിംഗ് യൂണിറ്റിലെ ഏതാനും ജീവനക്കാരുടെ തസ്തിക, ശമ്പള സ്കെയിൽ എന്നിവ തമ്മിലെ പൊരുത്തക്കേടുകൾ സംബന്ധിച്ച് :**

UNI-SPARK പോർട്ടലിലെ ഡാറ്റ എൻട്രിയിൽ സർവ്വകലാശാല എഞ്ചിനീയറിംഗ് യൂണിറ്റിലെ ഏതാനും ജീവനക്കാരുടെ തസ്തിക, ശമ്പള സ്കെയിൽ എന്നിവ തമ്മിലെ പൊരുത്തക്കേടുകൾ സംബന്ധിച്ച്

വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഡോ. ആർ. ആനിത (സിൻഡിക്കേറ്റ് അംഗം)-യെ പരിശോധനാ സമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 38/24.01/89009/PFMS -1/2023** **UNI-SPARK പോർട്ടലിലെ ഡേറ്റ എൻട്രി - കംപ്യൂട്ടർ പ്രോഗ്രാമ്മറായ ശ്രീ ഹരികൃഷ്ണൻ എം വി യുടെ ശമ്പള സ്കെയിലും തസ്തികയും തമ്മിലുള്ള പൊരുത്തക്കേട് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

UNI-SPARK പോർട്ടലിലെ ഡേറ്റ എൻട്രിയിൽ കംപ്യൂട്ടർ പ്രോഗ്രാമറായ ശ്രീ. ഹരികൃഷ്ണൻ എം.വി.-യുടെ ശമ്പള സ്കെയിലും തസ്തികയും തമ്മിലുള്ള പൊരുത്തക്കേട് സംബന്ധിച്ച് വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഡോ. ആർ ആനിത (സിൻഡിക്കേറ്റ് അംഗം)-യെ പരിശോധനാ സമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 39/24.01/47617/AD A2/2/2019** **സ്കൂൾ ഓഫ് ലെറ്റേഴ്സ്-ലെ (SOL) നിലവിലുള്ള വകുപ്പധ്യക്ഷന്റെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് പുതിയ വകുപ്പധ്യക്ഷന്റെ (HoD) നിയമനം - സംബന്ധിച്ച്.**

ഡോ. അജു കെ.എൻ., പ്രൊഫസർ, സ്കൂൾ ഓഫ് ലെറ്റേഴ്സ്-ന്റെ അപേക്ഷ പരിഗണിച്ച്, സ്കൂൾ ഓഫ് ലെറ്റേഴ്സ്-ലെ (SOL) നിലവിലുള്ള വകുപ്പധ്യക്ഷന്റെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് പുതിയ വകുപ്പധ്യക്ഷനായി ഡോ. സജി മാത്യു, അസോസിയേറ്റ് പ്രൊഫസർ-നെ നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 40/24.01/ADAII(2)/5300/2011** **സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ പ്രൊഫസറായ ഡോ. രാജു ഫ്രാൻസിസ്-ന് മുൻകാലസേവനം കണക്കിലെടുത്ത് പ്രൊമോഷൻ തീയതി പുനഃക്രമീകരിക്കുന്നത് സംബന്ധിച്ച്:**

പ്രസ്തുത വിഷയം സംബന്ധിച്ച് യു.ജി.സി.-യിൽ നിന്ന് clarification വാങ്ങി ഫയൽ പുനഃസമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 41/24.01/33076/AD A7-2/2022** **2024-2025 അക്കാദമിക വർഷം മുതൽ സർവ്വകലാശാലയെ ഒരു യൂണിറ്റായി പരിഗണിച്ച് statutory പഠന വകുപ്പുകൾ, ഇന്റർ സ്കൂൾ സെന്ററുകൾ, ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകൾ, മറ്റ് സെന്ററുകൾ എന്നിവിടങ്ങളിലേക്കുള്ള കോൺട്രാക്ട്/ഗസ്റ്റ് ഫാക്കൽറ്റി നിയോഗത്തിന് പൊതുവായ സംവരണക്രമം പാലിക്കുന്ന വിഷയം സംബന്ധിച്ച്.**

2024-2025 അക്കാദമിക വർഷം മുതൽ സർവ്വകലാശാലയെ ഒരു യൂണിറ്റായി പരിഗണിച്ച് statutory പഠന വകുപ്പുകൾ, ഇന്റർ സ്കൂൾ സെന്ററുകൾ, ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകൾ, മറ്റ് സെന്ററുകൾ എന്നിവിടങ്ങളിലേക്കുള്ള കോൺട്രാക്ട്/ഗസ്റ്റ് ഫാക്കൽറ്റി നിയോഗത്തിന് പൊതുവായ സംവരണക്രമം പാലിക്കുന്നതിന് തീരുമാനിച്ചു.

സർവ്വകലാശാല സ്കൂളുകൾ, സെന്ററുകൾ എന്നിവിടങ്ങളിൽ സംഘടിപ്പിക്കുന്ന പ്രധാനപ്പെട്ട സെമിനാറുകൾ, പ്രോഗ്രാമുകൾ എന്നിവ സംബന്ധിച്ച അറിയിപ്പ് സിൻഡിക്കേറ്റ് അംഗങ്ങൾക്ക് നൽകുന്നതിന് സ്കൂളുകൾ/സെന്ററുകൾക്ക് നിർദ്ദേശം നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 42/24.01/129733/AD A1-1/2022** **ശ്രീ. വിഷ്ണു വിജയൻ റ്റി.വി., അസിസ്റ്റന്റ് സെക്ഷൻ ഓഫീസറുടെ സസ്പെൻഷൻ കാലയളവിൽ (201 ദിവസം) ശൂന്യവേതന അവധി അനുവദിക്കുന്നതിനായി ടിയാൻ സമർപ്പിച്ച അപേക്ഷ - സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിക്കുന്നത് - സംബന്ധിച്ച്.**

ശ്രീ. വിഷ്ണു വിജയൻ റ്റി. വി., അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, സസ്പെൻഷൻ കാലയളവിൽ (201 ദിവസം) ശൂന്യവേതന അവധി അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടിയാന്റെ സസ്പെൻഷൻ കാലയളവായ 28.04.2023 തീയതി മുതൽ 14.11.2023 വരെ ശൂന്യവേതന അവധി അനുവദിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 43/24.01/42045/AD A3-4/2023** **പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശ്ശികയുടെ രണ്ടാം ഗഡു ജീവനക്കാരുടെ പി എഫ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നത് നീട്ടിവച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ്-സർവ്വകലാശാലയിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച്.**

പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശ്ശികയുടെ രണ്ടാം ഗഡു ജീവനക്കാരുടെ പി എഫ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നത് നീട്ടിവച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് (കൈ) നം. 151/2023/(42)/ധന തീയതി 10/10/2023 സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 44/24.01/140286/AD A5-4/2023** **പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തികയിലുള്ള ഒഴിവ്, കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്**

സർവ്വകലാശാലയിലെ പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തികയിലുള്ള ഒഴിവ്, കേരള പബ്ലിക് സർവീസ് കമ്മീഷനിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 45/24.01/143748/AD A4-1/2023** **എഞ്ചിനീയറിംഗ് യൂണിറ്റിൽ ഓവർസീയർ ഗ്രേഡ് II (സിവിൽ) തസ്തികയിലേക്ക് താൽക്കാലിക നിയമനം - സംബന്ധിച്ച്:-**

സർവ്വകലാശാലാ എഞ്ചിനീയറുടെ അപേക്ഷ പരിഗണിച്ച്, NAAC Visit കഴിയുന്നത് വരെ എഞ്ചിനീയറിംഗ് യൂണിറ്റ് സെക്ഷൻ I - ലേയ്ക്ക് താൽക്കാലിക ദിവസവേതന അടിസ്ഥാനത്തിൽ ഒരു ഓവർസിയർ ഗ്രേഡ് II (സിവിൽ)-നെ നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 46/24.01/48922/AD A9-1/2022** **സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ്-മുൻ അസ്സോസിയേറ്റ് പ്രൊഫസർ ശ്രീ. എ വി ജോസഫ് ന് പി എച്ച് ഡി ക്കായി അനുവദിച്ച ശൂന്യവേതന അവധി കാലയളവ് യോഗ്യസേവന കാലമായി പരിഗണിച്ചത്-ഓഡിറ്റ് തടസ്സവാദം-സിൻഡിക്കേറ്റ് അംഗം ഡോ. ബിജു പുഷ്പൻ സമർപ്പിച്ച അന്വേഷണകമ്മീഷൻ റിപ്പോർട്ട് - സംബന്ധിച്ച്.**

ഇനം പിൻവലിച്ചു.

**ഇനംനമ്പർ 47/24.01/110019/AD A1-1/2022** **WP(C) No. 35005/2023 ഹർജിയിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലയിൽ നിന്നും സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ശ്രീ. പുരുഷോത്തമൻ ആർ നൽകിയ അപേക്ഷ - സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിക്കുന്നത് - സംബന്ധിച്ച്.**

ക്രിമിനൽ കേസിൽ കുറ്റവിമുക്തനാക്കുന്നത് സർവ്വകലാശാലയുമായി ബന്ധപ്പെട്ട അച്ചടക്ക നടപടികളെ ബാധിക്കില്ലെന്ന് നിയമോപദേശം ലഭിച്ചിട്ടുള്ളതിനാൽ, WP(C) No. 35005/2023 ഹർജിയിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലയിൽ നിന്നും സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ശ്രീ. പുരുഷോത്തമൻ ആർ. നൽകിയ അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 48/24.01/129373/Ad A3/2023** **സർവകലാശാലയിലെ സ്റ്റോർ അസിസ്റ്റന്റ് സ്ഥാനക്കയറ്റം - സർക്കാർ ഉത്തരവിന് വിരുദ്ധമായി ശമ്പള സ്കെയിൽ അനുവദിക്കുന്നത്-സംബന്ധിച്ച്**

സർവകലാശാലയിലെ സ്റ്റോർ അസിസ്റ്റന്റ് സ്ഥാനക്കയറ്റം സംബന്ധിച്ചും, സ്റ്റോർ അസിസ്റ്റന്റ് തസ്തികയിൽ നിന്നും തരംതാഴ്ത്തപ്പെട്ട ജീവനക്കാരുടെ ശമ്പളം സംബന്ധിച്ചും അന്തിമതീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം നേരിടുന്നതിനാൽ സർക്കാരിന്റെ മറുപടിക്ക് കാത്തുനിൽക്കാതെ ടി വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡി. ആർ. 3 (Admin)-ക്ക് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 49/24.01/66836/AD A3-4/2020** **പങ്കാളിത്ത പെൻഷൻ പദ്ധതി -പ്രാൺ അക്കൗണ്ട് ക്ലോസ് ചെയ്തതിന് ശേഷം ജീവനക്കാരൻ സേവനമനുഷ്ഠിച്ച കാലയളവിലെ അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും ചേരുന്ന കുടിശ്ശിക തുകയിൽ നിന്നും NPS വിഹിതത്തിന് തത്തുല്യമായ സർക്കാർ വിഹിതം ജീവനക്കാരന്റെ അക്കൗണ്ടിലേക്ക് അടവാക്കുന്നതിന് അനുമതി നൽകികൊണ്ടുള്ള സർക്കാർ ഉത്തരവ് , തിരുത്തൽ വരുത്തിയ സർക്കാർ ഉത്തരവ് എന്നിവ സർവകലാശാലയിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച്.**

പങ്കാളിത്ത പെൻഷൻ പദ്ധതി-പ്രാൺ അക്കൗണ്ട് ക്ലോസ് ചെയ്തതിന് ശേഷം ജീവനക്കാരൻ സേവനമനുഷ്ഠിച്ച കാലയളവിലെ അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും ചേരുന്ന കുടിശ്ശിക തുകയിൽ നിന്നും NPS വിഹിതത്തിന് തത്തുല്യമായ സർക്കാർ വിഹിതം ജീവനക്കാരന്റെ അക്കൗണ്ടിലേക്ക് അടവാക്കുന്നതിന് അനുമതി നൽകികൊണ്ടുള്ള സർക്കാർ ഉത്തരവ് (അച്ചടി) നം.135/2021/ധന., 07/10/2021, സർക്കാർ ഉത്തരവ് (അച്ചടി) നം.158/2021/ധന., 27/11/2021 പ്രകാരമുള്ള തിരുത്തലോടുകൂടി സർവകലാശാലയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 50/24.01/147726/AD A2-1/2023** **സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ അധികമായി അധ്യാപക തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച് :-**

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ അധികമായി അധ്യാപക തസ്തിക അനുവദിക്കുന്നതിനായി വകുപ്പ് മേധാവി സമർപ്പിച്ച കത്ത് പരിഗണിച്ച്, NCTE വ്യവസ്ഥ പ്രകാരം സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ കുറവ് വന്നിട്ടുള്ള ഒരു പ്രൊഫസർ തസ്തികയുടെ ഒഴിവ് നികത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 51/24.01/18000/AD A5-2/2020** **സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & റോബോട്ടിക്സ്, സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ് എന്നീ പഠന വിഭാഗങ്ങളിൽ അസിസ്റ്റന്റ് പ്രൊഫസർ ഓൺ കോൺട്രാക്ട് തസ്തികയിലെ റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ശ്രീ. ശ്രീവിഷ്ണു കെ.പി യുടെ പേര് നീക്കം ചെയ്യുന്നത് സംബന്ധിച്ച് -**

സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & റോബോട്ടിക്സ്, സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ് എന്നീ പഠന വകുപ്പുകളിലേക്ക് 21.11.2023-ൽ നടന്ന അഭിമുഖവും, സെലക്ഷൻ കമ്മിറ്റിയുടെ നടപടിക്രമവും 24.11.2023 ൽ കൂടിയ സിന്റിക്കേറ്റ് യോഗത്തിന്റെ മിനുട്സ് ഒ എ 34/23.08 & ഒ എ 35/23.08 തീരുമാനപ്രകാരം പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും ശ്രീ. ശ്രീവിഷ്ണു കെ.പി. അയോഗ്യനായ സാഹചര്യത്തിൽ ടിയാനെ ഒഴിവാക്കി ടി റാങ്ക് പട്ടികകൾ പുനഃപ്രസിദ്ധീകരിക്കുന്നതിനും, പ്രസ്തുത നിയോഗവുമായി ബന്ധപ്പെട്ട നടപടികളിൽ വീഴ്ച വരുത്തിയ സെക്ഷൻ ഓഫീസറിൽ നിന്നും ആയതിന് വിശദീകരണം വാങ്ങി ഫയൽ സിൻഡിക്കേറ്റിൽ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 52/24.01/156771/AD A2-3/2023**

**സർവകലാശാലയിലെ ഇന്റർ-യൂണിവേഴ്സിറ്റി സെന്ററുകൾ, ഇന്റർ -സ്കൂൾ സെന്ററുകൾ എന്നിവയുടെ ഓണററി ഡയറക്ടർമാരായി പൂർണ്ണ സമയം പ്രവർത്തിക്കുന്ന സ്റ്റാറ്റ്യൂട്ടറി പഠന വകുപ്പുകളിലെ അദ്ധ്യാപകർ, പുതിയ പഠന വകുപ്പുകളിലെ HOD-യുടെ ചുമതല വഹിക്കുന്ന സ്റ്റാറ്റ്യൂട്ടറി ഡിപ്പാർട്മെന്റുകളിലെ അദ്ധ്യാപകർ എന്നിവർക്ക് നോൺ-വെക്കേഷൻ സ്റ്റാഫ് എന്ന നിലയിലുള്ള ആർജ്ജിതാവധി ആനുകൂല്യം അനുവദിച്ചു നൽകുന്നത്- സംബന്ധിച്ച്.**

ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകൾ, ഇന്റർ -സ്കൂൾ സെന്ററുകൾ തുടങ്ങിയവയുടെ ഓണററി ഡയറക്ടർ എന്ന നിലയിൽ പൂർണ്ണസമയം പ്രവർത്തിക്കുന്ന സർവ്വകലാശാല സ്റ്റാറ്റ്യൂട്ടറി ഡിപ്പാർട്ട്മെന്റുകളിലെ അധ്യാപകർക്കും, പുതിയ പഠന വകുപ്പുകളിലെ വകുപ്പ് മേധാവിയുടെ ചുമതല വഹിക്കുന്ന സർവ്വകലാശാല സ്റ്റാറ്റ്യൂട്ടറി ഡിപ്പാർട്മെന്റുകളിലെ അധ്യാപകർക്കും വെക്കേഷൻ പ്രിവൻഷൻ അനുവദിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 53/24.01/153495/AD A4-2/2022**

**ജീവനക്കാര്യം - സർവ്വകലാശാലയിൽ വിവിധ അനദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുൻപാകെ റിപ്പോർട്ട് ചെയ്യുന്നതും എഞ്ചിനീയറിംഗ് യൂണിറ്റിലെ ഓവർസിയർ ഗ്രേഡ് - 2 തസ്തികയുടെ എണ്ണം പുനഃ ക്രമീകരിച്ചപ്പോൾ സിവിൽ, ഇലക്ട്രിക്കൽ വിഭാഗത്തിൽ എത്ര തസ്തിക നിലനിൽക്കുന്നു എന്നതും - സംബന്ധിച്ച്.**

സർവ്വകലാശാലയിലെ താഴെപ്പറയുന്ന പട്ടിക പ്രകാരമുള്ള വിവിധ അനദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുൻപാകെ റിപ്പോർട്ട് ചെയ്യുന്നതിനും എഞ്ചിനീയറിംഗ് യൂണിറ്റിലെ ഓവർസിയർ ഗ്രേഡ് - 2 തസ്തികയുടെ എണ്ണം സിവിൽ വിഭാഗത്തിൽ നിലനിന്നിരുന്ന 3 ൽ നിന്നും 1 കുറച്ച് 2 തസ്തികകളും ഇലക്ട്രിക്കൽ വിഭാഗത്തിൽ നിലനിന്നിരുന്ന 4 ൽ നിന്നും 2 കുറച്ച് 2 തസ്തികകളും (ആകെ 4) ആയി നിശ്ചയിക്കുന്നതിനും തീരുമാനിച്ചു.

| ക്രമ നം. | തസ്തിക | പുനഃ ക്രമീകരണത്തിന് ശേഷമുള്ള തസ്തികയുടെ എണ്ണം | നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം |
|---|---|---|---|---|
| 1 | University Engineer | 1 | 0 | 1 |
| 2 | Security Officer | 1 | 0 | 1 |
| 3 | Overseer Grade II (Civil) | 4 | 0 | 2 |
| 4 | Overseer Grade II (Electrical) | | 0 | 2 |
| 5 | Electrician | 4 | 0 | 4 |
| 6 | Driver cum Office Attendant (Heavy passenger/Goods Vehicle) | 6 | 1 | 5 |
| 7 | Gurkha / Watchman | 3 | 1 | 2 |

**ഇനംനമ്പർ 54/24.01/171802/AD A7-1/2022**

**ഇന്റർ സ്കൂൾ സെന്ററായ AMMRC-ലെ റിസേർച്ച് അസ്സോസിയേറ്റ്എന്ന താൽക്കാലിക തസ്തികയിലെ നിലവിലെ കരാർ ജീവനക്കാരന്റെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്.**

16.04.2024 ൽ സേവന കാലാവധി അവസാനിക്കുന്ന ഡോ. പ്രതീഷ് വി നായർ (താത്കാലിക റിസർച്ച് അസ്സോസിയേറ്റ്- AMMARC) ന്റെ കാലാവധി ഒരു വർഷം കൂടി ദീർഘിപ്പിച്ച് നൽകുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ 55/24.01/53450/ADA7-1/2023

**IUCDS – ശ്രീമതി.ജിനിമോൾ.പി (സെന്ററിൽ നിന്നും നിയോഗിച്ചിട്ടുള്ള താൽക്കാലിക ഓഫീസ്/പ്രൊജക്റ്റ് അസിസ്റ്റന്റ് ) ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് നൽകിയ അപേക്ഷ – താത്കാലിക തസ്തികകളുള്ള അനുമതി – സെന്റർ നേരിട്ട് നിയോഗിച്ചിരുന്ന താത്കാലിക ജീവനക്കാർക്ക് സർവകലാശാലാ ഫണ്ടിൽ നിന്നും വേതനം നൽകുന്നത്, തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച്.**

ശ്രീമതി. ജിനിമോൾ പി ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് നൽകിയ അപേക്ഷ പരിഗണിച്ച് ടി വിഷയം 30.09.2023 തീയതിയിലെ സർവ്വകലാശാല ഉത്തരവ് നം.10278/ADA7/2023/ എം.ജി.യു. തീയതി 30.09.2023 പ്രകാരം രൂപീകൃതമായ അന്വേഷണ കമ്മീഷന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ 56/24.01/ Ad A9/1/452/99/Admn

**വിഷയം :- ഡോ. കെ പി സുരേഷ്, മുൻ പ്രൊഫസ്സർ, സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് – താൽക്കാലിക മുൻ സേവനകാലയളവ് ഒഴിവാക്കിയതിനെ തുടർന്നുള്ള സ്ഥാനക്കയറ്റതീയതി പുനഃക്രമീകരികരണം – അധികമായി ശമ്പള ഇനത്തിൽ നൽകിയ തുക തിരികെ പിടിക്കുന്നത് സംബന്ധിച്ച്**

ഡോ. കെ പി സുരേഷ്, മുൻ പ്രൊഫസ്സർ, സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് – ശമ്പള ഇനത്തിൽ അധികമായി കൈപ്പറ്റിയ തുക ടിയാന്റെ വിരമിക്കൽ ആനുകൂല്യങ്ങളിൽ നിന്നും ഈടാക്കിക്കൊണ്ട് ബാക്കി തുക ടിയാന് എത്രയും വേഗം അനുവദിച്ച് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ 57/24.01/134984/AC A10-4/2023

**പി.എച്.ഡി. പ്രവേശനത്തിന് സംവരണം അനുവദിക്കുന്നവരുടെ പട്ടികയിൽ ഭിന്നശേഷി വിഭാഗക്കാരെയും കൂടി ഉൾപ്പെടുത്തണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി. സുമയ്യ എം. തസ്നീം സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.**

SC/ST ഒഴികെയുള്ള മറ്റു (EWS, OBC മുതലായ) വിഭാഗങ്ങൾക്ക് കൂടി പി.എച്ച്.ഡി. പ്രവേശനത്തിന് സംവരണം ഏർപ്പെടുത്തുന്ന കാര്യം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർവകലാശാല ഉത്തരവ് നമ്പർ 10161/ACA10/2022/ MGU തീയതി 01.10.2022 പ്രകാരം നിയമിതമായ കമ്മിറ്റിയുടെ പരിധിയിൽ ടി വിഷയം കൂടി ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ 58/24.01/153954/AC A1-2/2023

**പിന്നോക്ക സമുദായ വകുപ്പ് – വിദ്യാഭ്യാസ പ്രവേശനത്തിനുള്ള ലിസ്റ്റിലും , അപേക്ഷകളിലും , സ്കൂൾ ട്രാൻസ്ഫർ സർട്ടിഫിക്കറ്റിലും , ജാതി സർട്ടിഫിക്കറ്റിലും, ജാതി / സമുദായം ഈഴവ എന്ന് രേഖപ്പെടുത്തുന്നതിന് പകരം ഈഴവ / തിയ്യ / ബില്ലവ (E/T/B) എന്ന് രേഖപ്പെടുത്തുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് (എം .എസ്) നം .7/2020/പി.വി.വി.വ തീയതി 27.05.2020 സർവകലാശാലയിൽ നടപ്പിലാക്കുന്ന വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനക്ക് സമർപ്പിക്കുന്നത് – സംബന്ധിച്ച്:-**

വിദ്യാഭ്യാസ പ്രവേശനത്തിനുള്ള അപേക്ഷകളിലും, പ്രൊഫഷണൽ കോളേജിലേക്കുള്ള സെക്ഷൻ ലിസ്റ്റിലും, സ്കൂൾ ട്രാൻസ്ഫർ സർട്ടിഫിക്കറ്റിലും, ജാതി സർട്ടിഫിക്കറ്റിലും, ജാതി / സമുദായം ഈഴവ എന്ന് രേഖപ്പെടുത്തുന്നതിന് പകരം ഈഴവ / തിയ്യ / ബില്ലവ (E/T/B) എന്ന് രേഖപ്പെടുത്തുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് (എം .എസ്) നം .7/2020/പി.വി.വി.വ. തീയതി 27.05.2020 സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 59/24.01/73288/AC A5-1/2023/SBES** **മഹാത്മാഗാന്ധി സർവ്വകലാശാലയുടെ സ്കൂൾ ഓഫ് ബിഹേവിയർ സയൻസസിൽ നടത്തിയിരുന്ന 'മാസ്റ്റേഴ്സ് ഡിപ്ലോമ ഇൻ കൗൺസലിങ്ങ് സൈക്കോളജി' കോഴ്സിന്റെ സിലബസ് പരിഷ്കരിച്ച് ' Post Masters Diploma in Counselling Psychology 'എന്ന പുതിയ കോഴ്സായി നടത്തുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച് വിഷയം - സിന്ഡിക്കേറ്റിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നത് സംബന്ധിച്ച്**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ സ്കൂൾ ഓഫ് ബിഹേവിയർ സയൻസസിൽ നടത്തിയിരുന്ന 'മാസ്റ്റേഴ്സ് ഡിപ്ലോമ ഇൻ കൗൺസലിങ്ങ് സൈക്കോളജി' കോഴ്സിന്റെ സിലബസ് പരിഷ്കരിച്ച് ' Post Masters Diploma in Counselling Psychology 'എന്ന പുതിയ കോഴ്സായി നടത്തുന്നതിന് അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 60/24.01/144501/AC A9-2/2023/REG SECT** **മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിലെ വിവിധ മോഡൽ II, മോഡൽ III പ്രോഗ്രാമുകളുടെ ബിരുദ സർട്ടിഫിക്കറ്റിലെ പ്രോഗ്രാം ടൈറ്റിൽ, കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡിൽനിന്നും വ്യത്യസ്ഥമായി രേഖപ്പെടുത്തിയിരിക്കുന്ന പ്രത്യേക സാഹചര്യത്തിൽ, പ്രസ്തുത വിദ്യാർത്ഥികൾക്ക് കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡിന്റെ അടിസ്ഥാനത്തിൽ തുല്യത സർട്ടിഫിക്കറ്റ് നൽകുന്നതിനും, തദനുസരണം എലിജിബിലിറ്റി/ഇക്വിവലെൻസി പോർട്ടല് ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം - സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച് :-**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ നിന്നും വിവിധ മോഡൽ II, മോഡൽ III ബിരുദ പ്രോഗ്രാമുകൾ പൂർത്തിയാക്കിയ, 2020 അഡ്മിഷൻ വരെയുള്ള വിദ്യാർത്ഥികളുടെ ബിരുദ സർട്ടിഫിക്കറ്റിലെ പ്രോഗ്രാം ടൈറ്റിൽ, കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡിൽനിന്നും വ്യത്യസ്ഥമായി രേഖപ്പെടുത്തിയിരിക്കുന്ന പ്രത്യേക സാഹചര്യത്തിൽ, പ്രസ്തുത വിദ്യാർത്ഥികൾക്ക് കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡിന്റെ അടിസ്ഥാനത്തിൽ തുല്യതാ സർട്ടിഫിക്കറ്റ് നൽകുന്നതിനും, തദനുസരണം എലിജിബിലിറ്റി/ഇക്വിവലെൻസി പോർട്ടലിൽ ക്രമീകരിക്കുന്നതും തീരുമാനിച്ചു.

**ഇനംനമ്പർ 61/24.01/151735/AC A12-1/2023** **മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റഗ്രേറ്റഡ് പ്രോഗ്രാംസ് ആൻഡ് റിസർച്ച് ഇൻ ബേസിക് സയൻസ് (IIRBS) - ലും, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൾട്ടി ഡിസിപ്ലിനറി പ്രോഗ്രാംസ് ഇൻ സോഷ്യൽ സയൻസസ് (IMPSS)- ലും നടന്നു വരുന്ന അഞ്ച് വർഷ ഇന്റഗ്രേറ്റഡ് പി.ജി. പ്രോഗ്രാമുകളുടെ അടുത്ത അധ്യയന വർഷത്തെ (2024-25) പ്രവേശന നടപടികൾ സംബന്ധിച്ച് :-**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റഗ്രേറ്റഡ് പ്രോഗ്രാംസ് ആൻഡ് റിസർച്ച് ഇൻ ബേസിക് സയൻസ് (IIRBS)- ലും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൾട്ടി ഡിസിപ്ലിനറി പ്രോഗ്രാംസ് ഇൻ സോഷ്യൽ സയൻസസ് (IMPSS)- ലും നടന്നു വരുന്ന അഞ്ച് വർഷ ഇന്റഗ്രേറ്റഡ് പി.ജി. പ്രോഗ്രാമുകളുടെ അടുത്ത അധ്യയന വർഷത്തെ (2024-25) പ്രവേശന നടപടികൾ നടത്തേണ്ടതില്ല എന്ന IIRBS എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനവും IMPSS -ന്റെ ഫാക്കൽറ്റി കൗൺസിൽ തീരുമാനവും നടപ്പിൽ വരുത്താൻ തീരുമാനിച്ചു.

**ഇനംനമ്പർ 62/24.01/64556/ACA1-3/2023/ACAD** **2020-21 അക്കാദമിക് വർഷം - പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ അക്കാദമിക് കലണ്ടർ വിജ്ഞാപനം തിരുത്തുന്നതിനായി 21.10.2023 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം.ഒ. എ.33/23.07/(64556/EA2-1/2023) തീരുമാനം പുനഃ പരിശോധനയ്ക്കായി സിന്റിക്കേറ്റിലേയ്ക്ക് സമർപ്പിയ്ക്കുന്നത് - സംബന്ധിച്ച്:-**

അക്കാദമിക് കലണ്ടർ വിജ്ഞാപനം നം.57545/ACA1-3/2023/ACA1 തീയതി:16.06.2023 പുറപ്പെടുവിച്ചതിനുശേഷം കോളേജിൽ നിന്ന് അതിഥി അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കുന്നതുമായ ബന്ധപ്പെട്ട് പരാതികൾ ലഭിക്കുകയാണെങ്കിൽ അവ പ്രത്യേകം പ്രത്യേകമായി പരിഗണിച്ച് ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് കോളേജിയേറ്റ് എഡ്യൂക്കേഷൻ എന്നിവർക്ക് വ്യക്തത വരുത്തിക്കൊണ്ട് അതിഥി അധ്യാപകർക്ക് ശമ്പളം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 63/24.01/157757/AC A1-3/2023** **2020-21 അക്കാദമിക് വർഷം - പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ അക്കാദമിക് കലണ്ടർ വിജ്ഞാപനം - 21.10.2023 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് പരിഷ്കരിച്ചുകൊണ്ട് 24.11.2023 തീയതിയിൽ കൈക്കൊണ്ട തീരുമാനം - പുനഃ പരിശോധനയ്ക്കായി സിൻഡിക്കേറ്റിലേയ്ക്ക് സമർപ്പിയ്ക്കുന്നത് - സംബന്ധിച്ച്:-**

അക്കാദമിക് കലണ്ടർ വിജ്ഞാപനം നം.57545/ACA1-3/2023/ACA1 തീയതി:16.06.2023 പുറപ്പെടുവിച്ചതിനുശേഷം കോളേജിൽ നിന്ന് അതിഥി അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കുന്നതുമായ ബന്ധപ്പെട്ട് പരാതികൾ ലഭിക്കുകയാണെങ്കിൽ അവ പ്രത്യേകം പ്രത്യേകമായി പരിഗണിച്ച് ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് കോളേജിയേറ്റ് എഡ്യൂക്കേഷൻ എന്നിവർക്ക് വ്യക്തത വരുത്തിക്കൊണ്ട് അതിഥി അധ്യാപകർക്ക ശമ്പളം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 64/24.01/49440/EN 1/2/2019** **ബി.എഡ് പരീക്ഷകളുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയ കേന്ദ്രങ്ങളായിട്ടുള്ള കോളേജുകൾക്ക് നൽകിവരുന്ന ഫെസിലിറ്റേഷൻ ചാർജ്ജ് വർദ്ധിപ്പിക്കുന്നത് - സംബന്ധിച്ച്.**

ബി.എഡ് പരീക്ഷകളുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയ കേന്ദ്രങ്ങളായിട്ടുള്ള കോളേജുകൾക്ക് നൽകിവരുന്ന ഫെസിലിറ്റേഷൻ ചാർജ്ജ് 2500/- (രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 65/24.01/75293/AD A9-3/2023** **NAAC വിസിറ്റുമായി ബന്ധപ്പെട്ട് സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് വകുപ്പിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഡോ. വിനോദ്കുമാർ എസ് -ന്റെ പേരിൽ അനുവദിച്ച താൽകാലിക മുൻകൂർതുക ₹5,00,000/- രൂപയുടെ ക്രമീകരണത്തിന് ബില്ലുകൾ സമർപ്പിക്കുന്നതിനുള്ള കാലാവധി 30.11.2023 വരെ ദീർഘിപ്പിച്ചു നൽകുന്നത് സംബന്ധിച്ച് .**

NAAC വിസിറ്റുമായി ബന്ധപ്പെട്ട് സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് വകുപ്പിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഡോ. വിനോദ്കുമാർ എസ് -ന്റെ പേരിൽ അനുവദിച്ച താൽകാലിക മുൻകൂർതുകയായ 5,00,000/-രൂപയുടെ ക്രമീകരണത്തിന് ബില്ലുകൾ സമർപ്പിക്കുന്നതിനുള്ള കാലാവധി 30.11.2023 വരെ ദീർഘിപ്പിച്ചു നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 66/24.01/85549/P&D 1-1/2022**

**സർവകലാശാലയിലെ പല്ലന ഹോസ്റ്റലിലെ പെയിന്റിംഗും അനുബന്ധ പ്രവൃത്തികൾക്കും വേണ്ടി ചിലവായ ഫസ്റ്റ് & പാർട്ട് ബിൽ തുകയായ 5,82,501/- രൂപ കരാറുകാരന് അനുവദിക്കുന്നത്- സംബന്ധിച്ച് :-**

- മഹാത്മാഗാന്ധി സർവകലാശാലയിലെ പല്ലന ഹോസ്റ്റലിലെ പെയിന്റിംഗും അനുബന്ധ പ്രവൃത്തികൾക്കും വേണ്ടി ചിലവായ ഫസ്റ്റ് & പാർട്ട് ബിൽ തുകയായ 5,82,501/- രൂപ കരാറുകാരനായ M/s Builds Way, Erumeli-ക്ക് അനുവദിക്കുന്നതിനും, മേൽ തുകയിൽ നിന്ന് താഴെ പറയുന്ന പ്രകാരം കിഴിവുകൾ വകയിരുത്തുന്നതിനും [(IT (1 %) - Rs.4,936/-, WWF (1%) - Rs.4,936/- ,GST (2%) - Rs.9,873/-, Retension @2.5% of BV- Rs.12,341/-, Fine for delay in execution of agreement- Rs.5,863/-, Amount payable to contractor- Rs.5,44,552/-]

- മേൽച്ചെലവ് നടപ്പ സാമ്പത്തിക വർഷത്തിലെ "21 101 06 i - Initiatives for Infrastructure Development of School of Social Sciences, Maintenance of Existing Students Hostel and Canteen" എന്ന ബജറ്റ് ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 67/24.01/68041/AD A9-3/2023**

**സ്കൂൾ ഓഫ് പ്യുവർ ആൻഡ് അപ്ലൈഡ് ഫിസിക്സ് (SPAP) - NAAC വിസിറ്റ്- വകുപ്പിന്റെ അടിസ്ഥാനസൗകര്യ വികസന ചെലവിലേക്കായി, വകുപ്പ്മേധാവി ഡോ.സിറിയക് ജോസഫ് -ന്റെ പേരിൽ അനുവദിച്ച താൽക്കാലിക മുൻകൂർ തുക ₹5,00,000/- (അഞ്ച് ലക്ഷം രൂപാ മാത്രം) രൂപയുടെ ക്രമീകരണം - അധികമായി ചെലവഴിച്ച തുക തിരികെ നൽകുന്നത് സംബന്ധിച്ച്. :-**

NAAC വിസിറ്റുമായി ബന്ധപ്പെട്ട് സ്കൂൾ ഓഫ് പ്യുവർ ആൻഡ് അപ്ലൈഡ് ഫിസിക്സ് വകുപ്പിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആകെ ചിലവഴിച്ച തുകയായ 5,06,736/- (അഞ്ച് ലക്ഷത്തി ആറായിരത്തി എഴുന്നൂറ്റി മുപ്പത്തിയാറ് രൂപ മാത്രം) രൂപയുടെ ചെലവ് അംഗീകരിക്കുന്നതിനും, സർവകലാശാല ഉത്തരവ് നമ്പർ 1659/AD A 9/2023/എം.ജി.യു തീയതി 13.02.2023 പ്രകാരം ഡോ.സിറിയക് ജോസഫ്- ന്റെ പേരിൽ അനുവദിച്ച താൽകാലിക മുൻകൂർ തുകയായ 5,00,000/- (അഞ്ചു ലക്ഷം രൂപ മാത്രം) രൂപ ക്രമപ്പെടുത്തുന്നതിനും, അധികമായി ചെലവഴിച്ച തുകയായ 6,736/- (ആറായിരത്തി എഴുന്നൂറ്റി മുപ്പത്തിയാറ് രൂപ മാത്രം) രൂപ ഡോ. സിറിയക് ജോസഫ്-ന്റെ പേരിൽ തിരികെ അനുവദിക്കുന്നതിനും, പ്രസ്തുത മുൻകൂർ തുക നടപ്പ സാമ്പത്തിക വർഷത്തിലെ സർവ്വകലാശാല ബഡ്ജറ്റിലെ'21 101 69 - NAAC VISIT' എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തി ക്രമപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 68/24.01/64279/AD A3-4/2020**

**ഭരണ കാര്യം - കോവിഡ് -19 ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി അവലോകനം ചെയ്യാൻ നിയോഗിച്ചിരുന്ന സമിതികളുടെ ശിപാർശകൾ പരിഗണിച്ച് പുറപ്പെടുവിച്ച ധനദൃഢീകരണം സാധ്യമാക്കുന്നത് ലക്ഷ്യമാക്കി പുറപ്പെടുവിച്ച വ്യയ നിയന്ത്രണ നിർദ്ദേശങ്ങൾ - സംബന്ധിച്ച്**

കോവിഡ് -19 ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി അവലോകനം ചെയ്യാൻ നിയോഗിച്ചിരുന്ന സമിതികളുടെ ശിപാർശകൾ പരിഗണിച്ച് ധനദൃഢീകരണം സാധ്യമാക്കുന്നത് ലക്ഷ്യമാക്കി പുറപ്പെടുവിച്ച വ്യയ നിയന്ത്രണ നിർദ്ദേശങ്ങൾ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച സ.ഉ.(കൈ)നം.166/2023/ധന, 06/11/2023 നമ്പർ സർക്കാർ ഉത്തരവ് സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 69/24.01/103410/AD B5-1/2023/AD B 5 സർവകലാശാലയിലെ എസ്റ്റേറ്റ് വിഭാഗത്തിന്റെ ഉപയോഗത്തിനായി ഒരു ഇലക്ട്രിക്ക് സ്കൂട്ടർ വാങ്ങുന്നന്നത് സംബന്ധിച്ച്.**

സർവ്വകലാശാലയിൽ പുതുതായി യാതൊരുവിധ വാഹനങ്ങളും വാങ്ങേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ടെങ്കിലും, NAAC വിസിറ്റുമായി ബന്ധപ്പെട്ട അടിയന്തര സാഹചര്യം പരിഗണിച്ച് എസ്റ്റേറ്റ് വിഭാഗത്തിന്റെയും മറ്റ് വിഭാഗങ്ങളുടെയും ഉപയോഗത്തിനായി ഒരു ഇലക്ട്രിക്ക് സ്കൂട്ടർ വാങ്ങുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 70/24.01/12623/P&D 1-1/2022 സർവ്വകലാശാല ക്യാമ്പസിലെ School of Pedagogical Sciences കെട്ടിടത്തിൽ പെയിന്റിങ് വർക്ക് ചെയ്തതിന്റെ ഫസ്റ്റ് & ഫൈനൽ ബിൽ തുകയായ 12,97,189/- രൂപ കരാറുകാരനായ Sri K C Soman Nambiar-ക്ക് അനുവദിക്കുന്നത് - സംബന്ധിച്ച് :-**

- മഹാത്മാഗാന്ധി സർവ്വകലാശാലയിലെ School of Pedagogical Sciences കെട്ടിടത്തിൽ പെയിന്റിങ് വർക്ക് ചെയ്തതിന്റെ ഫസ്റ്റ് & ഫൈനൽ ബിൽ തുകയായ 12,97,189/- രൂപ Sri. K C Soman Nambiar, Koyadan, Choyikunimal, Mullakkodi P O, Mayyil, Kannur- ന് അനുവദിക്കുന്നതിനും, മേൽ തുകയിൽ നിന്ന് താഴെ പറയുന്ന പ്രകാരം കിഴിവുകൾ വകയിരുത്തുന്നതിനും [(IT(1%)- Rs.10,993/-, WWF (1%)-Rs.10,993/-, GST (2%) - Rs. 21,986/-), മേൽ കിഴിവുകൾ വകയിരുത്തി 12,53,217/- രൂപ കരാറുകാരന് നൽകുന്നതിനും) ],
- മേൽച്ചെലവ് നടപ്പ സാമ്പത്തിക വർഷത്തിലെ "21 101 10 i -Modernisation of University Administration & Examination Infrastructure" എന്ന ബജറ്റ് ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 71/24.01/40671/P&D1/3/2019 (PART I) സർവ്വകലാശാല ക്യാമ്പസിലെ സൈരന്ധ്രി ഹോസ്റ്റലിൽ വിട്രിഫൈഡ് ടൈൽ ഇടുന്ന പ്രവൃത്തി ചെയ്തതിന്റെ ഫസ്റ്റ് & ഫൈനൽ ബിൽ തുകയായ 19,54,720/- രൂപ കരാറുകാരനായ ശ്രീ പ്രവീൺ വർഗീസ്-ന അനുവദിക്കുന്നത് - സംബന്ധിച്ച്:-**

- മഹാത്മാഗാന്ധി സർവ്വകലാശാല ക്യാമ്പസിലെ സൈരന്ധ്രി ഹോസ്റ്റലിൽ വിട്രിഫൈഡ് ടൈൽ ഇടുന്ന പ്രവൃത്തി ചെയ്തതിന്റെ ഫസ്റ്റ് & ഫൈനൽ ബിൽ തുകയായ Rs.19,54,720/- രൂപ Sri.Praveen Varghese, Mudakkalil, Randar P.O-ന അനുവദിക്കുന്നതിനും മേൽ തുകയിൽ നിന്ന് താഴെ പറയുന്ന പ്രകാരം കിഴിവുകൾ വകയിരുത്തുന്നതിനും [(IT(1%)- Rs.16,565/-, WWF (1%)- Rs.16,565/-, GST (2%)- Rs.33,131/-), മേൽ കിഴിവുകൾ വകയിരുത്തി 18,88,459/- രൂപ കരാറുകാരന് നൽകുന്നതിനും) ],
- മേൽച്ചെലവ് നടപ്പ സാമ്പത്തിക വർഷത്തിലെ "21 101 06 i - Initiatives for Infrastructure Development of School of Social Sciences, Maintenance of Existing Students Hostel and Canteen" എന്ന ബജറ്റ് ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 72/24.01/85515/P&D 1-1/2022/P&D 1 ഭവാനി ടീച്ചേർസ് ക്വാർട്ടേഴ്സ് -retaining wall, steel grill എന്നിവ നിർമ്മിക്കുന്നതിനായുള്ള 16,45,300/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നത് സംബന്ധിച്ച്:**

പ്രസ്തുത വിഷയം പുനഃപരിശോധിക്കുന്നതിനായി സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി - ഫിനാൻസ്-ലേക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 73/24.01/151401/AD A3-4/2023 ധനകാര്യ(പ്രോവിഡന്റ് ഫണ്ട്)വകുപ്പ് - കേരള സംസ്ഥാന സർക്കാർ ജനറൽ പ്രോവിഡന്റ് ഫണ്ടുകൾ - നിക്ഷേപ തുകയ്ക്ക് 2023 ഒക്ടോബർ 1 മുതൽ ഡിസംബർ 31 വരെയുള്ള പലിശനിരക്ക് -ഉത്തരവ് സംബന്ധിച്ച്.**

സംസ്ഥാന സർക്കാർ നേരിട്ട് നിയന്ത്രിക്കുന്നവയിലും മറ്റ് സമാന പ്രോവിഡന്റ് ഫണ്ടിലുമുള്ള നിക്ഷേപങ്ങൾക്ക് 01.10.2023 മുതൽ 31.12.2023 വരെയുള്ള കാലയളവിലേക്ക് 7.1% പലിശ നിരക്ക് നിശ്ചയിച്ച് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച സ.ഉ. (അച്ചടി) നം.114/2023/ധന. തീയതി 23.11.2023 സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 74/24.01/109269/AD A3-4/2023** | **ധനകാര്യ വകുപ്പ് - ദിവസ വേതന/കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്.** |

പ്രസ്തുത വിഷയം പുനഃപരിശോധിക്കുന്നതിനായി സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി - ഫിനാൻസ്-ലേക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 75/24.01/91610/AD B2-2/2023** | **സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് & പൊളിറ്റിക്സിലെ ക്ലാസ് റൂമുകളിലേക്ക് വാങ്ങിയ ഫർണിച്ചറിന്റെ തുക അനുവദിക്കുന്നത് സംബന്ധിച്ച്:-** |

സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് & പൊളിറ്റിക്സിലെ ക്ലാസ് റൂമുകളിലേക്ക് 40 എണ്ണം ക്ലാസ്റൂം ടേബിളുകളും 80 എണ്ണം ക്ലാസ്സ്റൂം ചെയറുകളും വിതരണം ചെയ്ത വകയിൽ M/s. കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KADCO) എറണാകുളം എന്ന സ്ഥാപനത്തിന് നികുതിയുൾപ്പെടെ ആകെ 8,07,498/- രൂപ (എട്ട് ലക്ഷത്തി ഏഴായിരത്തി നാന്നൂറ്റി തൊണ്ണൂറ്റെട്ട് രൂപ മാത്രം) സർവകലാശാലയുടെ 2023-2024 സാമ്പത്തിക വർഷ ബജറ്റിലെ '21 101 20 i - SIRP - Upgradation of Facilities for School of International Relations and Politics' എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും വകയിരുത്തി അനുവദിച്ചു നൽകുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 76/24.01/40671/P&D1/3/2019** | **മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ലേഡീസ് ഹോസ്റ്റലായ സൈരന്ധ്രിയിൽ സ്കൂട്ടർ ഷെഡ് പണിയുന്നതിനായി 6,44,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നത് - സംബന്ധിച്ച് :-** |

സർവകലാശാലയുടെ ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധി പരിഗണിച്ച് കുറഞ്ഞ ചിലവിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ഫയൽ പുനഃസമർപ്പിക്കുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 77/24.01/143150/P&D 1-1/2021** | **സർവ്വകലാശാല ക്യാമ്പസിലെ School of International Relations and Politics ഓഡിറ്റോറിയത്തിന്റെ അറ്റകുറ്റപണികൾ ചെയ്തതിന്റെ ഫസ്റ്റ് & ഫൈനൽ ബിൽ തുകയായ 7,75,507/-രൂപ കരാറുകാരനായ Ahmed Shakkeer, Builds Way, Erumeli-ക്ക അനുവദിക്കുന്നത് - സംബന്ധിച്ച് :-** |

- മഹാത്മാഗാന്ധി സർവ്വകലാശാലയിലെ School of International Relations and Politics ഓഡിറ്റോറിയത്തിന്റെ അറ്റകുറ്റപണികൾ ചെയ്തതിന്റെ ഫസ്റ്റ് & ഫൈനൽ ബിൽ തുകയായ 7,75,507/- രൂപ Ahamed Shakkeer, Builds Way, Chemmarappallil(H), Erumely-ന്ന അനുവദിക്കുന്നതിനും, മേൽ തുകയിൽ നിന്ന് താഴെ പറയുന്ന പ്രകാരം കിഴിവുകൾ വകയിരുത്തുന്നതിനും [(IT(1%)- Rs.6,572/-, WWF (1%)-Rs.6,572/-, GST (2%)- Rs.13,144/-, മേൽ കിഴിവുകൾ വകയിരുത്തി 7,49,219/- രൂപ കരാറുകാരന് നൽകുന്നതിനും) ]
- മേൽച്ചെലവ് നടപ്പ (2023-24) സാമ്പത്തിക വർഷത്തിലെ "21 101 20 i SIRP- Upgradation of Facilities for School of International Relations and Politics" എന്ന ബജറ്റ് ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിനും തീരുമാനിച്ചു.

ഇനംനമ്പർ 78/24.01/18169/AD A9-3/2023

**സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് (SPESS)-2021-2022 അന്തർസർവകലാശാല ടൂർണമെന്റിലെ യോഗ്യരായ വിദ്യാർഥികൾക്ക് സ്പോർട്സ് മെറിറ്റ് അവാർഡ് വിതരണം, AIIU ടൂർണമെന്റ് വിജയിച്ച പരിശീലർക്കും മാനേജർമാർക്കും ക്യാഷ് അവാർഡ്, എന്നിവയുടെ ചെലവിലേക്കായി താൽകാലിക മുൻകൂർ തുകയായി ₹6,00,000/- രൂപയുടെ (ആറ് ലക്ഷം രൂപ മാത്രം) ക്രമീകരണം - സംബന്ധിച്ച് :-**

2021-2022 അന്തർ സർവകലാശാല ടൂർണമെന്റിലെ യോഗ്യരായ വിദ്യാർത്ഥികൾ, ടീം മാനേജർ / കോച്ച് എന്നിവർക്ക് സ്പോർട്സ് മെറിറ്റ് അവാർഡ് വിതരണം ചെയ്ത വകയിൽ ചെലവാക്കിയ തുകയായ 6,00,000/- (ആറു ലക്ഷം രൂപ മാത്രം) രൂപയുടെ ചെലവ് അംഗീകരിക്കുന്നതിനും, സർവകലാശാല ഉത്തരവ് നമ്പർ 5946 /AD A 9/2023/എം.ജി.യു തീയതി 27.05.2023 പ്രകാരം SPESS ഡയറക്ടർ ഡോ.ബിനു ജോർജ് വർഗീസ്-ന്റെ പേരിൽ താൽക്കാലിക മുൻകൂർ തുകയായി അനുവദിക്കപ്പെട്ട 6,00,000/-രൂപ (ആറു ലക്ഷം രൂപ മാത്രം) ക്രമപ്പെടുത്തുന്നതിനും, മേൽ ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ സർവകലാശാല ബജറ്റിലെ ¨ 22 418 70 –Merit Scholarships ¨ എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തി ക്രമീകരിക്കുന്നതിനും തീരുമാനിച്ചു.

ഇനംനമ്പർ 79/24.01/155075/FO SECTION-ASSISTANT1/2023

**2023 -24 സാമ്പത്തിക വർഷ സർവകലാശാല ബജറ്റിലെ യൂണിവേഴ്സിറ്റി ഹോസ്റ്റൽ ഫോർ വുമൺ - നോൺ പ്ലാൻ ഇനത്തിൽ അനുവദിച്ചിരിക്കുന്ന "22 420 27 - Payment to Contingent Employees" എന്ന ബജറ്റ് ശീർഷകത്തിൽ അധിക തുക വകയിരുത്തൽ സംബന്ധിച്ച് :-**

2023 -24 സാമ്പത്തിക വർഷ ബജറ്റിലെ യൂണിവേഴ്സിറ്റി ഹോസ്റ്റൽ ഫോർ വുമൺ - നോൺ പ്ലാൻ ഇനത്തിൽ അനുവദിച്ചിരിക്കുന്ന '22 420 27 – Payment to Contingent Employees ' എന്ന ബജറ്റ് ശീർഷകത്തിൽ അധിക തുകയായി 16,00,000/- (പതിനാറുലക്ഷം രൂപ മാത്രം) രൂപ കൂടി വകയിരുത്തി അടങ്കൽ തുക 41,00,000/- (നാൽപ്പത്തിയൊന്ന് ലക്ഷം രൂപ മാത്രം) രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ 80/24.01/119669/AD A9-3/2023

**സ്കൂൾ ഓഫ് ലെറ്റേഴ്സ് - NAAC visit - സർവകലാശാലയിലെ സ്റ്റാട്യൂട്ടറി ഡിപ്പാർട്മെന്റുകളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട ചെലവിലേക്കായി സ്കൂൾ ഓഫ് ലെറ്റേഴ്സ് വകുപ്പ് ഡയറക്ടർ ഡോ.ജോസ് കെ മാനുവൽ ന്റെ പേരിൽ അനുവദിച്ച താൽക്കാലിക മുൻകൂർ തുക ₹5,00,000/- (അഞ്ച് ലക്ഷം രൂപാ മാത്രം) രൂപയുടെ ക്രമീകരണം - പിഴപ്പലിശ ഈടാക്കുന്നത് സംബന്ധിച്ച് :-**

NAAC വിസിറ്റുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നിർവ്വഹിക്കുന്നതിലേക്കായി അനുവദിച്ച താൽക്കാലിക മുൻകൂർ തുകകൾ ക്രമീകരിക്കുന്നതിനായുള്ള സമയപരിധി ആറുമാസം വരെ ദീർഘിപ്പിച്ച് നൽകിയിരുന്നുവെങ്കിലും ടി സമയപരിധിക്കുള്ളിൽ മുൻകൂർ തുകകൾ ക്രമീകരിക്കാതിരുന്നതിന് ടിയാൻ നൽകിയ വിശദീകരണവും ടി വർക്കുകൾ കൃത്യമായി പൂർത്തീകരിച്ചതും പരിഗണിച്ച് സ്കൂൾ ഓഫ് ലെറ്റേഴ്സ് വകുപ്പ് മേധാവി ഡോ. ജോസ് കെ. മാനുവലിന്റെ പേരിൽ അനുവദിച്ച താൽക്കാലിക മുൻകൂർ തുകയായ 5,00,000/- രൂപ പിഴപ്പലിശ ഒഴിവാക്കി ക്രമീകരിക്കുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ 81/24.01/34186/AdA8-1/2020

**പെൻഷൻ- പ്രൊഫ.(ഡോ)കെ.ശ്രീരംഗനാഥൻ (റിട്ട)- ക്രമീകരിക്കപ്പെടാത്ത ബാധ്യതയായി നിലനിർത്തിയിരുന്ന ₹2,55,640/- തിരികെ നല്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയിന്മേൽ തീരുമാനമെടുക്കുന്നത്-സംബന്ധിച്ച്**

പ്രൊഫ.(ഡോ) കെ.ശ്രീരംഗനാഥൻ-ന്റെ പേരിൽ ബാദ്ധ്യതയായി നിലനിർത്തിയിട്ടുള്ള 2,55,640/- രൂപ ക്രമീകരിച്ചതായുള്ള രേഖകൾ പരിശോധനയിൽ ലഭ്യമായിട്ടില്ലാത്തതിനാൽ ടിയാൻ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ 82/24.01/123506/AD A9-3/2023

**ഇൻറർനാഷണൽ സെന്റർ ഫോർ പോളാർ സ്റ്റഡീസ് (ICPS ) വകുപ്പിൽ NAAC വിസിറ്റുമായി ബന്ധപ്പെട്ട അടിസ്ഥാനസൗകര്യ വികസന ചെലവിലേക്കായി, വകുപ്പിന്റെ ജോയിന്റ് ഡയറക്ടർ ഡോ. മഹേഷ് മോഹൻ ന്റെ പേരിൽ അനുവദിച്ച താൽക്കാലിക മുൻകൂർ തുക ₹2,00,000/- (രണ്ട് ലക്ഷം രൂപാ മാത്രം) രൂപയുടെ ക്രമീകരണം - പിഴ പലിശ ഈടാക്കുന്നത് സംബന്ധിച്ച് :-**

NAAC വിസിറ്റുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നിർവ്വഹിക്കുന്നതിലേക്കായി അനുവദിച്ച താൽക്കാലിക മുൻകൂർ തുകകൾ ക്രമീകരിക്കുന്നതിനായുള്ള സമയപരിധി ആറുമാസം വരെ ദീർഘിപ്പിച്ച് നൽകിയിരുന്നുവെങ്കിലും ടി സമയപരിധിക്കുള്ളിൽ മുൻകൂർ തുകകൾ ക്രമീകരിക്കാതിരുന്നതിന് ടിയാൻ നൽകിയ വിശദീകരണവും, ടി വർക്കുകൾ കൃത്യമായി പൂർത്തീകരിച്ചതും പരിഗണിച്ച് ഇൻറർനാഷണൽ സെന്റർ ഫോർ പോളാർ സ്റ്റഡീസ് (ICPS) വകുപ്പിന്റെ ജോയിന്റ് ഡയറക്ടർ ഡോ. മഹേഷ് മോഹന്റെ പേരിൽ അനുവദിച്ച താൽക്കാലിക മുൻകൂർ തുക 2,00,000/- (രണ്ട് ലക്ഷം രൂപാ മാത്രം) പിഴ പലിശ ഒഴിവാക്കി ക്രമീകരിക്കുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ 83/24.01/93427/AD A5-4/2023

**മഹാത്മാഗാന്ധി സർവ്വകലാശാല യൂണിയൻ (2021-2022) ന്റെ സമാപനയോഗം, 2023 ഒക്ടോബർ 30 തീയതിയിൽ സർവ്വകലാശാല ക്യാംപസിൽ വച്ച് സംഘടിപ്പിച്ച വകയിൽ, അധികമായി ചെലവഴിച്ച 27,200/- (ഇരുപത്തേഴായിരത്തി ഇരുന്നൂറ് രൂപ മാത്രം) രൂപ തിരികെ നൽകുന്ന വിഷയത്തിൽ ഉചിതമായ തീരുമാനം എടുക്കുന്നത് സംബന്ധിച്ച് -**

അധികമായി ചെലവഴിച്ച 27,200/- (ഇരുപത്തേഴായിരത്തി ഇരുന്നൂറ് രൂപ മാത്രം) രൂപ തിരികെ നൽകുന്ന വിഷയം പുനഃപരിശോധിക്കുന്നതിനായി സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി - ഫിനാൻസ്-ലേക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ 84/24.01/2561/AD A5-2/2021

**ശ്രീ. സുനിൽ കെ എൻ, ബാസ്കറ്റ് ബോൾ കോച്ച് - സ്പെസ്സ് ന്റെ പക്കൽ നിന്നും പിഴ പലിശ ഈടാക്കുന്ന വിഷയത്തിൽ തീരുമാനം എടുക്കുന്നത് സംബന്ധിച്ച് -**

സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് പഠന വകുപ്പ് മേധാവിയുടെ എസ് പി ഇ എസ്/IC/IU/2017-18 & 2015-16 എന്ന കത്ത് അടക്കമുള്ള രേഖകൾ, ശ്രീ സുനിൽ കെ എൻ-ന്റെ പേരിൽ അനുവദിച്ചിട്ടുള്ള 11,50,000 /- രൂപയുടെ ക്രമീകരണവുമായി ബന്ധപ്പെട്ട ഉത്തരവുകൾ എന്നിവയുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ കണ്ടെത്താനായില്ല എന്നത് അംഗീകരിക്കാനാവാത്തതിനാൽ ആയതിന്മേൽ വിശദമായ അന്വേഷണം നടത്തുന്നതിനായി രജിസ്ട്രാറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ 85/24.01/128511/P&D 1-1/2023

**സ്കൂൾ ഓഫ് സോഷ്യൽ സയൻസസിനെ മഹാത്മാഗാന്ധി സർവ്വകലാശാല ക്യാമ്പസ്സിനുള്ളിൽ കൊണ്ടുവരണമെന്ന വിദ്യാർത്ഥി സംഘടനയുടെ ആവശ്യം-സംബന്ധിച്ച് :-**

സ്കൂൾ ഓഫ് സോഷ്യൽ സയൻസസ്-നെ സർവ്വകലാശാല കാമ്പസിലേക്ക് കൊണ്ടുവരണമെന്ന വിദ്യാർത്ഥി സംഘടനയുടെ ആവശ്യം മുട്ടം കാമ്പസിലേക്ക് സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് മാറ്റുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നമുറയ്ക്ക് മാത്രം പരിഗണിക്കുന്നതിനും, സർവ്വകലാശാലയിലെ സ്ഥല ലഭ്യത സംബന്ധിച്ച് സ്പേസ് ഓഡിറ്റ് നടത്തുന്നതിനും, സ്കൂൾ ഓഫ് സോഷ്യൽ സയൻസസ്-നെ കാമ്പസിലേക്ക് മാറ്റുന്ന സാഹചര്യത്തിൽ ഇപ്പോഴത്തെ സ്കൂൾ ഓഫ് സോഷ്യൽ സയൻസസ് കാമ്പസ് എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാമെന്നത് സംബന്ധിച്ചും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റംഗം ഡോ. എ. ജോസ്, രജിസ്ട്രാർ, എസ്റ്റേറ്റ് ഓഫീസർ, സർവ്വകലാശാല എൻജിനീയർ എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| ഇനംനമ്പർ 86/24.01/32159/AD A7-2/2022 | **IIUCNN ൽ രണ്ടാമത് ICAPM 2017 ന്റെ നടത്തിപ്പിനായി അനുവദിച്ചിരുന്ന 1,00,000/-രൂപ മുൻകൂർ തുകയുടെ ക്രമീകരണവുമായി ബന്ധപ്പെട്ട് പിഴപ്പലിശ ഈടാക്കുന്നത് സംബന്ധിച്ച്.** |

ഇന്റർനാഷണൽ ആൻഡ് ഇന്റർയൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആൻഡ് നാനോ ടെക്നോളജി (IIUCNN)-ൽ രണ്ടാമത് ഇന്റർനാഷണൽ കോൺഫറൻസ് ഓൺ അഡ്വാൻസ്ഡ് പോളിമെറിക് മെറ്റീരിയൽസ്(ICAPM 2017) ന്റെ നടത്തിപ്പിന്റെ ചെലവിലേക്കായി ഓണററി ഡയറക്ടർ ഡോ. സാബു തോമസിന്റെ പേരിൽ അനുവദിച്ച താത്കാലിക മുൻകൂർ തുകയായ 1,00,000/ രൂപ (ഒരു ലക്ഷം രൂപ മാത്രം) ക്രമീകരിക്കുന്നതിലുണ്ടായ കാലതാമസത്തിന് ടിയാൻ നൽകിയ വിശദീകരണം പൂർണമായും തൃപ്തികരമല്ലെങ്കിലും ടി കോൺഫറൻസ് യൂണിവേഴ്സിറ്റിക്ക് അന്തർദ്ദേശീയതലത്തിൽ മികച്ച നേട്ടം കരസ്ഥമാക്കാൻ സഹായിച്ചു എന്നതു പരിഗണിച്ച് പിഴപ്പലിശയായി 1050/- രൂപ ഈടാക്കുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| ഇനംനമ്പർ 87/24.01/112919/AD A5-2/2023 | **SPESS- സർവ്വകലാശാല മത്സരങ്ങളിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ ദിനബത്ത, കോച്ചിങ് ക്യാമ്പുകളിൽ പങ്കെടുക്കുന്നവർക്കും ബാധകമാക്കി - ഉത്തരവ് പരിഷ്കരിക്കുന്നത് - സംബന്ധിച്ച് :-** |

സർവ്വകലാശാല മത്സരങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന കായികതാരങ്ങളുടെ ദിനബത്ത, ടൂർണമെന്റുകളുടെ conduct charge, officiating charge, inter collegiate tournament-കളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട മാറ്റങ്ങൾ, യൂണിവേഴ്സിറ്റി ടീം സെലക്ഷൻ എന്നിവ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സിൻഡിക്കേറ്റംഗം ഡോ. ബിജു തോമസിനെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| ഇനംനമ്പർ 88/24.01/140461/FO SECTION-ASSISTANT1/2023 | **2023-24 സാമ്പത്തിക വർഷം** Debts & Deposits -14 801 05 - GPAIS Subscription (Receipt), 24 801 05 GPAIS Remittance (Expenditure) **എന്നീ ശീർഷകങ്ങളിൽ അധിക തുക വകയിരുത്തൽ സംബന്ധിച്ച് :** |

2023-24 സാമ്പത്തിക വർഷത്തെ Debts & Deposits -14 801 05 - GPAIS Subscription (Receipt), 24 801 05 GPAIS Remittance (Expenditure) എന്നീ ശീർഷകങ്ങളിൽ അധിക തുകയായി 8,00,000/- (എട്ടുലക്ഷം രൂപ മാത്രം) രൂപ വീതം വകയിരുത്തി അടങ്കൽ തുകകൾ 20,00,000/- (ഇരുപത് ലക്ഷം രൂപ മാത്രം) രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| ഇനംനമ്പർ 89/24.01/14688/p&d 1/3/2019 | **മഹാത്മാഗാന്ധി സർവ്വകലാശാല ഭവാനി ടീച്ചേർസ് ക്വാർട്ടേഴ്സിൽ ആന്റി-ടെർമൈറ്റ് ട്രീറ്റ്മെന്റ്, അറ്റകുറ്റപണികൾ, പെയിന്റിംഗ് എന്നിവ ചെയ്യുന്നതിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള അനുമതി നൽകുന്നത് - സംബന്ധിച്ച് :-** |

- മഹാത്മാഗാന്ധി സർവ്വകലാശാല ഭവാനി ടീച്ചേർസ് ക്വാർട്ടേഴ്സിൽ ആന്റി-ടെർമൈറ്റ് ട്രീറ്റ്മെന്റ്, അറ്റകുറ്റപണികൾ, പെയിന്റിംഗ് എന്നിവ ചെയ്യുന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനും,
- മഹാത്മാഗാന്ധി സർവ്വകലാശാല ഭവാനി ടീച്ചേർസ് ക്വാർട്ടേഴ്സിൽ ആന്റി-ടെർമൈറ്റ് ട്രീറ്റ്മെന്റ്, അറ്റകുറ്റപണികൾ, പെയിന്റിംഗ് എന്നിവ ചെയ്യുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് സർവ്വകലാശാല എഞ്ചിനിയറെ ചുമതലപ്പെടുത്തുന്നതിനും,
- ടി എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 90/24.01/140049/DSS 2/2023**

**ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ്സ് സർവീസസിന്റെ ആഭിമുഖ്യത്തിൽ അഫിലിയേറ്റഡ് കോളേജുകളിലെ തെരഞ്ഞെടുക്കപ്പെടുന്ന രണ്ട് പേരടങ്ങുന്ന വിദ്യാർത്ഥികളുടെ ലീഡർഷിപ് ടീം അംഗങ്ങൾക്കായി "പരിവർത്തനത്തിന്റെ പാതയിൽ, അണി ചേരാൻ ഞങ്ങളും" എന്ന വിഷയത്തെ സംബന്ധിച്ച് ഏകദിന ശില്പശാലകൾ സംഘടിപ്പിക്കുന്നതിനും ആയതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നതും സംബന്ധിച്ച്;-**

വിദ്യാർത്ഥികളെ മാത്രം ഉൾപ്പെടുത്തിയുള്ള ഏകദിന ശില്പശാല കോളേജുകൾക്ക് ഗുണകരമായി മാറ്റുവാൻ സാധിക്കുകയില്ലാത്തതിനാൽ അദ്ധ്യാപക പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി പുതുക്കിയ proposal സമർപ്പിക്കുന്നതിന് നിർദ്ദേശം നല്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 91/24.01/144956/AD A5-2/2022**

**ഇന്റർ യൂണിവേഴ്സിറ്റി, ഇന്റർ കോളേജിയേറ്റ് മത്സരങ്ങൾക്കും പരിശീലന ക്യാമ്പുകൾക്കും കോച്ച് & മാനേജർ ആയി നിയമിക്കപ്പെടുന്ന, സ്വാശ്രയ കോളേജ് അദ്ധ്യാപകർ, സർക്കാർ സർവീസിൽ ഇല്ലാത്ത കോച്ചുമാർ എന്നിവർക്ക് ഓണറേറിയം നൽകുന്നത് സംബന്ധിച്ച് പുറത്തിറക്കിയ സർവകലാശാല ഉത്തരവ് നമ്പർ 9830 /AD A5/ 2023/ എം.ജി.യു തീയതി 19.09.2023 - പരിഷ്കരിക്കുന്നത് സംബന്ധിച്ച് -**

സ.ഉ. നമ്പർ 9830/AD A5/2023/MGU dtd. 19.09.2023 SPESS-ൽ നടപ്പാക്കാതിരുന്നതിനുള്ള വിശദീകരണം വകുപ്പ് മേധാവിയിൽ നിന്നും ലഭ്യമാക്കി ഫയൽ പുനർസമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 92/24.01/140456/ADA9 SO/2023**

**NAAC വിസിറ്റുമായി ബന്ധപ്പെട്ട് Inter University Centre for Studies in Science of Music (IUCSSM) -ന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി IUCSSM ഡയറക്ടർ ഡോ. ജയചന്ദ്രൻ കെ യുടെ പേരിൽ അനുവദിച്ച താൽക്കാലിക മുൻകൂർ തുക ₹2,00,000/- രൂപ (രണ്ട് ലക്ഷം രൂപ മാത്രം) രൂപയുടെ ക്രമീകരണം - പിഴപ്പലിശ ഈടാക്കുന്നത് സംബന്ധിച്ച്:-**

- NAAC വിസിറ്റുമായി ബന്ധപ്പെട്ട് Inter University Centre for Studies in Science of Music (IUCSSM) -ന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി IUCSSM ഡയറക്ടർ ഡോ. ജയചന്ദ്രൻ കെ യുടെ പേരിൽ അനുവദിച്ച താൽക്കാലിക മുൻകൂർ തുക ₹2,00,000/-രൂപ (രണ്ട് ലക്ഷം രൂപ മാത്രം) പിഴപ്പലിശ ഒഴിവാക്കി ക്രമീകരിക്കുന്നതിനും,
- NAAC വിസിറ്റുമായി ബന്ധപ്പെട്ട്, Inter University Centre for Studies in Science of Music (IUCSSM) -ന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ചെലവഴിച്ച 1,92,881/-രൂപയുടെ ചെലവ് അംഗീകരിക്കുന്നതിനും,
- ചെലവഴിക്കാതെ ബാക്കി വന്ന തുകയായ 9,130/-രൂപ (ഒൻപതിനായിരത്തി ഒരുന്നൂറ്റി മുപ്പത് രൂപ മാത്രം ), സർവകലാശാല ഫണ്ടിലേക്ക് തിരിച്ചടച്ചത് അംഗീകരിക്കുന്നതിനും,
- സർവകലാശാല ഉത്തരവ് നമ്പർ 2698/AD A 9/2023/എം.ജി.യു. തിയതി 08.03.2023 പ്രകാരം, IUCSSM-ന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി, ഡയറക്ടർ ഡോ. ജയചന്ദ്രൻ. കെ യുടെ പേരിൽ താൽകാലിക മുൻകൂർ തുകയായി അനുവദിച്ച 2,00,000/-രൂപ (രണ്ട് ലക്ഷം രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷത്തിലെ സർവകലാശാല ബഡ്ജറ്റിലെ 21 101 69 - NAAC VISIT എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തി ക്രമപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 93/24.01/15280/AD A9-3/2023** **സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് - 2022-23 വർഷത്തെ സൗത്ത് സോൺ & ഓൾ ഇന്ത്യ ഇന്റർ യൂണിവേഴ്സിറ്റി ഹാൻഡ് ബോൾ (വനിത) ടൂർണമെന്റ് നടത്തിപ്പ് ചെലവിലേയ്ക്കായി സ്പെസ്സ് ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസിന്റെ പേരിൽ അനുവദിച്ച ₹15,00,000/- (പതിനഞ്ച് ലക്ഷം രൂപ മാത്രം) ക്രമീകരിക്കുന്നത് - സംബന്ധിച്ച്.**

2022 - 23 വർഷത്തെ സൗത്ത് സോൺ & ഓൾ ഇന്ത്യ ഇന്റർ യൂണിവേഴ്സിറ്റി ഹാൻഡ് ബോൾ (വനിത) ടൂർണമെന്റ് നടത്തിപ്പ് ചെലവിലേക്കായി സ്പെസ്സ് ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസിന്റെ പേരിൽ, 1626/AD A9/2023/എംജിയു തിയതി 10.02.2023 പ്രകാരം മുൻകൂർ തുകയായി അനുവദിച്ച 15,00,000/- (പതിനഞ്ച് ലക്ഷം രൂപ മാത്രം) 2023-2024 സാമ്പത്തിക വർഷത്തിലെ സർവകലാശാല ബഡ്ജറ്റിലെ 22 401 58 Intercollegiate/Inter Uty Tournament ' എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തി ക്രമീകരിക്കുന്നതിനും, അധികമായി ചെലവഴിച്ച തുകയായി വകുപ്പ് മേധാവി സൂചിപ്പിച്ചിരിക്കുന്ന 7,60,105/- (ഏഴ് ലക്ഷത്തി അറുപതിനായിരത്തി ഒരുന്നൂറ്റി അഞ്ച് രൂപ മാത്രം) രൂപ തിരികെ നൽകേണ്ടതില്ല എന്നും തീരുമാനിച്ചു.

**ഇനംനമ്പർ 94/24.01/151029/FO SECTION-ASSISTANT1/2023** **2023-24 സാമ്പത്തിക വർഷത്തെ സർവകലാശാലയുടെ നോൺ പ്ലാൻ ഇനത്തിലെ " 22 501 99 a - Amazone Web Services " എന്ന ശീർഷകത്തിൽ അധിക തുക വകയിരുത്തൽ സംബന്ധിച്ച് :-**

2023-24 സാമ്പത്തിക വർഷത്തെ സർവകലാശാലയുടെ നോൺ പ്ലാൻ ഇനത്തിലെ ' 22 501 99 a - Amazone Web Services ' എന്ന ശീർഷകത്തിൽ അധിക തുകയായി Rs.18,00,000/- (പതിനെട്ട് ലക്ഷം രൂപ മാത്രം) രൂപ കൂടി വകയിരുത്തി അടങ്കൽ തുക Rs.28,00,000/- (ഇരുപത്തിയെട്ട് ലക്ഷം രൂപ മാത്രം) രൂപ ആയി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 95/24.01/156542/AC A1-2/2023** **അഫിലിയേറ്റഡ് കോളേജുകളിൽ നിന്നും തെറ്റായോ അധികമായോ അടച്ച ഫീസ് തിരികെ നൽകണമെന്ന് ആവശ്യപ്പെട്ട് ലഭിക്കുന്ന അപേക്ഷകളിൽ പ്രോസസ്സിംഗ് ഫീ ഈടാക്കുന്നത് - വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിയ്ക്കുന്നത് സംബന്ധിച്ച് :-**

അഫിലിയേറ്റഡ് കോളേജുകളിൽ നിന്നും തെറ്റായോ അധികമായോ അടച്ച ഫീസ് തിരികെ നൽകണമെന്നാവശ്യപ്പെട്ട് ലഭിക്കുന്ന അപേക്ഷകളിന്മേൽ ചുവടെ സൂചിപ്പിച്ചിരിക്കുന്ന രീതിയിൽ പ്രോസസ്സിംഗ് ഫീ ഈടാക്കി ബാക്കി തുക റീഫണ്ട് ചെയ്യുന്നതിന് തീരുമാനിച്ചു.

- ഒരു വർഷത്തിനുള്ളിൽ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ ഒടുക്കിയ തുകയുടെ 10% തുക പ്രോസസിംഗ് ഫീ ഇനത്തിൽ കിഴിവ് ചെയ്യുന്നതിനും,
- ഒരു വർഷത്തിനുശേഷം സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ ഒടുക്കിയ തുകയുടെ 20% തുക പ്രോസസ്സിംഗ് ഫീ ഇനത്തിൽ കിഴിവ് ചെയ്യുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 96/24.01/151204/P&D 1-1/2023** **സർവ്വകലാശാല ക്യാമ്പസിലെ School of letters- കെട്ടിടത്തിന്റെ മുൻ ഭാഗത്ത് നിന്നും പിൻഭാഗത്തേക്ക് കെട്ടിടത്തിന്റെ ചുറ്റുമായി റോഡ് നിർമ്മിക്കുന്നതിന് ചിലവായ ആദ്യ & ഫൈനൽ തുകയായ 5,83,427/- രൂപ കരാറുകാരനായ ശ്രീ സാബു പി എൻ-നു അനുവദിക്കുന്നത് - സംബന്ധിച്ച് :-**

- മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ലെറ്റേഴ്സ് കെട്ടിടത്തിന്റ മുൻഭാഗത്ത് നിന്നും പിൻഭാഗത്തേക്ക് കെട്ടിടത്തിന് ചുറ്റുമായി റോഡ് നിർമ്മിക്കുന്നതിന്റെ ഫസ്റ്റ് & ഫൈനൽ ബിൽ തുകയായ 5,83,427/- രൂപ Sri.Sabu P.N, Parayankariyil, Athirampuzha-നു അനുവദിക്കുന്നതിനും മേൽ തുകയിൽ നിന്ന് താഴെ പറയുന്ന പ്രകാരം കിഴിവുകൾ വകയിരുത്തുന്നതിനും [(IT(1%)- Rs. 5211/-, WWF (1%)-Rs. 5211/-, GST(2%)- Rs.10422/-, മേൽ കിഴിവുകൾ വകയിരുത്തി 5,62,583/-

രൂപ കരാറുകാരന് നൽകുന്നതിനും) ],

- മേൽച്ചെലവ് നടപ്പ സാമ്പത്തിക വർഷത്തിലെ '21 101 10i- Modernisation of University Administration and Examination Infrastructure ' എന്ന ബജറ്റ് ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 97/24.01/149079/P&D 1-1/2021** **സർവ്വകലാശാല ഗസ്റ്റ് ഹൗസിലെ നടുമുറ്റം പോളി കാർബോണറ്റ് ഷീറ്റ് റൂഫിംഗ് ചെയ്ത വകയിൽ ചിലവായ ആദ്യ & ഫൈനൽ തുകയായ 9,09,581/- രൂപ കരാറുകാരനായ ശ്രീ സുരേന്ദ്രൻ സി പി-ക്ക അനുവദിക്കുന്നത് - സംബന്ധിച്ച് :-**

- മഹാത്മാഗാന്ധി സർവ്വകലാശാലാ ഗസ്റ്റ് ഹൗസിലെ നടുമുറ്റം പോളി കാർബോണറ്റ് ഷീറ്റ് റൂഫിംഗ് ചെയ്തതിന്റെ ഫസ്റ്റ് & ഫൈനൽ ബിൽ തുകയായ 9,09,581/- Sri.Surendran C P, KNRA No.3, Sarayu, BTS JN, Maradu, Ernakulam-ന്ന അനുവദിക്കുന്നതിനും മേൽ തുകയിൽ നിന്ന് താഴെ പറയുന്ന പ്രകാരം കിഴിവുകൾ വകയിരുത്തുന്നതിനും [(IT(1%)- Rs- 7,708/-, WWF (1%)- Rs.7,708/-, GST (2%) - Rs.15,417/-, മേൽ കിഴിവുകൾ വകയിരുത്തി 8,78,748/- രൂപ കരാറുകാരന് നൽകുന്നതിനും) ] ,
- മേൽച്ചെലവ് നടപ്പ സാമ്പത്തിക വർഷത്തിലെ '21 101 10 i - Modernisation of University Administration & Examination Infrastructure' എന്ന ബജറ്റ് ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 98/24.01/62756/AC A1-2/2023** **സർവ്വകലാശാലയിലെ വിവിധ മെഡിക്കൽ/ പാരാമെഡിക്കൽ പ്രോഗ്രാമുകളുടെ ഫീസ് നിരക്കുകൾ - സംബന്ധിച്ച് :-**

സർവ്വകലാശാലയിലെ വിവിധ മെഡിക്കൽ/ പാരാമെഡിക്കൽ പ്രോഗ്രാമുകളുടെ താഴെ പട്ടിക പ്രകാരമുള്ള, പരീക്ഷയും മറ്റ് അനുബന്ധ സർവ്വീസുകളുടെയും ഫീസ് നിരക്ക് വർദ്ധന അംഗീകരിക്കുന്നതിനും 2024 അധ്യയന വർഷം മുതൽ ടി ഫീസ് നിരക്ക് വർധന പ്രാബല്യത്തിൽ വരുത്തുന്നതിനും തീരുമാനിച്ചു.

Table - (1) Medical / Para- Medical (U.G) Programmes

| Programme | Item | Proposed Fee(Rs) |
|---|---|---|
| B.Sc. Medical Laboratory Technology<br>Bachelor of Physiotherapy<br>B.Sc. Medical Microbiology<br>B.Sc. Medical Radiological Technology<br>B.Sc. Industrial Fish & Fisheries<br>B.Sc. Nursing (Post-Basic)<br>B.Sc. Optometry | Theory | 90 |
| | Practical | 180 |
| | Viva | 55 |
| | Project | 90 |
| | Fee for each practical (Part III) | 470 |
| | Mark list | 65 |
| | CV Camp fee - First appearance (per paper subject to a maximum of 270) | 45 |
| | Online Question paper printing charge | 30 |
| | Examination Application Form Fee | 40 |
| | Fine for considering belated application for examinations | 585 |
| | Superfine for considering belated application for examinations | 1165 |
| | Mercy Chance Fees - First Chance (for whole exam) | 5795 |
| | Mercy Chance Fees Second Chance (for whole exam) | 8110 |
| | Mercy Chance Fees Third Chance (for whole | 11580 |

| | | | | |
|---|---|---|---|---|
| | Bachelor of Pharmacy<br><br>B.Sc. Nursing<br><br>BDS<br><br>MBBS<br><br>BHMS<br><br>BAMS | exam) | | |
| | | Official Transcript of Mark Sheets /Syllabus/Academic Transcript | 2320 | |
| | | Genuineness Verification of Degree Certificate | 2320 | |
| | | Genuineness Verification / Attestation of each copy of Mark list | 655 | |
| | | Transmission Charge (Inside India) | 90 | |
| | | Transmission Charge (Outside India) | 470 | |
| | | Speed Post Charges –(Outside India) | 2205 | |
| | | Rectification of defects communicated by ordinary post | 50 | |
| | | Rectification of defects communicated by registered post | 65 | |
| | | Rank Certificate /Position Certificate | 240 | |
| | | Duplicate Mark list | 410 | |
| | | Duplicate Mark list/ Certificate for second time and thereafter | 3480 | |
| | | Duplicate Hall Ticket | 295 | |
| | | Revaluation | 875 | |
| | | Scrutiny | 265 | |
| | | Belated submission of Revaluation Memo after 3 months up to one year from the date of the memo | 295 | |
| | | Belated submission of Revaluation Memo after one year but before five year from the date of the memo | 585 | |
| | | Belated submission of Revaluation Memo after five year from the date of the memo | 1165 | |
| | | Internal redo (UG) | 125 | |
| | | Any Other Certificate | 180 | |
| | | Provisional Certificate | 155 | |
| | | Additional Provisional Certificate | 2320 | |
| | | Consolidated Mark list | 1165 | |
| | | Search Fee after one year of the publication of the results | 65 | |
| | | Search Fee after five year of the publication of the results | 125 | |
| | | Search Fee after ten year of the publication of the results | 295 | |
| | | Degree Certificate | 550 | |
| | | Duplicate Degree Certificate | 2320 | |
| | | Special mercy chance | 13650 | |
| | | Re- verification fees for Official Transcript of a programme | 56 USD | |
| | | Re- verification fees for Genuineness Verification of Grade Cards/ Mark lists of a programme | 56 USD | |
| | | Re- verification fees for Genuineness Verification of Degree Certificates /Provisional certificate of a Programme | 56USD | |

| | | |
|---|---|---|
| | Duplicate Mark list | 410 |
| | Fast Track System (For Degree Certificate/Diploma certificate) | 1045 |
| | Registration Cancellation of exam | 295 |
| | Examination Registration – Other correction | 355 |
| | Registration Cancellation of exam for joining other Universities | 585 |
| | Confidential Mark list | 240 |

**Table – (2) Medical / Para- Medical (P.G) Programmes**

| Medical / Para- Medical (P.G) Programmes | Item | Proposed Fee(Rs) |
|---|---|---|
| | Theory (regular) | 125 |
| MD/MS<br>PG Diploma in Medicine<br>M.Sc. Nursing<br>M.Sc Medical Biochemistry<br>M.Sc Medical Microbiology<br>M.Sc Medical Anatomy<br>M.Sc Biomedical Instrumentation<br>M.Sc Medical Documentation<br>M.Pharm | Theory (supplementary/improvement) | 180 |
| | Practical | 180 |
| | Mark list | 125 |
| | Viva –voice | 125 |
| | Project /Dissertation evaluation | 295 |
| | CV Camp Fee – regular-(Course under double valuation) | 630 |
| | CV Camp Fee – supplementary/improvement (Subject to a maximum of Rs= 600/-) | 160 |
| | Online Question paper printing charge | 30 |
| | Examination Application Form | 40 |
| | Fine for considering belated application for examinations | 585 |
| | Superfine for considering belated application for examinations | 1165 |
| | Mercy Chance Fees – First Chance (for whole exam) | 5795 |
| | Mercy Chance Fees Second Chance (for whole exam) | 8110 |
| | Mercy Chance Fees Third Chance (for whole exam) | 11580 |
| | Official Transcript of Mark Sheets /Syllabus/Academic Transcript | 2320 |
| | Genuineness Verification of Degree Certificate | 2320 |
| | Genuineness Verification / Attestation of each copy of Mark list | 655 |
| | Transmission Charge (Inside India) | 90 |
| | Transmission Charge (Outside India) | 470 |
| | Speed Post | 2205 |
| | Rectification of defects communicated by ordinary post | 50 |
| | Rectification of defects communicated by registered post | 65 |
| | Rank Certificate /Position Certificate | 240 |
| | Duplicate Mark list/ Certificate for second time | 3480 |

| | | | | |
|---|---|---|---|---|
| | | Duplicate Hall Ticket | 295 | |
| | | Revaluation | 875 | |
| | | Scrutiny | 265 | |
| | | Belated submission of Revaluation Memo after 3 months upto one year from the date of the memo | 295 | |
| | | Belated submission of Revaluation Memo after one year but before five year from the date of the memo | 585 | |
| | | Belated submission of Revaluation Memo after five year from the date of the memo | 1165 | |
| | | Internal redo | 125 | |
| | | Other Certificate | 180 | |
| | | Provisional Certificate | 155 | |
| | | Additional Provisional Certificate | 2320 | |
| | | Confidential Mark list | 240 | |
| | | Consolidated Mark list | 1165 | |
| | | Search Fee after one year of the publication of the results | 65 | |
| | | Search Fee after five year of the publication of the results | 125 | |
| | | Search Fee after ten year of the publication of the results | 295 | |
| | | Degree Certificate | 550 | |
| | | Duplicate Degree Certificate | 2320 | |
| | | Special mercy chance fee (After third Mercy Chance) | 13650 | |
| | | Re- verification fees for Official Transcript of a programme | 56USD | |
| | | Re- verification fees for Genuineness Verification of Grade Cards/ Mark lists of a programme | 56USD | |
| | | Re- verification fees for Genuineness Verification of Degree Certificates /Provisional certificate of a Programme | 56USD | |
| | | Duplicate Marklist | 410 | |
| | | Duplicate Mark list /certificate for second time and thereafter | 3480 | |
| | | Fast Track System | 1045 | |
| | | Registration Cancellation and Examination | 295 | |
| | | Registration Cancellation for joining other Universities | 585 | |
| | | | | |

**ഇനംനമ്പർ 99/24.01/156788/AC A1/2/2023**

**ഒഫീഷ്യൽ ട്രാൻസ്ക്രിപ്റ്റുകൾ ഇ- മെയിൽമുഖേന അയക്കുമ്പോൾ ഈടാക്കേണ്ടതായ ഫീസ് - അപേക്ഷകളിലെ ന്യൂനതകൾ ഇ- മെയിൽ മുഖേന അറിയിക്കുന്നതിന് ഈടാക്കേണ്ടതായ ഫീസ് - സംബന്ധിച്ച് :-**

ഒഫിഷ്യൽ ട്രാൻസ്ക്രിപ്റ്റുകൾ ഇ- മെയിൽ മുഖേന അയക്കുന്ന വിഷയത്തിൽ ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

1. ഒഫിഷ്യൽ ട്രാൻസ്ക്രിപ്റ്റിനുള്ള ഫീസായ 2320 രൂപയോടൊപ്പം, ഒഫീഷ്യൽ ട്രാൻസ്ക്രിപ്റ്റുകൾ മെയിൽ വഴി അയക്കുന്നതിന് 600/- രൂപ ഫീസ് ഈടാക്കുന്നതിനും
2. Rectification of Defects Communicated by ordinary post, Rectification of Defects Communicated by registered post എന്നിവ പരിഷ്കരിച്ചുകൊണ്ട് Rectification of Defects Communicated by Post/E-mail എന്നതിന് Rs. 65/- രൂപ ഫീസ് ഈടാക്കുന്നതിനും തീരുമാനിച്ചു.

## (i) മുൻ ഇനങ്ങൾ

**ഇനംനമ്പർ OA 68/23.08/123155/EI 7-1/2023**

**2015-2016 അധ്യയന വർഷത്തിൽ അനർഹരായ വിദ്യാർത്ഥികൾക്ക് എം ബി എ കോഴ്സിൽ പ്രവേശനം നൽകിയ കോളേജുകളിലെ പ്രിൻസിപ്പാൾമാരിൽ നിന്നും പിഴ ഈടാക്കുന്നതിനായി അയച്ച കത്തിന് പ്രിൻസിപ്പാൾ, മാർ അത്തനേഷ്യസ് കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് തിരുവല്ല നൽകിയ മറുപടി - സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നത് - സംബന്ധിച്ച്.**

സർവ്വകലാശാല ഉത്തരവ് നം. 6522/1/18/ എ സി എ 7 തീയതി 06.09.2018 പ്രകാരം ടി കോളേജിൽ നിന്നും 2015-2016 അധ്യയന വർഷത്തിൽ എം ബി എ പ്രോഗ്രാമിലേക്ക് ക്രമവിരുദ്ധമായി 8 സീറ്റുകളിൽ അധികമായി പ്രവേശനം നടത്തിയ നടപടിയിൽ പിഴയായി 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) സർവകലാശാലയിലേക്ക് അടച്ചിട്ടുള്ളത് തിരുവല്ല, മാർ അത്തനേഷ്യസ് കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസിന്റെ പ്രിൻസിപ്പാളിന്റെ വ്യക്തഗത ബാദ്ധ്യതയായി കണക്കാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ OA 67/23.08/90190/Ac B7-2/2023**

**അഫിലിയേറ്റഡ് കോളേജായ തൃക്കാക്കര ഭാരത മാതാ കോളേജിന് 2024 -'25 അക്കാദമിക വർഷം മുതൽ 2033-'34 അക്കാദമിക വർഷം വരെ സ്വയംഭരണ പദവി നൽകുന്നത് സംബന്ധിച്ച്.**

തൃക്കാക്കര ഭാരത മാതാ കോളേജ് മാനേജർ സർവ്വകലാശാലയുമായി നിശ്ചിത മാതൃകയിലുള്ള കരാറൊപ്പിടുന്ന മുറക്കും അടുത്ത 10 വർഷത്തേക്കുള്ള ഒറ്റതവണ ഫീസായ 10 ലക്ഷം രൂപ ഒടുക്കുന്ന മുറക്കും, വിവിധ ഇനങ്ങളിൽ സർവ്വകലാശാലയ്ക്ക് നൽകാനുള്ള ഫീസ് കോളേജിൽ നിന്ന് ഒടുക്കിയ ശേഷം മാത്രവും പ്രസ്തുത കോളേജിനു 2024-25 അധ്യയന വർഷം മുതൽ സ്വയംഭരണ പദവി അനുവദിച്ചു കൊണ്ടുള്ള വിജ്ഞാപനം, പുറപ്പെടുവിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ OA60/23.08/107516/ Ac B7-1/2023**

**സെന്റ് സേവ്യേഴ്സ് കോളേജ് ഫോർ വിമൻ ,ആലുവ -ക്ക് 2024-25 അക്കാദമിക വർഷം മുതൽ 2033-2034 അക്കാദമിക വർഷം വരെയുള്ള കാലയളവിൽ സ്വയംഭരണ പദവി നൽകുന്നത് സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് :-**

ആലുവാ സെന്റ് സേവിയേഴ്സ് കോളേജ് ഫോർ വിമൻ മാനേജർ സർവ്വകലാശാലയുമായി നിശ്ചിത മാതൃകയിലുള്ള കരാറൊപ്പിടുന്ന മുറക്കും അടുത്ത 10 വർഷത്തേക്കുള്ള ഒറ്റതവണ ഫീസായ 10 ലക്ഷം രൂപ ഒടുക്കുന്ന മുറക്കും, വിവിധ ഇനങ്ങളിൽ സർവ്വകലാശാലയ്ക്ക് നൽകാനുള്ള ഫീസ് കോളേജിൽ നിന്ന് ഒടുക്കിയ ശേഷം മാത്രവും പ്രസ്തുത കോളേജിനു 2024-25 അധ്യയന വർഷം മുതൽ സ്വയംഭരണ പദവി അനുവദിച്ചു കൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ OA 12/23.07/116613/AD A7-1/2022 ഇന്റർയൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ് (IUCDS)-ൽ ഓഫീസ് അസിസ്റ്റന്റ്, സ്പീച് തെറാപ്പിസ്റ്റ് ആയി സേവനമനുഷ്ഠിക്കുന്നവരുമായി കരാറിൽ ഏർപ്പെടുവാനുള്ള സെന്ററിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശിപാർശ പരിഗണിക്കുന്നത് സംബന്ധിച്ച്.

ടി വിഷയം 30.09.2023 തീയതിയിലെ സർവ്വകലാശാല ഉത്തരവ് 10278/ADA7/2023/ എം.ജി.യു. തീയതി 30.09.2023 പ്രകാരം രൂപീകൃതമായ അന്വേഷണ കമ്മീഷന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ ഒ.എ. 72/23.08 സ.ഉ. നമ്പർ 10293/Ad A1/2023/MGU തീയതി 30.09.2023 പ്രകാരം സർവ്വകലാശാലയുടെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് ആവശ്യമായ നിയന്ത്രണങ്ങളും മുൻകരുതലുകളും സ്വീകരിക്കുന്നതിന് രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് സംബന്ധിച്ച്.

സ.ഉ. നമ്പർ 10293/Ad A1/2023/MGU തീയതി 30.09.2023 പ്രകാരം രൂപീകരിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിനും സമയബന്ധിതമായി നടപ്പിലാക്കുന്നതിന് രജിസ്ട്രാറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ ഒ.എ. 43/23.08 സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകൾ - 2020-21, 2021-22, 2022-23, 2023-24 അദ്ധ്യയനവർഷങ്ങളിലെ യൂണിവേഴ്സിറ്റി യൂണിയൻ ഫണ്ട്/സ്റ്റുഡന്റ്സ് വെൽഫെയർ ഫണ്ട് - ലേക്ക് അനുവദിച്ച തുക DSS ഡയറക്ടർ/അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ കൈകാര്യം ചെയ്യുന്ന അക്കൗണ്ടിലേക്ക് മാറ്റുന്നത് സംബന്ധിച്ച്.

പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിന് ഫിനാൻസ് ഓഫീസറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ ഒ.എ. 69/23.08/101226/AD B4-1/2023 NAAC സന്ദർശനത്തോടനുബന്ധിച്ച് സർവ്വകലാശാല എൻട്രൻസിൽ Video Wall സ്ഥാപിക്കുന്നത് - സംബന്ധിച്ച്.

NAAC Accredition Process- ന്റെ ഭാഗമായി സർവ്വകലാശാലയുടെ എൻട്രൻസിൽ ഒരു Video Wall സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ ലഭിച്ചിരിക്കുന്ന നിരക്കിലും കുറഞ്ഞ നിരക്കിലുള്ള video wall സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

## അഡീഷണൽ അജൻഡ

### (I) (a) 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് III 10(17) പ്രകാരം ബഹു. വൈസ് ചാൻസലർ കൈക്കൊണ്ട നടപടികൾ സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നവ:

ഇനംനമ്പർ 100/24.01/123702/SF SPECIAL CELL-3/2022 SF Institutions-Contempt Case (C) Nos. 631-665/2022 in SLP(C) No. 30160 -30194/2019- Implementation of the orders dated 21.11.2023 of the Hon'ble Supreme Court of India-disbursement of arrears of salary / wages to the petitioners who had not joined CPAS - sanctioned as per Chapter III, Section 10(17) of MGU Act 1985 - Reported to the Syndicate.

The Professor in charge of Vice Chancellor, by exercising powers as per Chapter III, Section 10(17) of the MGU Act 1985, has approved the amount of ₹ 2,53,68,176/- (Rupees two crores fifty-three lakhs sixty-

eight thousand one hundred and seventy-six only) to be disbursed among the 26 petitioners who had not joined in CPAS during its formation in July 2017 ; and sanction has also been accorded to disburse the eligible amounts due to the petitioners.

The action taken by the Vice Chancellor exercising the powers under Chapter III.10 (17) of M G University Act 1985 and consequent issuance of U.O. No. 12793/SF 1/2023/MGU dt. 22.12.2023 was reported to the Syndicate.

| | |
|---|---|
| **ഇനംനമ്പർ 101/24.01/161324/AD A4-3/2023** | **22.12.2023 തീയതിയിലെ ഐ ടി കമ്മിറ്റി യോഗത്തിന്റെ നടപടിക്രമം മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, ചാപ്റ്റർ III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ചത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.** |

22.12.2023 തീയതിയിൽ ചേർന്ന ഐ ടി കമ്മിറ്റി യോഗത്തിന്റെ നടപടിക്രമത്തിലെ ചുവടെ ചേർത്തിരിക്കുന്ന ശുപാർശകൾ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 106/AD A 4/2024/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

1. ഡൽഹി സർവ്വകലാശാല സൗജന്യമായി നൽകാമെന്ന് സമ്മതിച്ചിട്ടുള്ള 'സമർത്ഥ്' എന്ന ഇ ആർ പി സോഫ്റ്റ്‌വെയർ അപ്ലിക്കേഷൻ സർവകലാശാലയിൽ നടപ്പിലാക്കുന്നതിനും പ്രസ്തുത സോഫ്റ്റ്‌വെയർ അപ്ലിക്കേഷന്റെ മൂന്ന് ലൈസൻസുകൾ യഥാക്രമം സർവ്വകലാശാല അഫിലിയേറ്റഡ് കോളേജുകൾ, പഠന വകുപ്പുകൾ, സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷൻ എന്നിവക്കായി ഉപയോഗിക്കുന്നതിനു ആവശ്യപെടുന്നതിനും ഇതിനാവശ്യമായ കത്തിടപാടുകളും ആശയവിനിമയവും നടത്തുന്നതിന് ഐ ടി ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിനും
2. സർവ്വകലാശാല സോഫ്റ്റ്‌വെയർ അപ്ലിക്കേഷനുകളുടെയും ഡാറ്റയുടെയും സെക്യൂരിറ്റി സംബന്ധമായ പഠനം നടത്തുന്നതിനാവശ്യമായ പദ്ധതി നിർദ്ദേശം സമർപ്പിക്കുന്നതിന് ഐ ടി ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിനും

| | |
|---|---|
| **ഇനംനമ്പർ 102/24.01/194188/AD B4-1/2022** | **പ്രൊജെക്ടറുകളുടെ വാങ്ങലുമായി ബന്ധപ്പെട്ട് M/s. Resolute Enterprises, Changanassery എന്ന സ്ഥാപനം quote ചെയ്തിട്ടുള്ള വിലയിൽ GST കണക്കാക്കിയതിൽ വന്നിട്ടുള്ള വ്യത്യാസം അംഗീകരിച്ച്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3.10 (17) ൽ പ്രതിപാദിച്ചിരിക്കുന്ന അധികാരം വിനിയോഗിച്ച് വൈസ് ചാൻസിലർ കൈക്കൊണ്ട തീരുമാനം - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.** |

സർവ്വകലാശാല ഡിപ്പാർട്ട്മെന്റുകൾ/സെന്ററുകൾ എന്നിവിടങ്ങളിലേയ്ക്കായി പ്രൊജക്ടറുകൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് M/s.Resolute Enterprises, Changanassery എന്ന സ്ഥാപനത്തിന്റെ അപേക്ഷ പരിഗണിച്ച്, പ്രൊജക്ടറുകളുടെ Base Price നോടൊപ്പം 28% GST ചേർത്ത് [Standard Throw (20 Nos) - Rs.7,48,800/-; Short Throw - (06 Nos) - Rs.2,57,280/-] 26 പ്രൊജക്ടറുകൾ ആകെ Rs.10,06,080/- രൂപക്ക് (പത്ത് ലക്ഷത്തി ആറായിരത്തി എൺപത് രൂപ മാത്രം) പ്രസ്തുത സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിനും, ആയതിനായി പരിഷ്കരിച്ച സപ്ലൈ ഓർഡർ സ്ഥാപനത്തിന് നൽകുന്നതിനും അനുവദിച്ച്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസിലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 06.01.2024 തീയതിയിലെ 184/ADB4/2024/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 103/24.01/158280/AD A5-4/2023** **മഹാത്മാഗാന്ധി സർവ്വകലാശാലാ യൂണിയൻ (2022-23) ന്റെ ആഭിമുഖ്യത്തിൽ, 2024 ജനുവരി 4, 5 തീയതികളിൽ പത്തനംതിട്ടയിൽ വെച്ച് നാടകോത്സവം സംഘടിപ്പിക്കുന്നതിനുള്ള അനുമതി, ആയതിന്റെ ചെലവിലേക്കായി ആകെ 6,00,000 /- (ആറ് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതിയും നൽകി, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3.10 (17) വകുപ്പ് അനുസരിച്ചുള്ള സവിശേഷ അധികാരം ഉപയോഗിച്ച് ബഹു: വൈസ് ചാൻസിലറുടെ ചുമതലയുള്ള പ്രൊഫസർ ഉത്തരവായത് - സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്**

മഹാത്മാഗാന്ധി സർവ്വകലാശാലാ യൂണിയൻ (2022-23) ന്റെ ആഭിമുഖ്യത്തിൽ, 2024 ജനുവരി 4, 5 തീയതികളിൽ പത്തനംതിട്ടയിൽ വെച്ച് നാടകോത്സവം സംഘടിപ്പിക്കുന്നതിനുള്ള അനുമതിയും ആയതിന്റെ ചെലവിലേക്കായി 7,60,000/- (ഏഴ് ലക്ഷത്തി അറുപതിനായിരം) രൂപ അനുവദിക്കുന്നതിനുമായി മഹാത്മാഗാന്ധി സർവ്വകലാശാലാ യൂണിയൻ (2022-23) ജനറൽ സെക്രട്ടറി നൽകിയ അപേക്ഷ പരിഗണിച്ചുകൊണ്ട്, പ്രസ്തുത പരിപാടിയുടെ ചെലവിലേക്കായി ആകെ 6,00,000 /- (ആറ് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിക്കൊണ്ടും, സർവ്വകലാശാല ഉത്തരവ് നം. 12346 /AD A5 /2022/എം.ജി.യു. തീയതി : 05 /12/2022-ലെ നിർദേശമനുസരിച്ച് ടി തുകയിൽ നിന്നും 75 % തുകയായ 4,50,000/- (നാല് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപ ഡി.എസ്.എസ്. വകുപ്പ് മേധാവിയുടെയും അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലേക്കു (A/C No. 41517264430) മുൻകൂറായി നൽകുന്നതും ബാക്കി തുകയായ 1,50,000/- (ഒരു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപ ബില്ലുകളും വൗച്ചറുകളും ക്രമീകരണത്തിനു സമർപ്പിക്കുന്ന മുറയ്ക്ക് നൽകുന്നതും അംഗീകരിച്ചു കൊണ്ട്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസിലറുടെ ചുമതലയുള്ള പ്രൊഫസർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 30.12.2023 തീയതിയിലെ 13014/AD A5/2023/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 104/24.01/129424/AcA4/1/B.Tech/PercentageConversionFormula/2023** **ബി ടെക് റെഗുലേഷൻ 2010 -CGPA ശതമാനത്തിലേക്ക് പരിവർത്തനം ചെയ്യുന്നത് സംബന്ധിച്ച് ഡീൻ ഫാക്കൽറ്റി ഓഫ് എഞ്ചിനീയറിംഗ് &ടെക്നോളജിയുടെ ശുപാർശയിന്മേൽ നിലവിലെ സർവകലാശാല ഉത്തരവ് പരിഷ്കരിച്ചുകൊണ്ടുള്ള ഉത്തരവ് - സിന്ഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് - സംബന്ധിച്ച്.**

സർവകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ നടത്തി വന്നിരുന്ന ബി ടെക് പ്രോഗ്രാമിന്റെ 2010 സ്കീം & സിലബസ് റെഗുലേഷനിൽ CGPA ശതമാനത്തിലേക്ക് പരിവർത്തനം ചെയ്യുന്നതിന് 'Percentage Marks = (CGPA - 0.5) * 10' എന്ന ഫോർമുല ഉൾപ്പെടുത്തി സർവകലാശാല ഉത്തരവ് (U.O. No.8629/ACA4/2022/MGU dated 19.08.2022) പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഫോർമുല പരിഷ്കരിച്ച്, സർവകലാശാലയിലെ മറ്റു കോഴ്സുകൾക്ക് അവലംബിക്കുന്ന ഫോർമുല ആയ 'Percentage marks = CGPA *10' , ബി ടെക് പ്രോഗ്രാമിനും ബാധകമാക്കുന്നതു സംബന്ധിച്ച് ഡീൻ, ഫാക്കൽറ്റി ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജിയുടെ അഭിപ്രായം ആരായുകയുണ്ടായി.

CGPA ശതമാനത്തിലേക്ക് പരിവർത്തനം ചെയ്യുന്നതിന് സർവ്വകലാശാലയിലെ മറ്റു കോഴ്സുകൾക്ക് അവലംബിക്കുന്ന ഫോർമുല ആയ 'Percentage marks = CGPA *10' തന്നെ ബി ടെക് പ്രോഗ്രാമിനും ബാധകമാക്കികൊണ്ടു നിലവിലെ സർവ്വകലാശാല ഉത്തരവ് പരിഷ്കരിക്കുന്നതിനു ഡീൻ ,ഫാക്കൽറ്റി ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി ശുപാർശ ചെയ്യുകയുണ്ടായി.

ടി ശുപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസിലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 25.11.2023 തീയതിയിലെ 11792/ACA4/2023/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 ചാപ്റ്റർ V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

ഇനംനമ്പർ 105/24.01/144390/AC A1-1/2023

**മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരമുള്ള അധികാരം പ്രയോഗിച്ച് വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച ഉത്തരവും [നം.165/എസിഎ1/2024/എംജിയു തീയതി. 06.01.2024] സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

എടത്തല, അൽ അമീൻ കോളേജിൽ നടത്തുന്ന സ്വാശ്രയ കോഴ്സുകളുടെ താല്കാലിക അഫിലിയേഷൻ 2023-'24 അദ്ധ്യയന വർഷം പുതുക്കി നൽകുന്നതിനായി കോളേജ് പ്രിൻസിപ്പൽ അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷ പരിഗണിച്ച, 20.12.2023-ന കൂടിയ സിൻഡിക്കേറ്റ് ഉപസമിതി (അഫിലിയേഷൻ & അപ്രൂവൽ), എടത്തല, അൽ അമീൻ കോളേജിൽ നടത്തുന്ന സ്വാശ്രയ കോഴ്സുകളുടെ താല്കാലിക അഫിലിയേഷൻ 2023 -'24 അദ്ധ്യയന വർഷം പുതുക്കി നൽകുന്നതിന് ശുപാർശ ചെയ്തു.

പ്രസ്തുത ശുപാർശ വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 06.01.2024 തീയതിയിലെ 165/എസിഎ1/2024/എംജിയു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

## II. ക്രമ ഇനങ്ങൾ

## (i) നടപ്പ് ഇനങ്ങൾ

ഇനംനമ്പർ 106/24.01/110161/ACA6 SO/2023

**തൃക്കാക്കര ഭാരത മാതാ കോളേജിലെ കെമിസ്ട്രി വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. അനു ജോർജ് (Dr. Anu George) റിസർച്ച് ഗൈഡായി പ്രവർത്തിക്കുന്നതിനുള്ള സർവ്വകലാശാലയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്.**

Resolved to approve Dr. Anu George, Assistant Professor in Chemistry, Bharata Mata College, Thrikkakara as Research Guide in Chemistry at the Post Graduate/ Research Department of Chemistry, Bharata Mata College, Thrikkakara.

ഇനംനമ്പർ 107/24.01/135081/AC A6-1/2023

**തിരുവല്ല മാർത്തോമാ കോളേജിലെ കെമിസ്ട്രി വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. നീമാ അനി മംഗലം (Dr. Neema Ani Mangalam) ടി കോളേജിലെ ബിരുദാനന്തര ബിരുദ കെമിസ്ട്രി ഡിപ്പാർട്ട്മെൻറിൽ/ഗവേഷണകേന്ദ്രത്തിൽ കെമിസ്ട്രിയിൽ റിസർച്ച് ഗൈഡ് ആയി പ്രവർത്തിക്കുന്നതിനുള്ള സർവകലാശാലയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്.**

Resolved to approve Dr. Neema Ani Mangalam, Assistant Professor in Chemistry, Mar Thoma College, Thiruvalla as Research Guide in Chemistry at the Post Graduate/ Research Department of Chemistry, Mar Thoma College, Thiruvalla.

ഇനംനമ്പർ 108/24.01/141177/AC A6-1/2023

ചങ്ങനാശ്ശേരി, എൻ.എസ്.എസ് ഹിന്ദു കോളേജിലെ ബിരുദാനന്തര ബിരുദ ഇക്കണോമിക്സ് ഡിപ്പാർട്ട്മെൻറിൽ/ഗവേഷണകേന്ദ്രത്തിൽ ഇക്കണോമിക്സിൽ റിസർച്ച് ഗൈഡായി പ്രവർത്തിക്കുന്നതിനുള്ള സർവ്വകലാശാലയുടെ അംഗീകാരത്തിനായി വാഴൂർ, ശ്രീ വിദ്യാധിരാജ എൻ.എസ്സ്.എസ് കോളേജിലെ ഇക്കണോമിക്സ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ.പ്രീതി .കെ .എൻ (Dr. PREETHI .K. N) സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.

Resolved to approve Dr. PREETHI K. N., Assistant Professor in Economics, Sree Vidhyadhi Raja NSS College, Vazhoor as Research Guide in Economics at the Post Graduate/ Research Department of Economics, NSS Hindu College, Changanassery.

ഇനംനമ്പർ 109/24.01/141718/AC A6-1/2023

ചങ്ങനാശ്ശേരി, സെന്റ് ബെർക്മാൻസ് കോളേജിലെ ബിരുദാനന്തര ബിരുദ ഇംഗ്ലീഷ് ഡിപ്പാർട്ട്മെൻറിൽ/ഗവേഷണകേന്ദ്രത്തിൽ ഇംഗ്ലീഷിൽ റിസർച്ച് ഗൈഡായി പ്രവർത്തിക്കുന്നതിനുള്ള സർവ്വകലാശാലയുടെ അംഗീകാരത്തിനായി, ആലപ്പുഴ, എടത്വ സെൻറ് അലോഷ്യസ് കോളേജിലെ ഇംഗ്ലീഷ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. ജെം ചെറിയാൻ (Dr. Gem Cherian) നൽകിയിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.

Resolved to approve Dr. Gem Cherian, Assistant Professor in English, St. Aloysius College, Edathua as Research Guide in English at the Post Graduate/ Research Department of English, St. Berchmans College, Changanassery.

ഇനംനമ്പർ 110/24.01/145988/AC A6-1/2023

മാന്നാനം, കുര്യാക്കോസ് ഏലിയാസ് കോളേജിലെ ബിരുദാനന്തര ബിരുദ സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെൻറിൽ/ഗവേഷണകേന്ദ്രത്തിൽ സ്റ്റാറ്റിസ്റ്റിക്സിൽ റിസർച്ച് ഗൈഡായി പ്രവർത്തിക്കുന്നതിനുള്ള സർവ്വകലാശാലയുടെ അംഗീകാരത്തിനായി ചങ്ങനാശ്ശേരി, അസംപ്ഷൻ കോളേജിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിൽ അസ്സോസിയേറ്റ് പ്രൊഫസറായ ഡോ. ജിക്സി ഐസക് (Dr. Jikcey Issac) സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.

Resolved to approve Dr. Jikcey Issac, Associate Professor in Statistics, Assumption College, Changanassery as Research Guide in Statistics at the Post Graduate/ Research Department of Statistics, Kuriakose Elias College, Mannanam.

ഇനംനമ്പർ 111/24.01/127808/AC A6-3/2023

ചങ്ങനാശേരി എസ് ബി കോളേജിലെ ബിരുദാനന്തരബിരുദ ഇക്കണോമിക്സ് വിഭാഗത്തെ ഗവേഷണ കേന്ദ്രമായി പുനഃരുജ്ജീവിപ്പിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്;

Resolved to constitute an inspection commission comprising Dr. Anitha R. – Member Syndicate as Convener and Dr. Jeejamol P. M., Associate Professor, Baselius College, Kottayam as subject expert to inspect the centre and submit the report.

ഇനംനമ്പർ 112/24.01/121603/ACA6 SO/2023/AC A 6 ( AcAVI/1/RG/612/2023) മാന്നാനം കുര്യാക്കോസ് ഏലിയാസ് കോളേജിലെ ഫിസിക്സ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. രഞ്ജിനി രാധാകൃഷ്ണൻ (Dr. Ranjini Radhakrishnan) അതെ വിഭാഗത്തിലെ ഗവേഷണ കേന്ദ്രത്തിലെ റിസർച്ച് ഗൈഡായി പ്രവർത്തിക്കുന്നതിനുള്ള സർവ്വകലാശാലയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.

Resolved to approve Dr. Ranjini Radhakrishnan, Assistant Professor in Physics, Kuriakose Elias College, Mannanam as Research Guide in Physics at the Post Graduate/ Research Department of Physics, Kuriakose Elias College, Mannanam.

ഇനംനമ്പർ 113/24.01/127741/ACA6 SO/2023 അങ്കമാലി മോർണിംഗ് സ്റ്റാർ ഹോം സയൻസ് കോളേജിലെ ഇക്കണോമിക്സ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. രശ്മി ജി. (Dr. Resmi G.) കാലടി ശ്രീ ശങ്കര കോളേജിലെ ബിരുദാനന്തര ബിരുദ ഇക്കണോമിക്സ് ഡിപ്പാർട്ട്മെൻറിൽ/ഗവേഷണകേന്ദ്രത്തിൽ ഇക്കണോമിക്സിൽ റിസർച് ഗൈഡ് ആയി പ്രവർത്തിക്കുന്നതിനുള്ള സർവ്വകലാശാലയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ സംബന്ധിച്ച്.

Resolved to approve Dr. Resmi G., Assistant Professor in Economics, Morning Star Home Science College, Angamaly as Research Guide in Economics at the Post Graduate/ Research Department of Economics, Sri Sankara College, Kalady.

ഇനംനമ്പർ 114/24.01/128642/ACA6 SO/2023 തൃക്കാക്കര ഭാരത മാതാ കോളേജിലെ ഫിസിക്സ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. റിൻറു വർഗീസ് (Dr. Rintu Varghese) റിസർച്ച് ഗൈഡായി പ്രവർത്തിക്കുന്നതിനുള്ള സർവ്വകലാശാലയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച് .

Resolved to approve Dr. Rintu Varghese, Assistant Professor in Physics, Bharata Mata College, Thrikkakara as Research Guide in Physics at the Post Graduate/Research Department of Physics, Bharata Mata College, Thrikkakara.

ഇനംനമ്പർ 115/24.01/129960/ACA6 SO/2023 തൃക്കാക്കര ഭാരത മാതാ കോളേജിലെ ഫിസിക്സ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. റിജു കെ. തോമസ് (Dr. Riju K. Thomas) റിസർച്ച് ഗൈഡായി എം. ജി. സർവ്വകലാശാല അംഗീകരിക്കാൻനൽകിയിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.

Resolved to approve Dr. Riju K. Thomas, Assistant Professor in Physics, Bharata Mata College, Thrikkakara as Research Guide in Physics at the Post Graduate/ Research Department of Physics, Bharata Mata College, Thrikkakara.

ഇനംനമ്പർ 116/24.01/128576/ACA6 SO/2023 തൃക്കാക്കര ഭാരത മാതാ കോളേജിലെ ഫിസിക്സ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. നെസൺ വർഗീസ് (Dr. Neson Varghese) റിസർച്ച് ഗൈഡായി പ്രവർത്തിക്കുന്നതിനുള്ള സർവകലാശാലയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.

Resolved to approve Dr. Neson Varghese, Assistant Professor in Physics, Bharata Mata College, Thrikkakara as Research Guide in Physics at the Post Graduate/ Research Department of Physics, Bharata Mata College, Thrikkakara.

| | |
|---|---|
| ഇനംനമ്പർ 117/24.01/142265/AC A6-1/2023 | എറണാകുളം സെൻറ് തെരേസാസ് കോളേജിലെ ഇംഗ്ലീഷ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. ജിഷ ജോൺ (Dr. Jisha John) റിസർച്ച് ഗൈഡായി പ്രവർത്തിക്കുന്നതിനുള്ള സർവ്വകലാശാലയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്. |

Resolved to approve Dr. Jisha John, Assistant Professor in English, St. Teresa's College, Ernakulam as Research Guide in English at the Post Graduate/ Research Department of English, St. Teresa's College, Ernakulam.

| | |
|---|---|
| ഇനംനമ്പർ 118/24.01/130369/ACA6 SO/2023 | കാലടി, ശ്രീശങ്കര കോളേജിലെ മൈക്രോബയോളജി വിഭാഗത്തിലെ ഗവേഷണകേന്ദ്രത്തിൽ റിസർച്ച് ഗൈഡ് ആയി പ്രവർത്തിക്കുവാനുള്ള സർവ്വകലാശാലയുടെ അംഗീകാരത്തിനായി സെൻറ് സേവിയേഴ്സ് കോളേജ് ഫോർ വിമെൻ-ലെ മൈക്രോ-ബയോളജി വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. ആനിമോൾ വി. എസ്. (Dr. Aneymol V. S.) സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്. |

Resolved to approve Dr. Aneymol V. S, Assistant Professor in Microbiology, St. Xavier's College for Women, Aluva as Research Guide in Microbiology at the Post Graduate/ Research Department of Microbiology, Sri Sankara College, Kalady.

| | |
|---|---|
| ഇനംനമ്പർ 119/24.01/3185/ACA6-3/2022 | കളമശ്ശേരി, സെൻ്റ് പോൾസ് കോളേജിലെ മാത്തമാറ്റിക്സ് വിഭാഗത്തെ സർവകലാശാലയുടെ ഗവേഷണകേന്ദ്രമായി അംഗീകരിക്കുന്നതിനായി പ്രിൻസിപ്പൽ-ഇൻ-ചാർജ് സമർപ്പിച്ചിട്ടുള്ള അപേക്ഷ - സംബന്ധിച്ച്. |

Resolved to constitute an inspection commission comprising Dr. Anitha R. – Member Syndicate as Convener and Dr. Latha S Nair, Department of Mathematics, Mar Athanasius College, Kothamangalam as subject expert to inspect the centre and submit the report.

| | |
|---|---|
| ഇനംനമ്പർ 120/24.01/64012/AC A6-3/2023 | കളമശ്ശേരി സെൻറ് പോൾസ് കോളേജിലെ ബിരുദാനന്തരബിരുദ കോമേഴ്സ് വിഭാഗത്തിനു മഹാത്മാഗാന്ധി സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകാരം ലഭിക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച് |

Resolved to constitute an inspection commission comprising Dr. Cini Kurian – Member Syndicate as Convener and Dr. Manoj Narayan K.S. Professor, Baselius College, Kottayam as subject expert to inspect the centre and submit the report.

| | |
|---|---|
| ഇനംനമ്പർ 121/24.01/83750/AC A6-1/2023 | പാലാ അൽഫോൻസാ കോളേജിലെ ബോട്ടണി വിഭാഗത്തിൽ അസ്സോസിയേറ്റ് പ്രൊഫസറായ ഡോ. ഡാനി മാത്യൂ എം. (Dr. Dani Mathew M.) റിസർച്ച് ഗൈഡായി എം. ജി. സർവ്വകലാശാല അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്. |

Resolved to approve Dr. Dani Mathew M, Associate Professor in Botany, Alphonsa College, Pala as Research Guide in Botany at the Post Graduate/ Research Department of Botany, St. Thomas College, Pala.

**ഇനംനമ്പർ 122/24.01/139181/AC A6-3/2023** **കളമശേരി, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്-ലെ സെൽഫ് ഫിനാൻസിങ് രീതിയിൽ പ്രവർത്തിക്കുന്ന സൈക്കോളജി വിഭാഗത്തിനു സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകാരം ലഭ്യമാക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

Resolved to constitute an inspection commission comprising Dr. Shajila Beevi S. - Member Syndicate as Convener and Dr. Baburaj P.T., Dean, School of Behavioural Sciences, Mahatma Gandhi University as subject expert to inspect the centre and submit the report.

**ഇനംനമ്പർ 123/24.01/101469/CBCSS 4-1/2023** **ആലുവ ഭാരത മാതാ കോളേജ് ഓഫ് കോമേഴ്സ് ആൻഡ് ആർട്സിലെ സി ബി സി എസ് ബി എ ഇംഗ്ലീഷ് ലിറ്ററേച്ചർ ആൻഡ് കമ്മ്യൂണിക്കേഷൻ സ്റ്റഡീസ് മോഡൽ III (ഡബിൾ മെയിൻ) വിദ്യാർത്ഥിയായ ശ്രീ ആഷിഖ് സി എൽ (ASHIQ C L,190021014015) രണ്ടാം സെമസ്റ്റർ സപ്ലിമെന്ററി മെയ് 2023 പരീക്ഷയിൽ നടത്തി എന്നാരോപിക്കപ്പെടുന്ന പരീക്ഷ ക്രമക്കേട് സംബന്ധിച്ച്:-**

ഇൻവിജിലേറ്റർ, അധ്യാപകർ, പ്രിൻസിപ്പാൾ എന്നിവർ നൽകിയ മൊഴിയുടെ അടിസ്ഥാനത്തിലും, പരീക്ഷാ ഹാളിൽ നിന്ന് തത്സമയം വിദ്യാർത്ഥി ഇറങ്ങി പോയത് സംശയം ബലപ്പെടുത്തുന്നതിനാലും ആലുവ, ഭാരത മാതാ കോളേജ് ഓഫ് കോമേഴ്സ്ആൻഡ് ആർട്സിലെ 190021014015 രജി. നമ്പറിലുള്ള ആഷിഖ്സിഎൽ-ന്റെ രണ്ടാംസെമസ്റ്റർ സിബിസിഎസ്- ബിഎ ഇംഗ്ലീഷ് ലിറ്ററേച്ചർ ആൻഡ് കമ്മ്യൂണിക്കേഷൻ സ്റ്റഡീസ് മോഡൽ III (ഡബിൾ മെയിൻ) മെയ്2023 സപ്ലിമെന്ററിപരീക്ഷകൾ റദ്ദുചെയ്യുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 124/24.01/140423/CBCSS 12-2/2023** **നാലാം സെമസ്റ്റർ 2021 ADMISSION REGULAR CBCS MAY 2023 പരീക്ഷ - രോഹിത് എസ്, രോഹിത് മോഹൻ, സന്ദേശ് സജയ് എന്നിവരുടെ പേരിൽ മൂല്യനിർണയ ക്യാമ്പിൽ നിന്നും റിപ്പോർട്ട് ചെയ്ത പരീക്ഷാക്രമക്കേട് സംബന്ധിച്ച്.**

നാലാം സെമസ്റ്റർ 2021 ADMISSION REGULAR CBCS MAY 2023 പരീക്ഷ - രോഹിത് എസ്, രോഹിത് മോഹൻ, സന്ദേശ് സജയ് എന്നിവരുടെ പേരിൽ മൂല്യനിർണയ ക്യാമ്പിൽ നിന്നും റിപ്പോർട്ട് ചെയ്ത പരീക്ഷാക്രമക്കേട് സംബന്ധിച്ച വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് അന്വേഷണ കമ്മീഷനായി ഡോ. അനിത ആർ. (സിൻഡിക്കേറ്റ് അംഗം)-നെ നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 125/24.01/98521/AD A4-1/2023** **സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസിലെ റിസർച്ച് സ്കോളർ ശ്രീ. ടോമിൻ സണ്ണി സമർപ്പിച്ച പരാതികൾ സംബന്ധിച്ച്:-**

സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസിലെ റിസർച്ച് സ്കോളർ ശ്രീ. ടോമിൻ സണ്ണി സമർപ്പിച്ച പരാതി സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഡോ. ബിജു പുഷ്പൻ (സിൻഡിക്കേറ്റ് അംഗം)-നെ പരിശോധനാ സമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 126/24.01/147509/AD A4-1/2023** **സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിലെ വിദ്യാർത്ഥിയായ ശ്രീ. വിപിൻ ദാസ് സമർപ്പിച്ച പരാതി - സംബന്ധിച്ച്:-**

ടി വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ഷജില ബീവി എസ്., ഡോ. അനിത ആർ. എന്നിവരെ അന്വേഷണ കമ്മീഷനായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 127/24.01/146530/AD A4-1/2023** **സർവ്വകലാശാല പഠന വകുപ്പിലെ പി ജി വിദ്യാർത്ഥി സമർപ്പിച്ച പരാതി സംബന്ധിച്ച്:-**

ടി വിഷയം, 16.01.2024 തീയതി കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനുട്സ് ഇനംനമ്പർ 126/24.01/147509/AD A4-1/2023 തീരുമാന പ്രകാരം രൂപീകരിച്ച അന്വേഷണ കമ്മീഷന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 128/24.01/79790/CBCSS 26-1/2023** **കുമരകം ശ്രീ നാരായണ ആർട്സ് &സയൻസ് കോളേജിലെ BBA വിദ്യാർത്ഥി Akhil. A (200021086452) യുടെ ഇന്റേണൽ മാർക്ക് അപ്‌ലോഡ് ചെയ്തതിലെ അപാകത പരിഹരിക്കുന്നത് സംബന്ധിച്ച് - കോളേജ് പ്രിൻസിപ്പൽ സമർപ്പിച്ച അപേക്ഷ.**

കുമരകം, ശ്രീ നാരായണ ആർട്സ് & സയൻസ് കോളേജിലെ CBCS BBA വിദ്യാർത്ഥിയായ Akhil. A. (200021086452)-യുടെ അഞ്ചാം സെമസ്റ്റർ നവംബർ 2022 പരീക്ഷയിലെ ഓപ്പൺ കോഴ്സായ 'Front Office Management' എന്ന വിഷയത്തിന്റെ Internal Mark കോളേജിൽ നിന്നും തെറ്റായി അപ് ലോഡ് ചെയ്തതിന് Rs. 1165/- രൂപ കോളേജിൽ നിന്നും പിഴ ഈടാക്കിയശേഷം വിദ്യാർത്ഥിയുടെ Internal Mark തിരുത്തി ഫലം പുനഃപ്രസിദ്ധീകരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 129/24.01/75946/ACA8-4/2023** **മൂന്നാം സെമസ്റ്റർ പരീക്ഷാഫലവുമായി ബന്ധപ്പെട്ട് ദേവമാതാ കോളേജിലെ B.com Taxation & Co-operation പ്രോഗ്രാം വിദ്യാർത്ഥികൾ സമർപ്പിച്ചിരിക്കുന്ന പരാതി സംബന്ധിച്ച് :-**

സി.ബി.സി.എസ്.എസ് B.com Taxation & Co-operation പ്രോഗ്രാമിൻറെ മൂന്നാം സെമസ്റ്റർ ജനുവരി 2023 പരീക്ഷയുടെ പുനഃർമൂല്യനിർണ്ണയത്തിന്റെ ഫലം ഉൾപ്പെടുത്തി ഫയൽ പുനഃസമർപ്പിക്കുവാൻ തീരുമാനിച്ചു.

**ഇനംനമ്പർ 130/24.01/146607/EI 14-3/2021** **ബാച്ചിലർ ഓഫ് സയൻസ് ഇൻ ഇലക്ട്രോണിക്സ് വിത്ത് കമ്പ്യൂട്ടർ ഹാർഡ്‌വെയർ ബിരുദ വിദ്യാർത്ഥിയായ ശ്രീ ബ്ലെസ്സൺ എബ്രഹാം കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റിനായി സമർപ്പിച്ച അപേക്ഷ പ്രോസസ്സ് ചെയ്യപ്പോൾ , 2005 ജനുവരിയിൽ നടന്ന അഞ്ചാം സെമസ്റ്റർ ഫലത്തിൽ വന്ന പിശക് കണ്ടെത്തിയത് സംബന്ധിച്ച് :**

2002 -05 അധ്യയന വർഷത്തിൽ തൊടുപുഴ, കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ, ബാച്ചിലർ ഓഫ് സയൻസ് ഇൻ ഇലക്ട്രോണിക്സ് വിത്ത് കമ്പ്യൂട്ടർ ഹാർഡ്‌വെയർ ബിരുദ വിദ്യാർത്ഥിയായിരുന്ന ശ്രീ. ബ്ലെസ്സൺ എബ്രഹാം-ന് 2005 ജനുവരി മാസം നടന്ന അഞ്ചാം സെമസ്റ്റർ റഗുലർ പരീക്ഷയിൽ Communication System-II എന്ന വിഷയം മതിയായ external minimum ഇല്ലാതെ semester pass ആയതായും course pass ആയതായും, തെറ്റി ഫലം പ്രഖ്യാപിച്ചതിൽ ടി വിഷയവുമായി ബന്ധപ്പെട്ട് ആ കാലഘട്ടത്തിൽ ജോലി ചെയ്തിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം തേടുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 131/24.01/117490/EI 26-3/2023/EI 26** **കാലടി ആദി ശങ്കര ട്രെയിനിങ് കോളേജിലെ ബി.എഡ് 2022 അഡ്മിഷനിലെ 100 വിദ്യാർത്ഥികളുടെ രണ്ടാം സെമസ്റ്റർ ജൂലൈ 2023 പരീക്ഷയുടെ ഇൻറെണൽ മാർക്ക് യഥാസമയം കോളേജിൽ നിന്ന് പരീക്ഷാ പോർട്ടലിൽ ഫോർവേഡ് ചെയ്യാത്തത് - പിഴ ഈടാക്കുന്നത് - സംബന്ധിച്ച് :-**

കാലടി, ആദി ശങ്കര ട്രെയിനിങ് കോളേജിലെ ബി .എഡ് 2022 അഡ്മിഷനിലെ 100 വിദ്യാർത്ഥികളുടെ രണ്ടാം സെമസ്റ്റർ ജൂലൈ 2023 പരീക്ഷയുടെ ഇന്റേണൽ മാർക്ക്, സർവകലാശാല പരീക്ഷ പോർട്ടലിൽ യഥാസമയം ഫോർവേഡ് ചെയ്യാത്തതു മൂലം സർവ്വകലാശാലയ്ക്ക് ഭരണപരമായ ബുദ്ധിമുട്ടുകളും അധികബാധ്യതയും ഉണ്ടാകുന്നതിനാൽ ഒരു വിദ്യാർത്ഥിയ്ക്ക് 1,165/- രൂപാ വീതം 100 വിദ്യാർത്ഥികൾക്ക്, മൊത്തം 1,16,500/- രൂപ മാത്രം ടി കോളേജിൽ നിന്നും പിഴയായി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 132/24.01/126826/EA 2-2/2023/EA 2** **ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് നാലാം സെമസ്റ്ററിനോടൊപ്പം മൂന്നാം സെമസ്റ്റർ സ്പെഷ്യൽ സപ്ലിമെന്ററി പരീക്ഷ നടത്തണം എന്ന അക്കാദമിക് കൗൺസിൽ യോഗ പ്രമേയം - സംബന്ധിച്ച്.**

അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്കായി സർവ്വകലാശാല ഫലപ്രഖ്യാപനത്തിനുശേഷം നാല്, അഞ്ച് സെമസ്റ്ററുകളിൽ നടത്തുന്ന സ്പെഷ്യൽ സപ്ലിമെന്ററി പരീക്ഷകൾ പോലെ, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കും നാലാം സെമസ്റ്ററിനോടൊപ്പം മൂന്നാം സെമസ്റ്റർ സ്പെഷ്യൽ സപ്ലിമെന്ററി പരീക്ഷ നടത്തണം എന്ന അക്കാദമിക് കൗൺസിൽ യോഗ പ്രമേയം (13.09.2023 -ലെ പ്രമേയം നമ്പർ 07) അംഗീകരിക്കുന്നതിനും, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് മൂന്നാം സെമസ്റ്ററിന് ഒരു സ്പെഷ്യൽ സപ്ലിമെന്ററി പരീക്ഷ നടത്തണം എന്നുള്ള വിഷയം PG CSS Regulation 2019 റഗുലേഷനിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 133/24.01/96534/EB 7-3/2023/EB 7** **ഒന്നാം സെമസ്റ്റർ ബിസിഎ (സിബിസിഎസ്, 2022 അഡ്മിഷൻ റെഗുലർ/ 2021 അഡ്മിഷൻ ഇമ്പ്രൂവ്മെന്റ്, റീ അപ്പിയറൻസ്/2017-2020 അഡ്മിഷൻസ് റീഅപ്പിയറൻസ് പരീക്ഷ ഫെബ്രുവരി 2023 - സോഫ്റ്റ്‌വെയർ ലാബ് I പ്രാക്റ്റിക്കൽ പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് മുരുക്കുംവയൽ ശ്രീ ശബരീശാ കോളേജിലെ പ്രിൻസിപ്പൽ (ഇൻ ചാർജ്) സമർപ്പിച്ച പരാതിയിന്മേലുള്ള അന്വേഷണ റിപ്പോർട്ട് - സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് - സംബന്ധിച്ച് .**

ഒന്നാം സെമസ്റ്റർ ബിസിഎ (സി.ബി.സി.എസ്, 2022 അഡ്മിഷൻ റെഗുലർ/ 2021 അഡ്മിഷൻ ഇമ്പ്രൂവ്മെന്റ്, റീ അപ്പിയറൻസ്/2017-2020 അഡ്മിഷൻസ് റീഅപ്പിയറൻസ് പരീക്ഷ ഫെബ്രുവരി 2023 - സോഫ്റ്റ്‌വെയർ ലാബ് I പ്രാക്റ്റിക്കൽ പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് മുരുക്കുംവയൽ ശ്രീ ശബരീശാ കോളേജിലെ പ്രിൻസിപ്പൽ (ഇൻ ചാർജ്) സമർപ്പിച്ച പരാതിയിന്മേലുള്ള അന്വേഷണ റിപ്പോർട്ട് അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ 134/24.01/74489/EL1-1/2023/VC SECTION പാലാ, സെൻറ് തോമസ് കോളേജിലെ 2020 അഡ്മിഷൻ ബി.വോക് വിദ്യാർത്ഥികളുടെ ആറാം സെമസ്റ്റർ മാർച്ച് 2023 പരീക്ഷയുടെ ഇന്റേണൽ മാർക്ക് സമയബന്ധിതമായി യൂണിവേഴ്സിറ്റിയിലേക്ക് സമർപ്പിക്കാത്തതിനാൽ ടി കോളേജിൽ നിന്നും ഫൈൻ ഈടാക്കുന്നതിനുള്ള ബഹു വൈസ് ചാൻസലറുടെ ഉത്തരവ് സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നത് സംബന്ധിച്ച്:

പാലാ, സെൻറ് തോമസ് കോളേജിലെ 2020 അഡ്മിഷൻ ബി.വോക് വിദ്യാർത്ഥികളുടെ ആറാം സെമസ്റ്റർ മാർച്ച് 2023 പരീക്ഷയുടെ ഇന്റേണൽ മാർക്ക് കോളേജിൽ നിന്നും സമയബന്ധിതമായി യൂണിവേഴ്സിറ്റിയിലേക്ക് സമർപ്പിക്കാത്തത് മൂലം സർവ്വകലാശാലയ്ക്ക് ഭരണപരമായ ബുദ്ധിമുട്ടുകളും അധികബാധ്യതയും ഉണ്ടാകുന്നതിനാൽ ടി കോളേജിൽ നിന്നും 1165/- രൂപ വീതം 110 വിദ്യാർത്ഥികൾക്ക്, ആകെ 1,28,150/- രൂപ പിഴയായി ഉടൻ പ്രാബല്യത്തിൽ ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ 135/24.01/122826/EB 1-3/2023/EB 1 ബി.എ. മലയാളം IV സെമസ്റ്റർ, മെയ് 2023 പരീക്ഷയിലെ ML4CMT06 : ആധുനിക മലയാള ഭാഷ, ML4CRT04 : കേരളസംസ്കാരം - ഉത്തരഘട്ടം എന്നീ പരീക്ഷചോദ്യപേപ്പറുകളിലെ ന്യൂനതകൾ - ചെയർമാൻ, പ്രീ വാല്യുവേഷൻ ബോർഡ് കൂടി ചോദ്യപേപ്പറുമായി ബന്ധപ്പെട്ട് സമർപ്പിച്ച നിർദേശങ്ങൾ - സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച് :-

സർവ്വകലാശാല പരീക്ഷകൾ നടത്തുന്നതിനായുള്ള ചോദ്യബാങ്കിൽ നിക്ഷേപിച്ചിരിക്കുന്ന ചോദ്യങ്ങളുടെ ഗുണനിലവാരവും, സിലബസിലെ എല്ലാ ഭാഗത്ത് നിന്നും ചോദ്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ എന്നതും പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിലേക്കായി ചോദ്യബാങ്ക് തയ്യാറാക്കിയതിനുശേഷം ബന്ധപ്പെട്ട ബോർഡ് ഓഫ് സ്റ്റഡീസ്-നെക്കൊണ്ട് ടി ചോദ്യബാങ്ക് scrutiny-ക്ക് വിധേയമാക്കുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ 136/24.01/86294/EJ 11-3/2022/EJ 11 അരുവിത്തുറ സെന്റ് ജോർജസ് കോളേജിലെ (2013 -2016 ബാച്ച്) ബി എ ഇംഗ്ലീഷ് ലിറ്ററേച്ചർ വിദ്യാർഥിനിയായിരുന്ന ശ്രീമതി. മെറീന . ആർ (രജി നം . 130021009495)-ന്റെ നാലാം സെമസ്റ്റർ - മാർച്ച് 2015 പരീക്ഷയുടെ പുനർമൂല്യനിർണയ ഫലം പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച് .

അരുവിത്തുറ, സെന്റ് ജോർജസ് കോളേജിലെ (2013 -16 ബാച്ച്) ബി എ ഇംഗ്ലീഷ് ലിറ്ററേച്ചർ വിദ്യാർഥിനിയായിരുന്ന ശ്രീമതി. മെറീന . ആർ (രജി നം . 130021009495) ന്റെ നാലാം സെമസ്റ്റർ - മാർച്ച് 2015 പരീക്ഷയുടെ പുനർമൂല്യനിർണയ ഫലം പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ.ബി. കേരളവർമ്മ (സിൻഡിക്കേറ്റ് അംഗം)-യെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ 137/24.01/108792/EI 40-1/2023

**എം ബി എ - രണ്ടാം സെമസ്റ്റർ പരീക്ഷ ജൂൺ 2023 - ഇന്റേണൽ മാർക്ക് രേഖപ്പെടുത്തിയതിൽ തിരുത്തൽ വരുത്തുന്നതിന് പിഴ ഈടാക്കുന്നത് ഒഴിവാക്കി നൽകുന്നതിന് പ്രിൻസിപ്പൽ, ഡി സി സ്കൂൾ ഓഫ് മാനേജ്മെന്റ് & ടെക്നോളജി, വാഗമൺ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ അന്വേഷണം നടത്തി, സിൻഡിക്കേറ്റ് അംഗം ഡോ ഷാജിലാ ബീവി എസ് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് - സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നത് - സം ബന്ധിച്ച്.**

2023 ജൂൺ -ൽ നടന്ന രണ്ടാം സെമസ്റ്റർ എം ബി എ പരീക്ഷയുടെ ഇന്റേണൽ മാർക്ക് രേഖപ്പെടുത്തിയതിൽ തിരുത്തൽ വരുത്തുന്നതിന് പിഴ ഈടാക്കുന്നത് ഒഴിവാക്കി നൽകണമെന്നാവശ്യപ്പെട്ട് പ്രിൻസിപ്പൽ, ഡി സി സ്കൂൾ ഓഫ് മാനേജ്മെന്റ് & ടെക്നോളജി, വാഗമൺ സമർപ്പിച്ച അപേക്ഷയിന്മേൽ നിയമിതമായ അന്വേഷണ കമ്മീഷന്റെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

ഇനംനമ്പർ 138/24.01/140999/EI 5-1/2023/EI 5

**കോതമംഗലം ഇന്ദിര ഗാന്ധി ട്രെയിനിങ് കോളേജിലെ ബി എഡ് 2022 അഡ്മിഷനിലെ 44 വിദ്യാർത്ഥികളുടെ രണ്ടാം സെമസ്റ്റർ ജൂലൈ 2023 പരീക്ഷയുടെ ഇന്റേണൽ മാർക്ക് യഥാസമയം കോളേജിൽ നിന്ന് പരീക്ഷാ പോർട്ടലിൽ ഫോർവേഡ് ചെയ്യാത്തത് - പിഴ ഈടാക്കുന്നത് - സംബന്ധിച്ച് :-**

കോതമംഗലം, ഇന്ദിര ഗാന്ധി ട്രെയിനിങ് കോളേജിലെ ബി എഡ് 2022 അഡ്മിഷനിലെ 44 വിദ്യാർത്ഥികളുടെ രണ്ടാം സെമസ്റ്റർ ജൂലൈ 2023 പരീക്ഷയുടെ ഇൻറെണൽ മാർക്ക്, കോളേജിൽ നിന്നും സർവകലാശാല പരീക്ഷ പോർട്ടലിൽ യഥാസമയം ഫോർവേഡ് ചെയ്യാത്തതു മൂലം സർവ്വകലാശാലയ്ക്ക് ഭരണപരമായ ബുദ്ധിമുട്ടുകളും അധികബാധ്യതയും ഉണ്ടായതിനാൽ പിഴ ഈടാക്കുന്നത് ഒഴിവാക്കി തരാൻ പ്രിൻസിപ്പൽ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിനും ഒരു വിദ്യാർത്ഥിയ്ക്ക് 1165/- രൂപാ വീതം ടി കോളേജിൽ നിന്നും പിഴയായി ഉടൻ പ്രാബല്യത്തിൽ ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

ഇനംനമ്പർ 139/24.01/147154/EA 1-3/20232018

**2018 അഡ്മിഷൻ പഞ്ചവത്സര LLB വിദ്യാർഥിനിയായ ക്രിസ്റ്റീനാ വർഗീസ് 21.10.2023 തീയതിയിൽ സമർപ്പിച്ച അപേക്ഷ.**

2018 അഡ്മിഷൻ പഞ്ചവത്സര LLB വിദ്യാർഥിനിയായ ക്രിസ്റ്റീനാ വർഗീസ് തന്റെ കോഴ്സ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ കാലതാമസം ഒഴിവാക്കണമെന്നാവശ്യപ്പെട്ട് നൽകിയ അപേക്ഷയിന്മേൽ സർവ്വകലാശാല ഉദ്യോഗസ്ഥരുടെ വിശദീകരണം തൃപ്തികരമായതിൻറെ അടിസ്ഥാനത്തിൽ ടി വിദ്യാർത്ഥിനിയുടെ പരീക്ഷാ ഫലം ഉടൻതന്നെ പ്രസിദ്ധീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ 140/24.01/46746/EI 31-1/2023

**ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടിയിലെ BBA LL.B 2019 അഡ്മിഷനിലെ 5 വിദ്യാർത്ഥികളുടെ മൂന്നാം സെമസ്റ്ററിലെ Internal mark-ൽ ഉണ്ടായ പിശക് തിരുത്തുന്നത് സംബന്ധിച്ച്:-**

ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടിയിലെ BBA LL.B 2019 അഡ്മിഷനിലെ 5 വിദ്യാർത്ഥികളുടെ മൂന്നാം സെമസ്റ്ററിലെ Internal mark-എൻട്രിയുമായി ബന്ധപ്പെട്ട വിഷയത്തിൽ വിദ്യാർത്ഥികൾക്ക് നിലവിൽ പരാതികൾ ഇല്ല എന്നിരുന്നാലും ടി കോളേജിന്റെ ഭാഗത്തുനിന്നും ടി വിദ്യാർത്ഥികളുടെ Internal mark-സർവ്വകലാശാല പരീക്ഷ പോർട്ടലിൽ രേഖപ്പെടുത്തിയതിൽ ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുള്ളതിനാലും ടി വിഷയത്തിൽ സർവകലാശാലയുടെ വിലയേറിയ സമയം നഷ്ടപ്പെടുത്തിയിട്ടുള്ളതിനാലും പിഴയായി Rs. 5,000/- (അയ്യായിരം രൂപ മാത്രം) ടി കോളേജിൽ നിന്ന് ഈടാക്കിയതിന് ശേഷം തുടർ നടപടികൾ അവസാനിപ്പിക്കുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ 141/24.01/150732/EI 6-1/2023

**കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷൻ, കുമിളിയിൽ നിന്നും ബി. എഡ്. മൂന്നാം സെമസ്റ്റർ ബർനവം 2023 പരീക്ഷയ്ക്ക് വിദ്യാർത്ഥികളെ പരീക്ഷാരജിസ്ട്രേഷൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യാതിരുന്നത്- പിഴ ഈടാക്കുന്നത് - സംബന്ധിച്ച്.**

കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷൻ, കുമിളിയിൽ നിന്നും ബി. എഡ്. മൂന്നാം സെമസ്റ്റർ നവംബർ 2023 പരീക്ഷയ്ക്കായി നിർദ്ദിഷ്ട തീയതിക്കുള്ളിൽ പരീക്ഷാ പോർട്ടലിൽ വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കാതിരുന്നതിന്മേൽ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. ആർ. അനിത (സിൻഡിക്കേറ്റ് അംഗം)-യെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ 142/24.01/153924/EI 32-2/2023

**HOLY CRESCENT COLLEGE OF ARCHITECTURE - 2020 അഡ്മിഷൻ B ARCH I & II സെമസ്റ്റർ പരീക്ഷ - INTERNAL MARK എൻട്രി നടത്തിയതിലെ പിഴവ് തിരുത്തുന്നത് സംബന്ധിച്ച്.**

HOLY CRESCENT COLLEGE OF ARCHITECTURE-ലെ 24 വിദ്യാർത്ഥികളുടെ 2020 B ARCH ഒന്ന്, രണ്ട് (I & II) സെമസ്റ്റർ പരീക്ഷയിലെ 19 AR 12007 ARCHITECTURAL GRAPHICS എന്ന വിഷയത്തിന്റെ INTERNAL MARKS സർവകലാശാല പരീക്ഷ പോർട്ടലിൽ തെറ്റായി രേഖപ്പെടുത്തിയ വിഷയത്തിൽ ഒരു വിദ്യാർത്ഥിയ്ക്ക് 1165/- രൂപാ വീതം ടി കോളേജിൽ നിന്നും പിഴയായി ഈടാക്കിക്കൊണ്ട് ടി INTERNAL MARK കൾ തിരുത്തി രേഖപ്പെടുത്തുന്നതിനുള്ള അവസരം നൽകുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ 143/24.01/153987/EI 32-1/2023

**അഞ്ചാം സെമസ്റ്റർ 2020 അഡ്മിഷൻ ബി.ആർക് വിദ്യാർത്ഥികളുടെ ഇന്റേർണൽ മാർക്കുകൾ പോർട്ടലിൽ അപ്‌ലോഡ് ചെയ്തതിൽ സംഭവിച്ച പിഴവിനെ തുടർന്ന് ഫൈൻ ഈടാക്കിയത് ഒഴിവാക്കി നൽകുന്നത് - സംബന്ധിച്ച്**

SEED- എ.പി.ജെ. അബ്ദുൾ കലാം സ്കൂൾ ഓഫ് എൻവയോൺമെന്റൽ ഡിസൈൻ- ലെ അഞ്ചാം സെമസ്റ്റർ 2020 അഡ്മിഷൻ ബി.ആർക് വിദ്യാർത്ഥികളുടെ ഇന്റേർണൽ മാർക്കുകൾ പോർട്ടലിൽ അപ്‌ലോഡ് ചെയ്തതിൽ സംഭവിച്ച പിഴവിനെ തുടർന്ന് ഫൈൻ ഈടാക്കിയത് ഒഴിവാക്കി നൽകുന്നതിന് പ്രിൻസിപ്പാൾ നൽകിയ അപേക്ഷ നിരസിക്കുന്നതിനും പിഴത്തുക അടിയന്തരമായി ഈടാക്കുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

ഇനംനമ്പർ 144/24.01/184960/AC B6-1/2022/AC B 6

**UG CAP 2022 - Physical Disability ക്വാട്ടയിൽ പത്തനംതിട്ട കാതലിക്കേറ്റ് കോളേജിൽ ബികോം ഫിനാൻസ് ആൻഡ് ടാക്സേഷൻ പ്രോഗ്രാമിനു അഡ്മിഷൻ ലഭിച്ച മുഹമ്മദ് ആഷിക് (22168126) എന്നയാളുടെ അഡ്മിഷൻ റദ്ദായത് സംബന്ധിച്ച പരാതിയിന്മേൽ കോളേജിന് ചുമത്തിയ പിഴത്തുക ഇളവ് ചെയ്യണമെന്ന അപേക്ഷ സംബന്ധിച്ച്.**

UG CAP 2022 - Physical Disability ക്വാട്ടയിൽ പത്തനംതിട്ട കാതലിക്കേറ്റ് കോളേജിൽ ബികോം ഫിനാൻസ് ആൻഡ് ടാക്സേഷൻ പ്രോഗ്രാമിനു അഡ്മിഷൻ ലഭിച്ച മുഹമ്മദ് ആഷിക് (22168126) എന്നയാളുടെ അഡ്മിഷൻ റദ്ദായത് സംബന്ധിച്ച പരാതിയിന്മേൽ കോളേജിന് ചുമത്തിയ പിഴത്തുക ഇളവ് ചെയ്യണമെന്ന ടി കേളേജ് പ്രിൻസിപ്പാളിന്റെ അപേക്ഷ നിരസിക്കുന്നതിനും പിഴത്തുക അടിയന്തരമായി ഈടാക്കുന്നതിനുള്ള കർശ്ശന നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

ഇനംനമ്പർ 145/24.01/141626/EJ 4-3/2023/EJ 4

**2014 – 2017 B.COM CBCSS MODEL I FINANCE & TAXATION കോഴ്സിന്റെ അന്തിമ സ്ഥാനപ്പട്ടിക പ്രസിദ്ധീകരിക്കുന്നതിനായി പ്രൊവിഷനൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട MEENU G KRISHNAN (PRN:140021000473) എന്ന വിദ്യാർഥിനിയുടെ പുനർമൂല്യനിർണയ നടപടികൾ പൂർത്തീകരിക്കുന്നത് – സംബന്ധിച്ച്**

2014 – 2017 B.COM CBCSS MODEL I FINANCE & TAXATION കോഴ്സിന്റെ അന്തിമ സ്ഥാനപ്പട്ടിക പ്രസിദ്ധീകരിക്കുന്നതിനായി പ്രൊവിഷനൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട MEENU G KRISHNAN (PRN:140021000473) എന്ന വിദ്യാർഥിനിയുടെ പുനർമൂല്യനിർണയ നടപടികൾ പൂർത്തീകരിക്കുന്നത് സംബന്ധിച്ച വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. ഷജില ബീവി എസ്. (സിൻഡിക്കേറ്റ് അംഗം)-നെ അന്വേഷണ കമ്മീഷനായി നിയമിക്കുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ 146/24.01/78760/EL 1-4/2023

**കളമശ്ശേരി, സെന്റ് പോൾസ് കോളേജിലെ ബിവോക് ലോജിസ്റ്റിക്സ് മാനേജ്മെന്റ് പ്രോഗ്രാമിലെ 2022, നവംബറിൽ നടന്ന നാലാം സെമസ്റ്റർ ബി.വോക് പരീക്ഷയുടെ രണ്ടു വിദ്യാർത്ഥികളുടെ പ്രാക്ടിക്കൽ മാർക്ക് പരസ്പരം മാറി പ്പോയത് സംബന്ധിച്ച്.**

കളമശ്ശേരി, സെന്റ് പോൾസ് കോളേജിലെ ബിവോക് ലോജിസ്റ്റിക്സ് മാനേജ്മെന്റ് പ്രോഗ്രാമിലെ 2022, നവംബറിൽ നടന്ന നാലാം സെമസ്റ്റർ ബി.വോക് പരീക്ഷ എഴുതിയ Antony Aswin KJ (PRN 200041000315), Antony Rahul CP (200041000316) എന്നീ രണ്ടു വിദ്യാർത്ഥികളുടെ പ്രാക്ടിക്കൽ മാർക്ക് പരസ്പരം മാറിപ്പോയ വിഷയത്തിൽ മാർക്ക് തെറ്റായി രേഖപ്പെടുത്തിയ അധ്യാപികയിൽ നിന്ന് Rs.5000/- പിഴ ഈടാക്കുന്നതിനും ടി വിദ്യാർത്ഥികളുടെ പരീക്ഷാ ഫലം പ്രാക്ടിക്കൽ മാർക്കുകളിൽ തിരുത്തൽ വരുത്തി പുനഃപ്രസിദ്ധീകരിക്കുന്നതിനും തീരുമാനിച്ചു.

ഇനംനമ്പർ 147/24.01/123000/EI 40-1/2023

**എം ബി എ മൂന്നാം സെമസ്റ്റർ പരീക്ഷ ഫെബ്രുവരി 2023 – വാഗമൺ ഡി സി സ്കൂൾ ഓഫ് മാനേജ്മെൻറ് & ടെക്നോളജിയിലെ Thomas Reena Reji എന്ന വിദ്യാർത്ഥിയുടെ പരീക്ഷാഫലത്തിലെ ന്യൂനത പരിഹരിക്കണമെന്നാ വശ്യപ്പെട്ടുകൊണ്ട് കോളേജ് പ്രിൻസിപ്പൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ – സംബന്ധിച്ച്.**

വാഗമൺ ഡി സി സ്കൂൾ ഓഫ് മാനേജ്മെൻറ് & ടെക്നോളജിയിലെ Thomas Reena Reji എന്ന വിദ്യാർത്ഥിയുടെ എം.ബി.എ മൂന്നാം സെമസ്റ്റർ ഫെബ്രുവരി 2023 പരീക്ഷാഫലത്തിലെ ന്യൂനത പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കോളേജ് പ്രിൻസിപ്പൽ സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ വിശദമായി പഠിച്ച് അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റംഗങ്ങളായ ഡോ. ഷജില ബീവി എസ്., ഡോ. ബി. കേരളവർമ്മ എന്നിവരെ അന്വേഷണ കമ്മീഷനായി നിയമിക്കുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ 148/24.01/240002

**09.12.2024 ന് കൂടിയ സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി – എക്സാമിനേഷൻസ് –ന്റെ നടപടിക്രമം**

OA 1

**സർവകലാശാല പരീക്ഷ പോർട്ടലിൽ ഇന്റേർണൽ മാർക്ക് ചേർക്കൽ – കോളേജ് പ്രിൻസിപ്പൽമാർക്ക് ഇമെയിൽ അലെർട് നൽകുന്നതിനുള്ള സജ്ജീകരണം – സംബന്ധിച്ച്.**

വിവിധ പരീക്ഷകളുടെ ഇന്റേർണൽ മാർക്ക് എന്റർ ചെയ്യുന്നതിനായി കോളേജുകളിലേക്ക് സർവകലാശാല പരീക്ഷ പോർട്ടൽ തുറന്ന് നൽകുന്ന കാലയളവ് അവസാനിക്കുന്നതിനു 24 മണിക്കൂർ

മുൻപ് കോളേജ് പ്രിൻസിപ്പൽമാർക്ക് ഇമെയിൽ അലെർട് നൽകുന്നതിനുള്ള സജ്ജീകരണം അടിയന്തിരമായി നടപ്പിലാക്കാൻ IT സെൽ ഡയറക്ടർക്ക് നിർദേശം നല്കാൻ തീരുമാനിച്ചു.

**ഇനംനമ്പർ 149/24.01/187154/AC A1-3/2021** **പുതിയ സ്വാശ്രയ ലോ കോളേജ് ആരംഭിക്കുന്നതിനായി വിവിധ ഏജൻസികൾസമർപ്പിച്ച അപേക്ഷകൾ- WP(C) No: 34243/2023, 34303/2023, 34353/2023 എന്നീ റിട്ട് ഹർജികളിന്മേൽ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കുന്നത് - സംബന്ധിച്ച് :-**

WP(C) No: 34243/2023, 34303/2023, 34353/2023 എന്നീ റിട്ട് ഹർജികളിന്മേൽ ബഹു. കേരള ഹൈക്കോടതിയുടെ 12.12.2023 തീയതിയിലെ വിധിന്യായം പരിഗണിച്ച്, 20.07.2023 തീയതിയിലെ സർവകലാശാല ഉത്തരവ് നം 7799/ACA1/2023/MGU, 2024-2025 അദ്ധ്യയന വർഷം കോളേജുകൾ ആരംഭിയ്ക്കത്തക്കവണ്ണം പുതുക്കി നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 150/24.01/105683/AC A7-2/2023** **കുട്ടിക്കാനം മരിയൻ ഇന്റർനാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് മാനേജ്മന്റ് എന്ന സ്വാശ്രയ കോളേജ് സ്ഥിരമായി നിർത്തലാക്കുന്നത് സംബന്ധിച്ച്.**

കുട്ടിക്കാനം, മരിയൻ ഇന്റർനാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് മാനേജ്മന്റ് എന്ന സ്വാശ്രയ കോളേജ് സ്ഥിരമായി നിർത്തലാക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ നിയമിതമായ പരിശോധനാസമിതി സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 151/24.01/111237/AC A1-1/2023** **അൽ അമീൻകോളേജ്, ഇടത്തല- 2024-'25 അദ്ധ്യയന വർഷത്തിൽ പുതിയ എയ്ഡഡ് പ്രോഗ്രാമുകൾ ആരംഭിയ്ക്കുന്നതിനായിസമർപ്പിച്ച അപേക്ഷ- സംബന്ധിച്ച്.**

പുതിയ എയ്ഡഡ് പ്രോഗ്രാമുകൾ ആരംഭിക്കുന്നത് സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത വരുന്ന വിഷയമായതിനാൽ സർക്കാരിന്റെ അനുമതി വാങ്ങിയതിന് ശേഷം, 2024-'25 അദ്ധ്യയന വർഷത്തിൽ പുതിയ എയ്ഡഡ് പ്രോഗ്രാമുകൾ ആരംഭിയ്ക്കുന്നതിനായി അൽ അമീൻ കോളേജ്, ഇടത്തല സമർപ്പിച്ച അപേക്ഷ പുനഃസമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 152/24.01/154496/AC A7-3/2023** **ശ്രീനാരായണ ഗുരു കോളേജ് ഓഫ് ആർട്സ് ആന്ഡ് സയന്സ്, കടവൂര്, പൈങ്കോട്ടൂര്, എറണാകുളം - B Com Model II Computer Application, M Com finance and Taxation എന്നീ പ്രോഗ്രാമുകള് സ്ഥിരമായി നിർത്തലാക്കുന്നതിന് സമര്പ്പിച്ച അപേക്ഷ സംബന്ധിച്ച്-**

ശ്രീനാരായണ ഗുരു കോളേജ് ഓഫ് ആർട്സ് ആന്ഡ് സയന്സ്, കടവൂര്, പൈങ്കോട്ടൂര്, എറണാകുളം സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിലെ താഴെപ്പട്ടികപ്രകാരമുള്ള പ്രോഗ്രാമുകൾ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

| College | Program | Year of Ceasing |
|---|---|---|
| Sree Narayana Guru College of Arts and Science, Kadavoor, Paingottoor, Kothamangalam Ernakulam. | B Com Model II Computer Application (40 Seats) | 2023-2024 |
| | M Com finance and Taxation (20 Seats) | 2023-2024 |

**ഇനംനമ്പർ 153/24.01/140682/AC A7-3/2023** **സ്കൂള് ഓഫ് ടെക്നോളജി ആന്ഡ് അപ്ലയ്ഡ് സയന്സസ്, ചുട്ടിപ്പാറ, പത്തനംതിട്ട - MCA പ്രോഗ്രാം സ്ഥിരമായി നിർത്തലാക്കുന്നതിന് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്:-**

സ്കൂള് ഓഫ് ടെക്നോളജി ആന്ഡ് അപ്ലയ്ഡ് സയന്സസ്, ചുട്ടിപ്പാറ, പത്തനംതിട്ട സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിലെ താഴെപ്പട്ടികപ്രകാരമുള്ള പ്രോഗ്രാം സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

| College | Program | Year of Ceasing |
|---|---|---|
| School of Technology and Applied Sciences, Chuttippara, Pathanamthitta. | MCA | 2018-2019 |

**ഇനംനമ്പർ 154/24.01/91664/AC B1-1/2023/AC B 1** **കോഴഞ്ചേരി സെന്റ് തോമസ് കോളേജിലെ കെമിസ്ട്രി വിഭാഗം ജൂനിയർ ലക്ച്ചറർ ശ്രീമതി ജ്യോതി സാറ ജോൺ ബഹു.കോടതിയിൽ ഫയൽ ചെയ്ത WP (C) N0.33576/2016 ന്റെ 07.06.2023 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 13.11.2023 തീയതിയിലെ സർവ്വകലാശാല ഉത്തരവ് നമ്പർ 11414/ACB1/2023/എം.ജി.യു പ്രകാരം നടത്തിയ ഹിയറിങ്-ന്റെ റിപ്പോർട്ട് സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിക്കുന്നത് - സംബന്ധിച്ച് .**

കോഴഞ്ചേരി, സെന്റ് തോമസ് കോളേജിലെ കെമിസ്ട്രി വിഭാഗം ജൂനിയർ ലക്ച്ചറർ ശ്രീമതി ജ്യോതി സാറ ജോൺ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP (C) N0.33576/2016 ന്റെ 07.06.2023 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 13.11.2023 തീയതിയിലെ സർവ്വകലാശാല ഉത്തരവ് നമ്പർ 11414/ACB1/2023/എം.ജി.യു പ്രകാരം നടത്തിയ ഹിയറിങ്-ന്റെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 155/24.01/ACB1/1/2038/2022 -** **സ്വകാര്യ എയ്ഡഡ് കോളേജുകളിലെ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ നിയമനവുമായി ബന്ധപ്പെട്ട് കേരള ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 27.09.2023 കത്തിലെ നിർദ്ദേശങ്ങൾ സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച നിയമോപദേശം -സംബന്ധിച്ച്.**

ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർ നിയമനം സംബന്ധിച്ച് ലഭ്യമായിട്ടുള്ള നിയമോപദേശത്തിൽ സർവകലാശാല സ്റ്റാറ്റ്യൂട്ടുകളിലെ നിലവിലെ വ്യവസ്ഥകൾ (Chapter 45, proviso to statute 78) നിലനിൽക്കുന്നിടത്തോളം 4-07-2023-ൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് നടത്തിയ യോഗത്തിന്റെ മിനുട്സ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാൻ സർവകലാശാലക്ക് നിയമപരമായി സാധിക്കുകയില്ലായെന്ന് നിയമോപദേശം ലഭിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 156/24.01/135426/AC B1-1/2023/AC B 1 - സ്വകാര്യ എയ്ഡഡ് കോളേജുകൾ - എടത്വ സെന്റ് അലോഷ്യസ് കോളേജിൽ UGC റെഗുലേഷൻസ് 2018 പ്രകാരം നേരിട്ടുള്ള നിയമനം മുഖേന പ്രിൻസിപ്പലായി നിയമിതനായ പ്രൊഫ (ഡോ) ഇന്ദുലാൽ ജിയുടെ നിയമനം - അംഗീകരിക്കുന്നത് സംബന്ധിച്ച്.**

ഇനം പിൻവലിച്ചു.

**ഇനംനമ്പർ 157/24.01/117123/AC B2-3/2023/AC B 2 - എം ഇ എസ് കോളേജ് നെടുങ്കണ്ടം - ഡോ. ജെ.പി. തവമണി - പ്രിൻസിപ്പൽ നിയമനാംഗീകാരം സംബന്ധിച്ച് :-**

നെടുങ്കണ്ടം, എം.ഇ.എസ് കോളേജ് പ്രിൻസിപ്പലായി നിയമിതയായ ഡോ. ജെ.പി. തവമണിക്ക് യുജിസി റെഗുലേഷൻസ് 2018,4.1(V)(A) പ്രകാരം പ്രിൻസിപ്പൽ തസ്തികയിലേയ്ക്ക് നിയമിതയാകുന്നതിനാവശ്യമായ യോഗ്യതകൾ ഉള്ളതിനാൽ, ഡോ. ജെ.പി. തവമണിയുടെ പ്രിൻസിപ്പൽ നിയമനം 12.01.2023 പൂർവാഹ്നം മുതൽ ടിയാരിയുടെ വിരമിക്കൽ തീയതി വരെയോ, അല്ലെങ്കിൽ 5 വർഷം വരെയോ, ഏതാണോ ആദ്യം അതുവരെ അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 158/24.01/47428/LEGN -2/2023 അസി. പ്രൊഫസർ നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി 50 വയസ്സാക്കി നിശ്ചയിച്ച സർക്കാർ ഉത്തരവ് മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സിൽ ഉൾപ്പെടുത്തി തയ്യാറാക്കിയ സ്റ്റാറ്റ്യൂട്ട് ഭേദഗതി- കരട് അംഗീകരിക്കുന്നത്- സംബന്ധിച്ച്.**

ഉന്നതവിദ്യാഭ്യാസ വകുപ്പ് 11.04.2023 തീയതിയിൽ പുറപ്പെടുവിച്ച സ.ഉ.(അച്ചടി)നം. 4/2023/HEDN ഉത്തരവ് പ്രകാരം താഴെപ്പറയുന്ന പട്ടിക പ്രകാരമുള്ള സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് ഭേദഗതി നടപ്പിലാക്കുവാൻ തീരുമാനിച്ചു.

| Existing Statutes | Proposed Amendment |
|---|---|
| Mahatma Gandhi University Statutes 1997, Chapter 3, TEACHERS OF THE UNIVERSITY | |
| ....... | 3A. - The minimum age limit and the maximum age limit for appointment by direct recruitment of teachers in the University shall be the same as that prescribed by the State Government/ respective Statutory body in making appointment to such posts as amended from time to time with the usual relaxation of age limits to eligible communities. |

**ഇനംനമ്പർ 159/24.01/43779/LEGN -2/2023 കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവനവ്യവസ്ഥയും) ആക്ട് സർവ്വകലാശാലയിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച്.**

2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവനവ്യവസ്ഥയും) ആക്ടിൽ (ആക്ട് 13 of 2021) പ്രതിപാദിച്ചിരിക്കുന്ന സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ നിയമനരീതിയും സേവനവ്യവസ്ഥയും സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 160/24.01/38339/P&D 2/3** | **ഗവേഷണ പ്രോജക്റ്റുകൾ / ഫെലോഷിപ്പുകൾക്കായി DST അടക്കമുള്ള ബാഹ്യ ഏജൻസികൾ അനുവദിക്കുന്ന തുക സ്വീകരിക്കുന്നതിനായി SBI ഒഴികയുള്ള ബാങ്കുകളിൽ സർവ്വകലാശാലയുടെ പേരിൽ അക്കൗണ്ട് ആരംഭിക്കുന്നതിനായി മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റ് , 1985 ലെ പ്രസക്ത ഭാഗം ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച 07.07.2023 തീയതിയിലെ സിൻഡിക്കേറ്റ് തീരുമാനം - ഫിനാൻസ് ഓഫീസറുടെ റിപ്പോർട്ട് സഹിതം ഫയൽ പുനഃസമർപ്പിക്കുന്നത് - സംബന്ധിച്ച്:-** |

മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റ്, 1985 ലെ ചാപ്റ്റർ VII Finance - Clause 46 (2) - ഫിനാൻസ് ഓഫീസർ നിർദ്ദേശിച്ച താഴെപ്പറയുന്ന പട്ടിക പ്രകാരമുള്ള ഭേദഗതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

| ആക്റ്റിലെ നിലവിലെ വ്യവസ്ഥ | ഭേദഗതി നിർദ്ദേശം |
|---|---|
| "All moneys in the [Mahatma Gandhi University Fund] shall be lodged in the Government Treasury or with the approval of the Government in the State Bank of India or its subsidiaries up to such limits as may be fixed by the Government." | "All moneys in the Mahatma Gandhi University Fund shall be lodged in the Government Treasury or in any scheduled bank or its subsidiaries up to such limits as may be fixed by the Government." |

| | |
|---|---|
| **ഇനംനമ്പർ 161/24.01/97080/P&D 2-1/2023/** | **BIIC-ന്റെ സഹകരണത്തോടെ പുതിയ ന്യൂട്രാസ്യൂട്ടിക്കൽ ഉൽപന്നം വികസിപ്പിക്കുന്നതിനുള്ള പദ്ധതിക്കായി കൊച്ചിയിലെ Aurea Biolabs എന്ന സ്ഥാപനവും സർവ്വകലാശാലയുമായി കരാറിലേർപ്പെടുന്നതിന് മുന്നോടിയായി ഒരു Non -Disclosure Agreement (NDA) ഒപ്പുവയ്ക്കുന്നത് സംബന്ധിച്ച് :-** |

സ്റ്റാൻഡിംഗ് കൗൺസിലിന് ഫയൽ സമർപ്പിച്ച് ടി വിഷയത്തിൽ കൂടുതൽ വ്യക്തത വരുത്തി ഫയൽ പുനഃസമർപ്പിക്കുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 162/24.01/87021/P&D 2-1/2022** | **മഹാത്മാഗാന്ധി സർവ്വകലാശാലയിലെ School of Behavioural Sciences, Jewel Autism and Child Development Centre (JAACDC), Kottayam - മായി ചേർന്ന് ഡിസബിലിറ്റി റീഹാബിലിറ്റേഷൻ, ഗവേഷണ മേഖലകളിൽ സഹകരിച്ച് പ്രവർത്തിക്കുന്നതിന് വേണ്ടി ഒരു ധാരണാപത്രം ഒപ്പിടുന്നതിനുള്ള സാദ്ധ്യത അന്വേഷിച്ച് വകുപ്പ് മേധാവി സമർപ്പിച്ച അപേക്ഷ - സംബന്ധിച്ച്:-** |

സർവ്വകലാശാലാ നിയമോപദേശകന്റെ അഭിപ്രായം അംഗീകരിക്കുന്നതിനും മഹാത്മാഗാന്ധി സർവ്വകലാശാലയിലെ School of Behavioural Sciences, Jewel Autism and Child Development Centre (JAACDC), Kottayam എന്ന സ്ഥാപനവുമായി ചേർന്ന് ഡിസബിലിറ്റി റീഹാബിലിറ്റേഷൻ, ഗവേഷണ മേഖലകളിൽ സഹകരിച്ചു പ്രവർത്തിക്കുന്നതിനു വേണ്ടി ധാരണാപത്രം ഒപ്പിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 163/24.01/119981/P&D 2-1/2023** — The International Institute of Migration and Development (IIMAD), Thiruvananthapuram - വും **മഹാത്മാഗാന്ധി സർവ്വകലാശാലയിലെ** Centre for Migration Policy and Inclusive Governance (CMPIG) **യുമായി അക്കാദമിക - ഗവേഷണ - നൈപുണ്യ വികസന മേഖലകളിൽ സഹകരിച്ച് പ്രവർത്തിക്കുന്നതിനായി ഒരു ധാരണാപത്രം ഒപ്പിടുന്നതിനുള്ള സാദ്ധ്യത അന്വേഷിച്ചുകൊണ്ട് നൽകിയിട്ടുള്ള അപേക്ഷ - സംബന്ധിച്ച്.**

സർവ്വകലാശാല നിയമവിഭാഗം നിർദ്ദേശിച്ചിട്ടുള്ള കൂട്ടിച്ചേർക്കലുകൾ ഉൾപ്പെടുത്തി ധാരണാപത്രം ഒപ്പിടാവുന്നതാണെന്ന് ശുപാർശ ചെയ്യുന്നു. കൂടാതെ ധാരണാപത്രത്തിൽ പരാമർശിച്ചിട്ടുള്ള ഇരുകക്ഷികളും അവരുടെ brochures, website, other documents എന്നിവയിൽ മറ്റുകക്ഷിയുടെ പേരും ലോഗോയും അവരുടെ കരാർബന്ധം പരാമർശിക്കുന്നതിനായി ഉപയോഗിക്കാം എന്നവ്യവസ്ഥ അംഗീകരിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 164/24.01/134786/P&D 2-1/2023** — Tamilnadu Agricultural University (TNAU) - **യും മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിൽ അക്കാദമിക ഗവേഷണ മേഖലകളിൽ സഹകരിച്ച് പ്രവർത്തിക്കുന്ന തിനായി ഒരു ധാരണാപത്രം ഒപ്പിടുന്നതിനുള്ള സാദ്ധ്യത അന്വേഷിച്ചുകൊണ്ട് നൽകിയിട്ടുള്ള അപേക്ഷ - സംബന്ധിച്ച്.**

സർവ്വകലാശാല നിയമ വിഭാഗം നിർദ്ദേശിച്ചിട്ടുള്ള, ധാരണാ പത്രത്തിൽ വരുത്തേണ്ട മാറ്റങ്ങൾ വരുത്തുന്നതിനും, ഫയലിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനും വൈസ് ചാൻസലറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 165/24.01/135984/P&D 2-1/2023** — Indian Institute of Millets Research (IIMR), Hyderabad - **ഉം മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിൽ അക്കാദമിക - ഗവേഷണ മേഖലകളിൽ സഹകരിച്ച് പ്രവർത്തിക്കുന്നതിന് വേണ്ടി ഒരു ധാരണാപത്രം ഒപ്പിടുന്നതിനുള്ള സാദ്ധ്യത അന്വേഷിച്ചുകൊണ്ട് നൽകിയിട്ടുള്ള അപേക്ഷ - സംബന്ധിച്ച്.**

സർവ്വകലാശാല നിയമ വിഭാഗം നിർദ്ദേശിച്ച കൂട്ടിച്ചേർക്കലുകൾ ഉൾപ്പെടുത്തുകയും കൂടാതെ Intellectual property Rights, Publication, Confidentiality എന്നിവ സംബന്ധിച്ച ധാരണാപത്രത്തിലെ വ്യവസ്ഥകളിന്മേൽ, ടി കരട് ധാരണാപത്രം സമർപ്പിച്ച Dr. Jisha M S-ന്റെ അഭിപ്രായത്തിന്റെ നിയമോപദേശം തേടിക്കൊണ്ട് ഫയൽ പുനഃസമർപ്പിക്കുവാൻ തീരുമാനിച്ചു.

**ഇനംനമ്പർ 166/24.01/144395/LEGN -2/2023** — **മഹാത്മാഗാന്ധി സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ട്സ് 1997 - അദ്ധ്യായം - 11 - FACULTIES - ഭേദഗതി - സംബന്ധിച്ച്.**

മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997, അദ്ധ്യായം 11 - സ്റ്റാറ്റ്യൂട്ട് 1 (15) താഴെപ്പറയുന്ന പട്ടിക പ്രകാരം ഭേദഗതി ചെയ്യാൻ തീരുമാനിച്ചു.

| Existing Statutes | Proposed Amendment |
|---|---|
| Mahatma Gandhi University Statutes 1997, Chapter 11, FACULTIES, Statute 1 | |
| 15. The Faculty of Environmental and Atmospheric Sciences | 15. The Faculty of Earth and Environmental Sciences |

**ഇനംനമ്പർ 167/24.01/146248/ELECTION SECTION-2/2023/Election മഹാത്മാഗാന്ധി സർവ്വകലാശാല സെനറ്റ് തെരെഞ്ഞെടുപ്പിൽ അഫിലിയേറ്റഡ് എയ്ഡഡ് കോളേജ് അനദ്ധ്യാപകർക്കും ഗവണ്മെന്റ് കോളേജ് അനദ്ധ്യാപകർക്കും രണ്ടു മണ്ഡലമായി തെരഞ്ഞെടുപ്പ് നടത്തുന്നത് സംബന്ധിച്ച്**

മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985-ൽ ഭേദഗതി വരുത്തുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമായതിനാൽ, സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കുവാൻ അപേക്ഷ നൽകുവാൻ രജിസ്ട്രാറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

## (i) മുൻ ഇനങ്ങൾ

**ഇനംനമ്പർ ഒ.എ. 71/23.08/175396/AC A6-2/2022 സർവ്വകലാശാല ജൂനിയർ റിസർച്ച് ഫെലോഷിപ് 2022-23 - തുക ക്ലെയിം ചെയ്യുന്നത് - സംബന്ധിച്ച്.**

09.10.2023 തീയതിയിലെ 10512/AC A6/2023/എം.ജി.യു. സർവ്വകലാശാല ഉത്തരവിൽനിന്നും താഴെ സൂചിപ്പിച്ചിരിക്കുന്ന വ്യവസ്ഥകൾ ഒഴിവാക്കി സർവ്വകലാശാലാ ഉത്തരവ് പരിഷ്ക്കരിക്കുന്നതിന് തീരുമാനിച്ചു.

i) ഫെലോഷിപ് തുകകൾ അതത് സാമ്പത്തിക വർഷം തന്നെ വാങ്ങിയിരിക്കേണ്ടതാണെന്നും,

ii) എല്ലാ ഗവേഷക വിദ്യാർത്ഥികളും അവരുടെ പ്രസിദ്ധീകരണങ്ങളിൽ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും ഫെലോഷിപ് കൈപ്പറ്റുന്നത് രേഖപ്പെടുത്തേണ്ടതാണെന്നും

**ഇനംനമ്പർ ഒ.എ. 37/23.07/180476/CBCSS 21-3/2021 അയ്യപ്പാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്, പീരുമേട് - സി.ബി.സി.എസ് ബി കോം മോഡൽ II ലോജിസ്റ്റിക്സ് മാനേജ്മെന്റ്, ബിബിഎ, ബിസിഎ എന്നീ പ്രോഗ്രാമുകളിലെ 2020 അഡ്മിഷൻ അഞ്ചാം സെമസ്റ്റർ വിദ്യാർത്ഥികൾ ഓപ്പൺ കോഴ്സ് മാറി പഠിച്ചതുമായി ബന്ധപ്പെട്ട് സ്റ്റാൻഡിങ് കമ്മിറ്റി പരീക്ഷയുടെ കൺവീനർ സമർപ്പിച്ച റിപ്പോർട്ട് സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിയ്ക്കുന്നത് സംബന്ധിച്ച് :-**

പീരുമേട് , അയ്യപ്പാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസിൽ, സി.ബി.സി.എസ് ബി കോം മോഡൽ II ലോജിസ്റ്റിക്സ് മാനേജ്മെന്റ്, ബിബിഎ, ബിസിഎ എന്നീ പ്രോഗ്രാമുകളിലെ 2020 അഡ്മിഷൻ അഞ്ചാം സെമസ്റ്റർ വിദ്യാർത്ഥികൾ ഓപ്പൺ കോഴ്സ് മാറി പഠിച്ചതുമായി ബന്ധപ്പെട്ട വിഷയത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് തീരുമാനിച്ചു.

1. സ്വാശ്രയ കോളേജായ അയ്യപ്പാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസിലെ സി.ബി.സി.എസ്. ബി.കോം. മോഡൽ II ലോജിസ്റ്റിക്സ് മാനേജ്മെന്റ്, ബിബിഎ, ബിസിഎ എന്നീ മൂന്ന് കോഴ്സുകളുടെ അഞ്ചാം സെമസ്റ്റർ ഓപ്പൺ കോഴ്സ് പരീക്ഷ മാറി എഴുതിയത് അടിയന്തിരമായി ക്യാൻസൽ ചെയ്യുന്നതിനും
2. വിദ്യാർത്ഥികൾ ബന്ധപ്പെട്ട open course സെലക്ട് ചെയ്ത് ഉടൻ തന്നെ സർവ്വകലാശാലയെ അറിയിക്കുന്നതിനും
3. പ്രസ്തുത പരീക്ഷ നടത്തുന്നതിനാവശ്യമായ ചെലവുകൾ മുഴുവൻ കോളേജിൽ നിന്നും ഈടാക്കുന്നതിനും കൂടാതെ സർവകലാശാലക്ക് ഇത്തരത്തിൽ വരുത്തിയ മറ്റ് നഷ്ടങ്ങൾ നികത്തുന്നതിനായി ഒരു വിദ്യാർത്ഥിയ്ക്ക് 5000/- രൂപ വീതം പിഴ കോളേജിൽ നിന്നും ഈടാക്കുന്നതിനും വിദ്യാർത്ഥികളിൽ നിന്നും ഇതുമായി ബന്ധപ്പെട്ട ഫീസുകൾ ഒന്നും തന്നെ ഈടാക്കേണ്ടതില്ല എന്നും
4. ടി വിദ്യാർഥികൾ ഓപ്പൺ കോഴ്സ് പഠിപ്പിച്ച് ഇന്റേർണലുമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങളും പൂർത്തീകരിച്ചു എന്ന് കോളേജ് അറിയിക്കുന്ന മുറയ്ക്ക് പ്രസ്തുത പരീക്ഷകൾ നടത്തികൊടുക്കുന്നതിനും
5. ഓരോ സെമസ്റ്ററും തുടങ്ങുമ്പോൾ തന്നെ ഓരോ പ്രോഗ്രാമിനും അനുവദനീയമായ കോഴ്സുകൾക്ക് മാത്രമായി കോഴ്സ് രജിസ്ട്രേഷൻ നടത്തുന്നതിനും പ്രസ്തുത കോഴ്സുകൾക്ക് മാത്രമായി പരീക്ഷക്ക് രജിസ്റ്റർ ചെയ്യാൻ സാധിക്കുന്ന വിധത്തിലും പോർട്ടലുകളിൽ മാറ്റം വരുത്തുന്നതിനും.

**ഇനംനമ്പർ 124/23.08/90401/ACA8-4/2023**

**ഉത്തരപേപ്പർ മൂല്യനിർണ്ണയം നടത്തിയ, അദ്ധ്യാപകന്റെ അശ്രദ്ധ മൂലം മാർക്ക് കുറഞ്ഞത് സംബന്ധിച്ച് V.N.S കോളേജ് ഓഫ് ആർട്സ് & സയൻസ് -ലെ B.Sc Industrial Microbiology & Zoology വിദ്യാർത്ഥിനിയായ ശ്രീമതി ഫൗസിന ഷഹീർ ബഹു.വൈസ് ചാൻസലർ മുൻപാകെ സമർപ്പിച്ച പരാതി.**

ഉത്തരപേപ്പർ മൂല്യനിർണ്ണയം നടത്തിയ അദ്ധ്യാപകന്റെ അശ്രദ്ധ മൂലം മാർക്ക് കുറഞ്ഞത് സംബന്ധിച്ച് V.N.S കോളേജ് ഓഫ് ആർട്സ് & സയൻസ് -ലെ B.Sc Industrial Microbiology & Zoology വിദ്യാർത്ഥിനിയായ ശ്രീമതി ഫൗസിന ഷഹീർ സമർപ്പിച്ച പരാതിയിന്മേൽ വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. ബിജു പുഷ്പൻ (സിൻഡിക്കേറ്റ് അംഗം) -നെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: OA15/23.08/ 2700/EI 32-3/2023**

**KMEA COLLEGE OF ARCHITECTURE ൽ IV SEMESTER B ARCH JANUARY 2023 (2020 ADMISSION REGULAR) പരീക്ഷയുടെ INTERNAL MARK ENTRY വൈകിയത് - പിഴ ഒഴിവാക്കുന്നത് സംബന്ധിച്ച്.**

KMEA COLLEGE OF ARCHITECTURE ൽ IV SEMESTER B ARCH JANUARY 2023 പരീക്ഷ എഴുതിയ 70 വിദ്യാർത്ഥികളുടെ internal mark സമയബന്ധിതമായി കോളേജിൽ നിന്നും സർവ്വകലാശാലയിൽ ലഭ്യമാക്കാതിരുന്ന വിഷയം പ്രത്യേക കേസായി പരിഗണിക്കുന്നതിനും ടി പരീക്ഷയുടെ ടാബുലേഷൻ വർക്കുകൾ എല്ലാം പൂർത്തീകരിച്ചിട്ടുള്ള സാഹചര്യത്തിൽ ടി പരീക്ഷാഫലം പ്രഖ്യാപിക്കുന്നതിനായി ടി വിദ്യാർത്ഥികളുടെ internal mark കോളേജിൽ നിന്ന് അപ് ലോഡ് ചെയ്യുന്നതിനായി പോർട്ടൽ തുറന്നു കൊടുക്കുന്നതിനുവേണ്ട നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

Out of agenda items

**ഇനം.നമ്പർ: ഒ.എ.1/24.01**

Proceedings of the Selection Committee constituted for the selection of Assistant Professor on contract (Project Mode) in the School of Nano Science and Nano Technology (on a contract basis for one academic year from 2023 to 2024 and likely to be extended for another 4 years based on the annual performance appraisal report) held on 21.12.2023 - Approval - reg

Resolved to approve the Proceedings of the Selection Committee constituted for the selection of Assistant Professor on contract (Project Mode) in the School of Nano Science and Nano Technology (on a contract basis for one academic year from 2023 to 2024 and likely to be extended for another 4 years based on the annual performance appraisal report) held on 21.12.2023 and to approve the rank list prepared by the Selection Committee and to make appointment from the rank list prepared by the Selection Committee.

**ഇനം.നമ്പർ: ഒ.എ.2/24.01**

**ഫിനാൻസ് ഓഫീസറായി പുനർനിയമനം നൽകുന്നതിനുള്ള ശ്രീ. ബിജു മാത്യുവിന്റെ അപേക്ഷ - സംബന്ധിച്ച്.**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഫിനാൻസ് ഓഫീസറായ ശ്രീ. ബിജു മാത്യുവിന്റെ നിയമന കാലാവധി 15/03/2024 അവസാനിക്കുമെന്നതിനാൽ, എം ജി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3 വകുപ്പ് 14 ഉപവകുപ്പ് 1എ പ്രകാരം ടിയാനു ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഫിനാൻസ് ഓഫീസർ തസ്തികയിൽ 16.03.2024 മുതൽ നിലവിലെ സേവന വേതന വ്യവസ്ഥകൾക്ക് അനുസൃതമായി

പുനർനിയമനം നൽകുന്നതിനു തീരുമാനിച്ചു. ഇപ്രകാരമുള്ള പുനർനിയമന കാലാവധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സിലെ വ്യവസ്ഥകൾക്ക് വിധേയമായി, 4 വർഷം അല്ലെങ്കിൽ 56 വയസ്സ് വരെ ഏതാണോ ആദ്യം അതുവരെ എന്ന രീതിയിൽ നിജപ്പെടുത്തിയിരിക്കുന്നു.

**ഇനം.നമ്പർ: ഒ.എ.3/24.01**

**പരീക്ഷ കൺട്രോളറായി പുനർനിയമനം നൽകുന്നതിനുള്ള ശ്രീ. ശ്രീജിത് സി എം-ന്റെ അപേക്ഷ – സംബന്ധിച്ച്.**

മഹാത്മാഗാന്ധി സർവ്വകലാശാലാ പരീക്ഷാ കൺട്രോളറായ ശ്രീ. ശ്രീജിത് സി എം-ന്റെ നിയമന കാലാവധി 16.02.2024-ന് അവസാനിക്കുമെന്നതിനാൽ, എം ജി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3 വകുപ്പ് 13 ഉപവകുപ്പ് 1എ പ്രകാരം ടിയാനു ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പരീക്ഷാ കൺട്രോളർ തസ്തികയിൽ 17.02.2024 മുതൽ നിലവിലെ സേവന വേതന വ്യവസ്ഥകൾക്ക് അനുസൃതമായി പുനർനിയമനം നൽകുന്നതിനു തീരുമാനിച്ചു. ഇപ്രകാരമുള്ള പുനർനിയമന കാലാവധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സിലെ വ്യവസ്ഥകൾക്ക് വിധേയമായി, 4 വർഷം അല്ലെങ്കിൽ 56 വയസ്സ് വരെ ഏതാണോ ആദ്യം അതുവരെ എന്ന രീതിയിൽ നിജപ്പെടുത്തിയിരിക്കുന്നു.

**ഇനം.നമ്പർ: ഒ.എ.4/24.01**

**ബഹു: സുപ്രീം കോടതിയിൽ നിലനിൽക്കുന്നതായ 723/2022 (സ്പെഷ്യൽ ലീവ് പെറ്റീഷന് നം 9088/2022) നമ്പർ കോടതിയലക്ഷ്യ ഹർജ്ജിയിൽ സർവ്വകലാശാലക്കു വേണ്ടി നിലവിലുള്ള സീനിയർ അഭിഭാഷകനു പുറമേ സീനിയർ അഭിഭാഷകരെ നിയോഗിക്കുന്നത് – സംബന്ധിച്ച്.**

ബഹു: സുപ്രീം കോടതിയിൽ നിലനിൽക്കുന്നതായ 723/2022 (സ്പെഷ്യൽ ലീവ് പെറ്റീഷൻ നം 9088/2022) നമ്പർ കോടതിയലക്ഷ്യ ഹർജ്ജിയിൽ സർവ്വകലാശാലക്കു വേണ്ടി നിലവിലുള്ള സീനിയർ അഭിഭാഷകനു പുറമേ ഒരു ടയർ – 1 സീനിയർ അഭിഭാഷകനേയും ഒരു ടയർ – 2 സീനിയർ അഭിഭാഷകനേയും കൂടി നിയോഗിക്കുന്നതിനു വൈസ് ചാൻസലറെ ചുമതലപ്പെടുത്തുന്നതിനും പ്രസ്തുത ഇനത്തിൽ ചെലവാകുന്ന വക്കീൽ ഫീസ് അനുവദിക്കുന്നതിനും തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.5/24.01 –**

Removing the existing interlock block paving and replacing with new paver blocks in front of administrative block building, providing departmental paver block to the access road to faculty club and converting steps of administrative block into ramp – Approval of estimate –reg

Removing the existing interlock block paving and replacing with new paver blocks in front of administrative block building, providing departmental paver block to the access road to faculty club and converting steps of administrative block into ramp എന്നീ പ്രവൃത്തികൾ ചെയ്യുന്നതിനായി സർവ്വകലാശാല എൻജിനീയർ സമർപ്പിച്ച 12,22,000/- (പന്ത്രണ്ടുലക്ഷത്തി ഇരുപത്തിരണ്ടായിരം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും, NAAC വിസിറ്റിന് മുമ്പായി പ്രസ്തുത ജോലികൾ തീർക്കേണ്ടതാകയാൽ ക്വട്ടേഷൻ വിളിച്ച് പ്രവൃത്തി ചെയ്യുന്നതിനുള്ള അനുമതി നൽകുന്നതിനും തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.6/24.01**

**അഫിലിയേറ്റഡ് കോളേജുകളിൽ നിന്നും ലഭിക്കേണ്ടതായ വിവിധ ഇനങ്ങളിലുള്ള ഫീ കുടിശ്ശിക – ഓഡിറ്റ് പരാമർശവും തുടർനടപടികളും സംബന്ധിച്ച്.**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ വിദ്യാർത്ഥികളിൽ നിന്നും സർവ്വകലാശാലക്ക് ലഭിക്കേണ്ടുന്നതും കോളേജുകളിൽ ഒടുക്കുന്നതുമായ വിവിധയിനം ഫീസുകൾ കോളേജുകൾ യഥാസമയം സർവ്വകലാശാലയിലേക്ക്

ഒടുക്കാതിരിക്കുന്നത് മൂലം സർവ്വകലാശാലക്ക് വലിയതരത്തിലുള്ള ധന നഷ്ടം ഉണ്ടാവുന്ന തിനാൽ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പ്രസ്തുത പണം ഉടനടി കോളേജുകളിൽ നിന്നും ഈടാക്കുന്നതിന് ഫിനാൻസ് ഓഫീസറെ ചുമതലപ്പെടുത്തുന്നതിനും ഇത്തരത്തിൽ സർവ്വകലാശാലയിലേക്ക് പണമൊടുക്കാനുള്ള കോളേജുകൾക്ക് പ്രസ്തുത പണം ഒടുക്കുന്നത് വരെ യാതൊരുവിധ സേവനങ്ങളും നൽകാതിരിക്കുന്നതിനും തീരുമാനിച്ചു. കൂടാതെ നിലവിൽ പരീക്ഷാ സംബന്ധമായി ഇ –ഗ്രാൻറ്സ് ഇനത്തിൽ ലഭിക്കേണ്ട കുടിശ്ശിക സംബന്ധിച്ച് വിശദമായ ഓഡിറ്റ് നടത്തി പ്രസ്തുത പണം കോളേജുകളിൽ നിന്നും അടിയന്തിരമായി ഈടാക്കുന്നതിന് ഫിനാൻസ് ഓഫീസറെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.7/24.01 –** **മഹാത്മാഗാന്ധി സർവ്വകലാശാല യൂത്ത് ഫെസ്റ്റിവൽ റൂൾസ്, 2024 – അംഗീകരിക്കുന്നത് സംബന്ധിച്ച്.**

മഹാത്മാഗാന്ധി സർവ്വകലാശാല യൂത്ത് ഫെസ്റ്റിവൽ റൂൾസ്, 2024 അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

(അനുബന്ധം)

**ഇനം.നമ്പർ: ഒ.എ.8/24.01/33237/DSS1/2020** **യുവജനോത്സവത്തിൽ കോൽക്കളി മത്സരാർത്ഥികൾ ആൾമാറാട്ടം നടത്തിയത് – അന്വേഷണ കമ്മീഷന്റെ റിപ്പോർട്ട് – സംബന്ധിച്ച്.**

23.12.2022 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ (22.09) മിനിറ്റ്സ് ഇനം നമ്പർ. 214/22.09/33237/DSS 1/2020 പ്രകാരം രൂപീകൃതമായ അന്വേഷണ കമ്മീഷന്റെ റിപ്പോർട്ട് അംഗീകരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.9/24.01/12456/AcA8/2023 –** **ഇടത്തല അൽ–അമീൻ കോളേജിനെതിരെ, നിർബന്ധിത ടി. സി. നൽകിയെന്നാരോപിച്ച് ശ്രീ. അഭയ് ബൈജു സമർപ്പിച്ച പരാതി – അന്വേഷണ കമ്മീഷൻ റിപ്പോർട്ട് – സംബന്ധിച്ച്**

12.12.2023 തീയതിയിലെ 12456/ACA8/2023/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവ് പ്രകാരം നിയമിതമായ അന്വേഷണ കമ്മീഷന്റെ റിപ്പോർട്ട് അംഗീകരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.10/24.01** **ക്വസ്റ്റ്യൻ ബാങ്ക് നിലവിലില്ലാത്ത കോഴ്സുകളുടെ ചോദ്യപേപ്പർ സെറ്റ് ചെയ്യുന്നതും ബോർഡ് ഓഫ് സ്റ്റഡീസിന്റെ പുതിയ പാനൽ രൂപീകരിക്കുന്നതും – സംബന്ധിച്ച്.**

ക്വസ്റ്റ്യൻ ബാങ്ക് നിലവിലില്ലാത്ത കോഴ്സുകളുടെ ചോദ്യപേപ്പർ സെറ്റ് ചെയ്യുന്നതും ബോർഡ് ഓഫ് സ്റ്റഡീസിന്റെ പുതിയ പാനൽ രൂപീകരിക്കുന്നതും സംബന്ധിച്ച് താഴെപ്പറയുന്നവ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

1. ക്വസ്റ്റ്യൻ ബാങ്ക് നിലവിലില്ലാത്ത കോഴ്സുകളുടെ ബോർഡ് ഓഫ് സ്റ്റഡീസ് കൺവീനർമാരിൽ നിന്നും ക്വസ്റ്റ്യൻ ബാങ്ക് തയ്യാറാക്കുന്നതിലേക്കായി ഒരു പാനൽ, സെറ്റ് ചെയ്തു നൽകുന്നതിന് നിർദ്ദേശം നൽകുവാൻ രജിസ്ട്രാറെ ചുമതലപ്പെടുത്തുന്നതിനും,

2. ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ നിർദ്ദേശിക്കുന്ന പാനൽ അംഗങ്ങൾ മുഴുവനായും മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്കു പുറത്തുനിന്നുള്ള അധ്യാപകരായിരിക്കണമെന്നും, ഒരു പാനലിൽ കുറഞ്ഞത് 5 മുതൽ 10 വരെ അധ്യാപകർ ഉണ്ടായിരിക്കണം എന്ന് വ്യവസ്ഥ ചെയ്യുന്നതിനും,

3. ടി പാനലിൽ നിന്നും ഓരോ സെമസ്റ്ററിലും ഒരു പാനൽ അംഗങ്ങളെ ചെയർമാനായി തീരുമാനിച്ച്, Question Paper, Answer Key-യോട്ടുകൂടി പാനലിലെ മറ്റ് അധ്യാപകരുടെ സഹായത്തോടെ നിശ്ചിത സമയത്തിനുള്ളിൽ സൂക്ഷ്മ പരിശോധന നടത്തി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുന്നതിനും,

4. മേൽ തീരുമാനങ്ങൾ 01.03.2024 മുതൽ ആരംഭിക്കുന്ന സർവ്വകലാശാല പരീക്ഷകൾക്ക് ബാധകമാക്കുന്നതിനും.

**ഇനം.നമ്പർ: ഒ.എ്യ.11/24.01**

**എൽ.എൽ.ബി. വിദ്യാർത്ഥികളുടെ റീവാല്യുവേഷൻ ഫീസ് 410 രൂപയ്ക്കു പകരം 875 രൂപ ഈടാക്കുന്നത്- പുനഃപരിശോധിക്കുന്നത് – സംബന്ധിച്ച്.**

പ്രസ്തുത വിഷയം സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി ഫിനാൻസ്-ന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ്യ.12/24.01**

**സ്വകാര്യ എയ്ഡഡ് കോളേജുകൾ – അദ്ധ്യാപകരുടെ ജോലിഭാരവും തസ്തിക നിർണ്ണയവും സംബന്ധിച്ച സർവ്വകലാശാല ഓർഡിനൻസ് – കോംപ്ലിമെന്ററി വിഷയങ്ങളുടെ ജോലിഭാരം – സ്പഷ്ടീകരണം സംബന്ധിച്ച്.**

സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വകാര്യ എയ്ഡഡ് കോളേജുകളിലെ അധ്യാപകരുടെ ജോലിഭാരവും തസ്തിക നിർണയവും സംബന്ധിച്ച The Mahatma Gandhi University Ordinance regarding workload and staff pattern of teaching staff of private Aided Arts and Science Colleges 2018') പ്രകാരം ആർട്സ് പഠന വിഭാഗങ്ങളിലെ ജോലിഭാരം കണക്കാക്കുന്നതിന് കോംപ്ലിമെന്ററി-1, കോംപ്ലിമെന്ററി – 2 എന്നീ വിഷയങ്ങൾക്ക് ഒന്നും രണ്ടും വർഷങ്ങളിൽ യഥാക്രമം 3 മണിക്കൂർ ജോലിഭാരമാണ് (ഓരോ വർഷവും ആകെ 6 മണിക്കൂർ) അനുവദിച്ചു നൽകിയിട്ടുള്ളത്. ഇപ്രകാരം ആകെ 25 മണിക്കൂർ ജോലിഭാരം എന്ന വ്യവസ്ഥ പാലിക്കപ്പെടുന്നതുമാണ്. എന്നാൽ സിലബസ് റിവിഷനെ തുടർന്ന് ചില പഠന വിഭാഗങ്ങളിൽ സിലബസ് പ്രകാരം ഒന്നാം വർഷം കോംപ്ലിമെന്റി-1 വിഷയവും, രണ്ടാം വർഷം കോംപ്ലിമെന്ററി-2 വിഷയവും ആണ് അധ്യയനം നടത്തുന്നത്. ഇപ്രകാരം ആദ്യ വർഷം കോംപ്ലിമെന്ററി – 1 വിഷയവും, രണ്ടാം വർഷം കോംപ്ലിമെന്ററി-2 വിഷയവും പഠിപ്പിക്കുന്ന സാഹചര്യത്തിൽ ജോലിഭാരം നിർണയിക്കുന്ന വേളയിൽ ഒന്നാം വർഷം കോംപ്ലിമെന്ററി-2 വിഷയം പഠിപ്പിക്കാത്ത സാഹചര്യമുണ്ടാകുകയും ജോലിഭാരം 3 മണിക്കൂർ മാത്രമായി നിജപ്പെടുത്തേണ്ട സാഹചര്യവും വന്നു ചേരുന്നു. ആയതിനാൽ ആകെ 25 മണിക്കൂർ ജോലിഭാരം എന്ന വ്യവസ്ഥ പാലിക്കപ്പെടുന്നില്ല. സിലബസ്-ന്റെ ഓരോ റിവിഷനിലും ജോലിഭാരം മാറ്റുന്ന നയം പിന്തുടരുകയാണെങ്കിൽ ഓരോ റിവിഷനിലും ആ വിഷയത്തിനായി നിയോഗിക്കപ്പെട്ട അധ്യാപകരുടെ എണ്ണവും വ്യതാസപ്പെട്ടും – ഇപ്രകാരം പ്രസ്തുത വകുപ്പിലെ അധ്യാപകരുടെ തസ്തിക കുറയുകയോ കൂട്ടിച്ചേർക്കുകയോ ചെയ്യുവാൻ സാധ്യതയുണ്ട്. ടി സാഹചര്യത്തിൽ അധ്യാപകരുടെ നിയമനാംഗീകാരം പരിഗണിയ്ക്കുമ്പോൾ സിലബസ് കണക്കിലെടുക്കാതെ നിലവിൽ The Mahatma Gandhi University Ordinance regarding workload and staff pattern of teaching staff of private Aided Arts and Science Colleges 2018 -ൽ പരാമർശിക്കും പ്രകാരമുള്ള വർക്ക് ലോഡ് കണക്കാക്കുന്ന രീതി പിൻതുടരുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ്യ.13/24.01**

**സിൻഡിക്കേറ്റ് അംഗം ശ്രീ. അമൽ എബ്രഹാം-നെ ഉൾപ്പെടുത്തി സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച്.**

ശ്രീ. അമൽ എബ്രഹാം, സിൻഡിക്കേറ്റ് അംഗം-നെ ഉൾപ്പെടുത്തി താഴെ പറയുന്ന സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ പുനഃസംഘടിപ്പിക്കുന്നതിന് തീരുമാനിച്ചു.

1. സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി – റിസർച്ച് & ഡെവലപ്മെന്റ്
2. സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി – പ്ലാനിംഗ് & ഡെവലപ്മെന്റ്

3. സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി - സ്റ്റാഫ്

**ഇനം.നമ്പർ: ഒ.എ്.14/24.01** **Directorate for Applied Short Term Programmes- Change of Request (CR1) ഇനത്തിൽ KefiTech Solutions Pvt. Ltd.-ന് നൽകാനുള്ള തുക അനുവദിക്കുന്നത് - സംബന്ധിച്ച്**

Test Server ഡിപ്ലോയ് ചെയ്ത് 90 ദിവസത്തിനകം സാങ്കേതിക സമിതിയുടെ നിർദ്ദേശ പ്രകാരമുള്ള ജോലികൾ തീർക്കുന്നതിനുള്ള നിർദ്ദേശം KefiTech Solutions Pvt. Ltd.-ന് നൽകുന്നതിനും, KefiTech-ന് നല്കാനുള്ള തുക [1690000/- (പതിനാറു ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) + GST] വർക്ക് തീർക്കുന്ന മുറയ്ക്ക് മൂന്ന് ഗഡുക്കളായി, സാങ്കേതിക സമിതി ശുപാർശയുടെ അടിസ്ഥാനത്തിൽ അനുവദിക്കുന്നതിനും തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ്.15/24.01** **Degrees to be awarded to successful candidates who have passed various examinations conducted by the University under different faculties till 16.01.2024 - reg.**

Resolved to award Degree/Diploma to successful candidates who have passed various examinations conducted by the University, including the candidates of Autonomous Colleges under the University, who have followed University regulations under different faculties till 16.01.2024.

**ഇനം.നമ്പർ: ഒ.എ്.16/24.01** **Awarding of Ph. D. Degree - reg:-**

The action taken by the Vice-Chancellor in having constituted the Boards of Examiners for the adjudication of the theses was reported to the Syndicate.

Further resolved to award the Degree of Doctor of Philosophy to all the candidates whose files are submitted to the Syndicate till 16.01.2024 in the faculty concerned.

| Sl. No | File No. | Name & Address of Candidate | Name & Address of Supervising Teacher | Subject Area and Faculty | Title of the proposed Thesis |
|---|---|---|---|---|---|
| 1 | 73709/AC A15-3/2023/AC A15 | Smt. MEGHA JACOB<br>Ellirickal (H)<br>Mangaram<br>Konni P O<br>Pathanamthitta<br>PIN - 689691 | Dr. P. N. Harikumar<br>Professor,<br>Department of Commerce,<br>University of Kerala,<br>Thiruvananthapuram | Commerce / Commerce | WORKPLACE ENVIRONMENT AND JOB PERFORMANCE OF IT EMPLOYEES IN KERALA |
| 2 | 187607/AC A14-3/2022/AC A14 | Smt. Reshmi Sekhar<br>Reshmi Bhavan,<br>Brahmamangalam P. O,<br>Kottayam- 686 605. | Dr. Sunil Jose K<br>Assistant Professor,<br>Department of Zoology,<br>Deva Matha College,<br>Kuruvilangad. | Zoology / Science | Taxonomy and diversity of Theridiidae (Araneae) in Kerala |

| | | | | | |
|---|---|---|---|---|---|
| 3 | 73303/AC A15-3/2023/AC A15 | Sri. ALAN LUKOSE<br>Pullukalayil House<br>Ettumanoor P O<br>Kottayam District<br>PIN - 686631 | Dr. P. N. Harikumar<br>Professor,<br>Department of Commerce,<br>University of Kerala,<br>Thiruvananthapuram | Commerce / Commerce | RETAIL INVESTORS' BEHAVIOUR TOWARDS IPO MARKET IN KERALA |
| 4 | 65117/AC A15-3/2023/AC A15 | Smt. ANU SAVIO<br>Kavalavazhiyil (H)<br>Rajamudy P O<br>Upputhode<br>Idukki District<br>PIN 685604 | Dr. Santhimol M C<br>Assistant Professor &<br>Research Guide,<br>Research & P.G. Dept. of Commerce,<br>S.B. College, Changanasserry, Kerala | Commerce / Commerce | PRODUCTION AND MARKETING OF COOL SEASON VEGETABLES IN IDUKKI DISTRICT |
| 5 | 77134/AC A15-3/2023/AC A15 | Sri. FRANCIS K O<br>Kainadan House<br>151, Nazareth Nagar<br>Angamaly P O<br>Ernakulam - 683572 | Prof.(Dr.) Suresh V. N.<br>Professor and Head,<br>Department of Commerce,<br>Maharaja's College<br>Ernakulam - 682 011 | Commerce / Commerce | PERFORMANCE OF CONSUMER DISPUTES REDRESSAL FORUMS IN KERALA |
| 6 | 103091/AC A14-3/2023/AC A14 | Smt. Radhika S<br>Sreekrishnavilasam,<br>Vengalloor P.O,<br>Thodupuzha,<br>Idukki- 685608 | Dr. G. Anilkumar<br>Professor,<br>School of Chemical Sciences,<br>Mahatma Gandhi University,<br>Kottayam | Chemistry / Science | Novel Copper and Iron catalyzed protocols for C-N and C-S bond formations towards the synthesis of 2-aminothiazole derivatives and related Chemistry |
| 7 | 33076/AC A14-1/2023/AC A14 | Smt. Anjana Prasad S<br>Padma Sree,<br>Kureepuzha (East),<br>Kavanadu P.O,<br>Kollam - 691 003. | Dr.Jasmine Alex,<br>Assistant Professor,<br>School of Indian Legal Thought,<br>Mahatma Gandhi University,<br>Kottayam | Law/Law | APPLICATION OF SCIENTIFIC TESTS IN<br>CRIMINAL INVESTIGATION |
| 8 | 77976/AC A14-2/2023/AC A14 | Smt. Divya P V<br>Alakkad,<br>Kankol P.O,<br>Payyanur,<br>Kannur,<br>Pin - 670 307 | Dr. M. G. Sanilkumar<br>Assistant Professor &<br>Research Guide, Research Department of Botany,<br>SNM College Maliankara,<br>Kerala- 683 516 | Botany/ Science | Microalgae in the Estuarine and Inland Waters of Central Kerala |

| | | | | | |
|---|---|---|---|---|---|
| 9 | 64595/AC A15-3/2023/AC A15 | Sri. JINS MATHEW<br>Vechurcheruvil (H)<br>Ezhukumvayal P O<br>Idukki<br>PIN 685 533 | Dr.Johnson V<br>Research Guide,<br>Research and PG Department of Commerce<br>Pavanatma College,<br>Murickassery, Idukki<br>Supervising Teacher changed vide U.O.No.2239/ AX/1/2018/Academic Dated: 28.02.2018 | Commerce / Commerce | HOUSING DEVELOPMENT AND LOCAL SELF GOVERNMENT INSTITUTIONS - AN EVALUATIVE STUDY IN KERALA |
| 10 | 74177/AC A15-3/2023/AC A15 | Smt. PARVATHY S GOPAN<br>Kumaramangalam<br>Omalloor P O<br>Pathanamthitta District<br>PIN - 689647 | Dr. P. N. Harikumar<br>Professor<br>Department of Commerce,<br>University of Kerala<br>Thiruvananthapuram | Commerce / Commerce | SUPPLY CHAIN MANAGEMENT OF AGRICULTURAL COMMODITIES IN KERALA WITH SPECIAL REFERENCE TO SPICES |
| 11 | 73843/AC A15-3/2023/AC A15 | Smt. REKHAMOL O<br>Valakathil (H)<br>Puthenangady P O<br>Kottayam District<br>PIN 686001 | Dr. P. N. Harikumar<br>Professor,<br>Department of Commerce<br>University of Kerala<br>Thiruvananthapuram | Commerce / Commerce | CUSTOMER KNOWLEDGE MANAGEMENT OF TELECOM INDUSTRY IN KERALA |
| 12 | 42696/AC A14-2/2023/AC A14 | Smt. Nisha A.S.<br>Dhanya,<br>Kuttichal P. O,<br>Thiruvanthapuram,<br>PIN-695 574. | Dr. Santhosh P Thampi<br>Professor & Dean,<br>Faculty of Management Sciences,<br>School of Management and Business Studies,<br>Mahatma Gandhi University,<br>Kottayam | Management Studies / Management Sciences | THE EFFECT OF PSYCHOLOGICAL CONTRACT ON EMPLOYEE ENGAGEMENT AMONG NURSES IN SELECT PRIVATE HOSPITALS IN KERALA |
| 13 | 5274/EB 14/1/2020/EB 14 | Sri.Unnikrishnan T S<br>Sreevalsam House<br>Thiruvalla<br>Pathanamthitta-689 102 | Dr. Sandhya R S<br>Professor & Head,<br>Department of Sociology,<br>University of Kerala<br>Kariavattom<br>Thiruvananthapuram-695 581 | Development Studies (Social Work) / Social Sciences | HUMAN RESOURCE DEVELOPMENT CLIMATE : CHARACTERISTICS AND DETERMINANTS IN THE NON-PROFIT SECTOR IN KERALA |
| 14 | 51370/AC A14-1/2023/AC A14 | Smt. Soumya Premkumar<br>Kunnackal,<br>Kurattikkadu,<br>Mannar P.O,<br>Alappuzha - 689 622. | Prof. (Dr.) Asha J.V.,<br>Head of the Department,<br>School of Pedagogical Sciences, Mahatma Gandhi University,Kottayam. | Education/Education | EFFECTIVENESS OF A LEARNING PACKAGE BASED ON AUTOBIOGRAPHIES OF RENOWNED PERSONS ON CERTAIN PSYCHO-AFFECTIVE VARIABLES OF SECONDARY SCHOOL STUDENTS |
| 15 | 42704/AC A14-2/2023/AC A14 | Smt. Anchu P. R.<br>Ragam (H),<br>Kaikulangara (N),<br>Kollam District,<br>Pin- 691 012. | Dr. Santhosh P Thampi<br>Professor & Dean,<br>Faculty of Management Sciences, School of Management and Business Studies,Mahatma Gandhi University,Kottayam | Management Studies / Management Sciences | EFFECTS OF EMPLOYEE ENGAGEMENT AND ORGANISATIONAL CITIZENSHIP BEHAVIOUR ON EMPLOYEE RETENTION IN SELECT IT FIRMS IN KERALA |

| | | | | | |
|---|---|---|---|---|---|
| 16 | 67350/AC A14-1/2023/AC A14 | Smt. Nimitha K Vijay<br>Kumbakappillil (H),<br>Keezhillam P.O,<br>Ernakulam - 683 541 | Dr. Benoy M.D.Professor, Department of Physics, Mar Athanasius College of Arts & Science,<br>Kothamangalam - 686 666. | Physics / Science | STUDIES ON THE GROWTH AND CHARACTERIZATION OF SPIN COATED NANO-STRUCTURED ZINC OXIDE THIN FILMS |
| 17 | 52793/AC A15-1/2023 | Smt. Merin Joy<br>Marachery (H)<br>Kuthukuzhi P.O<br>Kothamangalam<br>Ernakulam -686691 | Dr.Roy Scaria<br>Professor<br>PG Dept. of Economics<br>TMJM Govt. College<br>Manimalakunnu<br>Koothattukulam -686 662<br>Ernakulam | Economics / Social Sciences | DRUG MARKET INTERVENTIONS: A STUDY ON FAIR PRICE MEDICAL SHOPS IN KERALA |
| 18 | File 40480/AC A15-1/2023/AC A15 | Sri.Retheesh P R<br>Parachalil<br>Mukkuzhi<br>Kottayam-686 582 | Dr. C R Harilakshmeendra Kumar<br>Assistant Professor<br>School of Gandhian Thought and Development Studies<br>M G University, Kottayam | Gandhian Studies / Social Sciences | Problems among the children of parents with substance abuse |
| 19 | 196083/AC A15-3/2022/AC A15 | Smt. Jijin B Krishna<br>Jijin Nivas<br>Mavelikkara<br>Alleppy- 690 101 | Dr. B Revikumar,<br>Associate Professor and Guide,<br>Department of Malayalam,<br>NSS Hindu College,<br>Changanacherry. | Malayalam/ Language & Literature | **ആക്ഷേപഹാസ്യം പി. പത്മരാജന്റെ സർഗ്ഗാത്മകലോകത്തിൽ ഒരു പഠനം** |
| 20 | 20946/AC A15-2/2023/AC A15 | Smt.Beena Rajasekharan<br>Rajasree,<br>Manalil Nagar-63,<br>Kureepuzha ,<br>Kavanadu P O,<br>Kollam -691003. | Dr.Brigit Paul<br>Research Guide,<br>Department of Hindi<br>St.Thomas College,<br>Arunapuram P O, Kottayam | Hindi/ Language & Literature | Sreekant Varma Ki Kavitha: Samajik Evam Rajaneetik Chetna |
| 21 | 79645/AC A15-1/2023/AC A15 | Smt. Mary Antonyo K J<br>Maria Teresa Scrilli Convent<br>T B Road, North Parur-683513 | Dr. Rosamma Mathew<br>Research Guide(Rtd)<br>Department of History<br>Assumption College,<br>Changanacherry | History / Social Sciences | URBAN GROWTH OF KOCHI (1500-1663): SOCIO - ECONOMIC STUDY |
| 22 | File 61735/AC A15-2/2023/AC A15 | Smt.Jayadevi V A<br>Pallakkaparambu<br>East of Sree Rama Temple<br>Tripunithura-682301 | Dr.Madhu V<br>Associate Professor<br>Department of Hindi<br>Maharaja's College<br>Ernakulam-682011 | Hindi/ Language & Literature | Raveendra Bharati Ke Natakom Ka Sanskritik Sandarbh : Ek Vishleshanatmak Adhyayan |
| 23 | 65034/AC A15-3/2023/AC A15 | Sri. JIBIN ANTONY<br>Malekkamadam (H)<br>Pulinkunnu P O<br>Kayalpuram<br>Alappuzha District<br>PIN 688504 | Dr. Antony Thomas<br>Associate Professor & Research Guide<br>Research & P.G. Dept. of Commerce<br>S.B. College, Changanasserry, Kerala | Commerce / Commerce | SELF-ESTEEM: EFFECTS ON FINANCIAL BEHAVIOUR AND FINANCIAL SATISFACTION |

| | | | | | |
|---|---|---|---|---|---|
| 24 | 125491/EB 14-2/2022/EB 14 | Smt.Mary Jain Jose K<br>Valiyaparambil(H)<br>St.Joseph Nagar<br>Vaduthala P O<br>Near Lourdes Hospital<br>Kochi -682023 | Dr.Ambika A Nair<br>Research Supervisor,<br>PG & Research Department of Malayalam, Maharaja's College,<br>Ernakulam-682011. | Malayalam/ Language & Literature | **രോഗാവസ്ഥ - പ്രിയ എ എസ്സിന്റെ കഥകളിൽ** |
| 25 | 195678/AC A15-2/2022/AC A15 | Smt. Navitha Elizabeth Jose<br>Uzhunnalil<br>Ramapuram Bazar - 686 576 | Prof. Dr. Lata Marina Varghese<br>Research Guide, PG & Research Department of English<br>Baselius College, Kottayam | English/ Language & Literature | Gaze and Hegemony: A Feminist Reading of an Interface of Fiction and Film - *The Color Purple* |
| 26 | 195381/AC A15-2/2022/AC A15 | Smt.Aswathy C N<br>Chaliyathu House<br>Cochin Palace P O<br>Hill Palace<br>Tripunithura<br>Ernakulam -682301 | Dr.Lata Marina Varghese<br>Former Principal<br>St.Thomas College<br>Ranni | English/ Language & Literature | The Apocalyptic Turn: A Thematic Study of Ecological Imperialism in Select Speculative Science Fictions and Movies |
| 27 | 2924/AC A15-2/2023/AC A15 | Smt. Anu S<br>Swathy House<br>226 ll Street<br>T.B Nagar<br>B.Colony Road<br>Angamaly P.O<br>683572 | Dr. Jacob George C<br>Research Supervisor<br>Centre for Research in English<br>Union Christian College<br>Aluva. | English/ Language & Literature | Authenticity Accentuating Tropes: Works of William Dalrymple |
| 28 | 61687/AC A14-1/2023/AC A14 | Smt. Sobi K Chacko<br>Kannamkulam (H),<br>Puliyannoor P.O,<br>Mutholy, Kottayam - 686 573. | Dr. Raneesh B<br>Assistant Professor,<br>Post Graduate and Research Department of Physics,<br>Catholicate College, Pathanamthitta | Physics / Science | FABRICATION OF PVDF-HFP BASED MULTIFERROIC NANOCOMPOSITE FIBERS AND BIOMEDICAL STUDIES OF SELECTED TERNARY MULTIFERROIC SYSTEMS |
| 29 | 154138/EB 14-2/2022 | Smt.Minu Fathima<br>Mount Arbour<br>U.C College P O<br>Aluva -683102. | Dr.Saji Mathew<br>Associate Professor<br>School of Letters<br>Mahatma Gandhi University<br>P.D Hills P O, Kottayam | English/ Language & Literature | Writing Faith, Re-Writing Identities: Gender, Agency and Empowerment in the Select Works of Leila Aboulela and Mohja Kahf |
| 30 | 102894/AC A15-1/2023 | **Smt. Sijitha P B**<br>Mattathan (H)<br>Okkal<br>Ernakulam 683 550 | **Dr. M S Vijayakumary**<br>Research Guide<br>Research Centre in Economics<br>M A College, Kothamangalam 686 666 | Economics / Social Sciences | Impact of Sand Mining Ban on Livelihood - A Study of Periyar River Banks in Kerala |

| | | | | | |
|---|---|---|---|---|---|
| 31 | 90249/AC A15-2/2023 | Smt.Devi Mohan<br>Krishnashree<br>Perunnai P O<br>Changanacherry<br>Pin-686102. | Dr.N Gopalakrishnan Nair<br>Research Guide<br>M.G. University<br>Research Centre in English<br>C.M.S College Kottayam | English/ Language & Literature | MAGIC REALISM AS A NARRATIVE STRATEGY IN THE NOVELS OF CHITRA BANERJEE DIVAKARUNI |

**ഇനം.നമ്പർ: ഒ.എ.17/24.01/117830/AdB2/2023** **സർവ്വകലാശാല ഇൻഫർമേഷൻ ബുക്കിന്റെ മുദ്രണം സംബന്ധിച്ച്.**

05.01.2024 തീയതിയിലെ 161/ADB2/2024/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവ് പ്രകാരം, 2000 എണ്ണം ഇൻഫർമേഷൻ ബുക്കുകൾ അച്ചടിക്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ ആയത് അപര്യാപ്തമായതിനാൽ, 1500 എണ്ണം ഇൻഫർമേഷൻ ബുക്കുകൾ കൂടി അധികമായി അച്ചടിക്കുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ: ഒ.എ.18/24.01/58150/P&D 1-1/2023** **മഹാത്മാഗാന്ധി സർവ്വകലാശാല നിള ഹോസ്റ്റൽ രണ്ടാം നിലയിൽ വിദ്യർത്ഥികൾക്കായി ഡോർമിറ്ററി നിർമ്മിക്കുന്നതിനായി സർവ്വകലാശാല എൻജിനീയർ സമർപ്പിച്ച 74,00,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നത് - സംബന്ധിച്ച് :-**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ നിള ഹോസ്റ്റലിന്റെ രണ്ടാം നിലയിൽ ഡോർമിറ്ററി നിർമ്മിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനും, ടി നിർമ്മാണ പ്രവൃത്തിക്കായി സർവ്വകലാശാല എൻജിനീയർ സമർപ്പിച്ച 74,00,000/- (എഴുപത്തി നാല് ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും, ഈ ഇനത്തിൽ ഉള്ള ചെലവ് സർവകലാശാലയുടെ നടപ്പ സാമ്പത്തിക വർഷത്തെ "21 101 06 i- Initiatives for Infrastructure Development of School of Social Sciences, Maintenance of Existing Students Hostel & Canteen" എന്ന ബജറ്റ് ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിനും തീരുമാനിച്ചു.

**ഇനം നമ്പർ: ഒ.എ.19/24.01/159268/AD B4-2/2023** **സർവ്വകലാശാല ലൈബ്രറിയിൽ plagiarism പരിശോധിക്കുന്നതിനായുള്ള iThenticate എന്ന സോഫ്റ്റ് വെയറിന്റെ സബ്സ്ക്രിപ്ഷൻ കാലാവധി പുതുക്കുന്നത് - സംബന്ധിച്ച്.**

സർവ്വകലാശാല ലൈബ്രറിയിൽ Plagiarism പരിശോധിക്കുന്നതിനുള്ള iThenticate എന്ന സോഫ്റ്റ്വെയർ M/s.Turnitin India Pvt Ltd, Noida, Uttarpradesh എന്ന സ്ഥാപനത്തിൽ നിന്നും 8,97,196/- രൂപയുടെ (എട്ട് ലക്ഷത്തി തൊണ്ണൂറ്റിയേഴായിരത്തി ഒരുന്നൂറ്റി തൊണ്ണൂറ്റിയാറ് രൂപ മാത്രം) അഡ്വാൻസ് പേയ്മെന്റ് നടത്തി 2024-25 വർഷത്തേക്ക് പുതുക്കുന്നതിനും, പ്രസ്തുത ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ ' 21 101 03 i - Promotion of Research : Equipments, Chemicals, Consumables for the Statutory Departments of the University ' എന്ന ബജറ്റ് ശീർഷകത്തിൽ നിന്ന് വകയിരുത്തുന്നതിനും തീരുമാനിച്ചു.

**ഇനം നമ്പർ: ഒ.എ.20/24.01/839/AC A6-3/2024** **ഇടത്തല അൽ അമീൻ കോളേജിലെ ബിരുദാനന്തരബിരുദ, കോമേഴ്സും സാമൂഹിക ശാസ്ത്രത്തിലെ അനുബന്ധ മേഖലകളും (Research Centre in Commerce and Allied areas in Social Sciences) എന്ന വിഭാഗത്തെ ഗവേഷണ കേന്ദ്രമായി മഹാത്മാഗാന്ധി സർവ്വകലാശാല അംഗീകരിക്കുവാനായി നൽകിയിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്;**

സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി - റിസർച്ച് & ഡെവലപ്മെന്റ്-ന്റെ പരിഗണനയിലേക്ക് നൽകുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ: ഒ.എ.21/24.01/p&d-1/2/3173/2011** **സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ കോൺട്രാക്ടറായ M/s Anchor Infrastructure ന് RAB 9 ന്റെ പേയ്മെന്റ് ആയി Rs.77,86,378 /- അനുവദിക്കുന്നത് സംബന്ധിച്ച് :-**

സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ കോൺട്രാക്ടറായ M/s Anchor Infrastructure ന് RAB 9 ന്റെ പേയ്മെന്റ് താഴെപ്പറയുന്ന പ്രകാരം നൽകുന്നതിനും, പ്രസ്തുത ചെലവ് സർവകലാശാലയുടെ നടപ്പ് സാമ്പത്തിക വർഷത്തെ "21 322 03 a - Buildings "(Plan) എന്ന ബഡ്ജറ്റ് ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനും തീരുമാനിച്ചു.

| Particulars | Amount ( in Rs.) |
|---|---|
| Value of work done since RAB 8 | 70,86,901.49 |
| Value of work done since RAB 8, including 18% GST | 83,62,543.49 |
| Recoveries / Deductions from the bill | |
| Security deposit @ 2.5% of gross amount | 2,09,064 |
| Income tax @ 2% of value before GST - | 1,41,738 |
| GST -TDS - CGST @ 1% of value before GST | 70,869 |
| GST -TDS - SGST @ 1% of value before GST | 70,869 |
| KCWWF @ 1% of cost of construction | 83,625 |
| **Total Recoveries** | **5,76,165** |
| **Net Amount Payable to contractor** | **₹77,86,378.49/-** |

**ഇനം നമ്പർ: ഒ.എ.22/24.01/164297/AD A5-1/2022** Grammarly for Education- software - **സബ്സ്ക്രിപ്ഷൻ പുതുക്കുന്നതിനുള്ള അനുമതി സംബന്ധിച്ച്.**

Grammarly for Education - Software -ന്റെ സബ്സ്ക്രിപ്ഷൻ കാലാവധി 2024-2025 വർഷത്തേക്ക് പുതുക്കുന്നതിനും, 2024-2025 വർഷത്തേക്കുള്ള സബ്സ്ക്രിപ്ഷൻ പുതുക്കുന്നതിലേക്കായി Grammarly for Education software സേവനദാതാവായ Total Library Solutions India Private Limited -ന് Rs.7,69,200.94/- (ഏഴ് ലക്ഷത്തി അറുപത്തൊൻപതിനായിരത്തി ഇരുനൂറ് രൂപ തൊണ്ണൂറ്റി നാല് പൈസ മാത്രം) നൽകുന്നതിനും, 2023-2024 വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ Mahatma Gandhi University Library - 21 403 10 - Computers and Software എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ, 2023-2024 വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും പ്രസ്തുത തുക വകയിരുത്തുന്നതിനും തീരുമാനിച്ചു.

**ഇനം നമ്പർ: ഒ.എ.23/24.01/128211/AC A6-3/2023** **റാന്നി, സെൻറ് തോമസ് കോളേജിലെ ബിരുദാനന്തരബിരുദ കോമേഴ്സ് വിഭാഗത്തിനു ഗവേഷണ കേന്ദ്രമായി സർവ്വകലാശാലയുടെ അംഗീകാരം ലഭിക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്;**

സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി - റിസർച്ച് & ഡവലപ്മെന്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ: ഒ.എ.24/24.01/17576/AD B2-2/2023** **സർവകലാശാലയിലെ കൺവർജൻസ് അക്കാദമിയ കോംപ്ലെക്സിലെ പൊതുവായിട്ടുള്ള റൂമുകളിലേക്ക് ആവശ്യമായ ഫർണിച്ചർ വിതരണം ചെയ്ത വകയിൽ M/s. കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KADCO) എർണാകുളം എന്ന സ്ഥാപനത്തിന് തുക അനുവദിക്കുന്നത് സംബന്ധിച്ച് :-**

സർവകലാശാലയിലെ കൺവർജൻസ് അക്കാദമിയ കോംപ്ലെക്സിലേക്ക്, ക്ലാസ് റൂം ടേബിളുകൾ (34 എണ്ണം), ക്ലാസ് റൂം ചെയറുകൾ (96 എണ്ണം), വുഡൻ ചെയറുകൾ (210 എണ്ണം), ഡയസ് ടേബിൾ (2 എണ്ണം

– വ്യത്യസ്ത വലിപ്പത്തിലുള്ളത്), പോഡിയം (2 എണ്ണം) എന്നീ ഫർണിച്ചറുകൾവിതരണം ചെയ്ത വകയിൽ M/s. കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KADCO) എറണാകുളം എന്ന സ്ഥാപനത്തിന് 26,62,254/- രൂപ (ഇരുപത്താറ് ലക്ഷത്തി അറുപത്തി രണ്ടായിരത്തി ഇരുന്നൂറ്റി അൻപത്തി നാല് രൂപ മാത്രം) അനുവദിക്കുന്നതിനും, പ്രസ്തുത ചെലവ് സർവകലാശാലയുടെ 2023-2024 സാമ്പത്തിക വർഷ ബജറ്റിലെ '21 101 10 i – Modernisation of University Administration & Examination Infrastructure' എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും വകയിരുത്തുന്നതിനും തീരുമാനിച്ചു.

**ഇനം നമ്പർ: ഒ.എ.25/24.01/143089/AC A5-3/2023** **ഉന്നത വിദ്യാഭ്യാസ വകുപ്പ്- സെൻസസ് ഡാറ്റാ റിസർച്ച് വർക്ക് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത്- സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സിൽ നിന്ന് ലഭ്യമാക്കിയ പ്രൊപോസൽ/ റിപ്പോർട്ട്- സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച് :-**

സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി – ഫിനാൻസ് -ന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ: ഒ.എ.26/24.01/56565/AD B2-3/2023** **ഡിഗ്രി ഡസ്പാച്ച് ഫയൽ ഫോൾഡറുകളുടെ മുദ്രണത്തിനു പ്രതിഫലം നൽകുന്നത് സംബന്ധിച്ചു :-**

M/s Classic Mattresses,Kottayam എന്ന സ്ഥാപനം 24,330 എണ്ണം ഡിഗ്രി ഡസ്പാച്ച് ഫയൽ ഫോൾഡറുകൾ അച്ചടിച്ചു നൽകിയ വകയിൽ സമർപ്പിച്ച ഇൻവോയ്സ് തുകയായ Rs.20,38,367/- (ഇരുപത് ലക്ഷത്തി മുപ്പത്തി എണ്ണായിരത്തി മുന്നൂറ്റി അറുപത്തിയേഴ് രൂപ മാത്രം ) രൂപയിൽ നിന്നും വിതരണം ചെയ്യുന്നതിലുണ്ടായ കാലതാമസത്തിന് കണക്കാക്കിയ പിഴപലിശയായ Rs.7411 /- (ഏഴായിരത്തി നാന്നൂറ്റി പതിനൊന്നു രൂപ മാത്രം) രൂപ കിഴിച്ചു ബാക്കി തുകയായ (നികുതി ഉൾപ്പെടെ) Rs.20,30,956/- (ഇരുപതു ലക്ഷത്തി മുപ്പതിനായിരത്തി തൊള്ളായിരത്തി അമ്പത്തിയാറു രൂപ മാത്രം) ടി സ്ഥാപനത്തിന് അനുവദിച്ചു നൽകുന്നതിനും, പ്രസ്തുത ചെലവ് നടപ്പ് സാമ്പത്തിക (2023-24) വർഷത്തെ ¨22 201 04 Printing, Stationery,Paper and Computer Consumables എന്ന ശീർഷകത്തിൽ നിന്ന് വകയിരുത്തുന്നതിനും തീരുമാനിച്ചു.

**ഇനം നമ്പർ: ഒ.എ.27/24.01/2587/AD B5/3/2020** **സർവ്വകലാശാല ബസ് പാസ് നിരക്ക് - പ്രതിദിന പാസ് വിതരണം - സംബന്ധിച്ച്.**

സർവ്വകലാശാല ബസുകളിൽ അദ്ധ്യാപക/ അനദ്ധ്യാപക വിഭാഗം ജീവനക്കാർക്ക് monthly pass-നോടൊപ്പം പ്രതിദിന പാസ് അനുവദിക്കുന്നതിനും, കോട്ടയം മുതൽ സർവ്വകലാശാല വരെയുള്ള ഒരു യാത്രയ്ക്കുള്ള പാസിന്റെ നിരക്ക് 17 രൂപയായും, ഏറ്റുമാനൂർ മുതൽ സർവ്വകലാശാല വരെയുള്ള ഒരു യാത്രയ്ക്കുള്ള പാസിന്റെ നിരക്ക് 10 രൂപയായും നിജപ്പെടുത്തുന്നതിനും, പണം മുൻകൂറായി അടയ്ക്കുന്നവർക്ക് മാത്രം 15 എണ്ണം വീതമുള്ള ടിക്കറ്റിന്റെ ബണ്ടിലുകളായി പ്രതിദിന പാസ്സ് നൽകുന്നതിനും തീരുമാനിച്ചു. കണ്ടക്ടറില്ലാത്തപക്ഷം ഡ്രൈവർ പാസുകൾ ഓരോ ദിവസവും യാത്രക്കാരിൽ നിന്നും തിരികെ വാങ്ങേണ്ടതും ആയത് എഡി.ബി-5 സെക്ഷനിൽ ഏൽപ്പിക്കേണ്ടതുമാണ്. കണ്ടക്ടർ/ഡ്രൈവർ പ്രസ്തുത ജോലി കൃത്യമായി നിർവ്വഹിക്കുന്നുണ്ടെന്ന് എഡി.ബി-5 സെക്ഷൻ ഉറപ്പുവരുത്തേണ്ടതുമാണ്.
ജീവനക്കാർക്കായി കെ എസ് ആർ ടി സി സ്പെഷ്യൽ സർവീസ് ഏർപ്പെടുത്തുന്നത് സംബന്ധിച്ച് കെ.എസ്.ആർ.ടി.സി. അധികൃതരുമായി ചർച്ച നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് രജിസ്ട്രാറെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**ഇനം നമ്പർ: ഒ.എ.28/24.01/153803/P&D 1-1/2023** **മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ജൻഡർ സ്റ്റഡീസ് സർവ്വകലാശാല ഹെൽത്ത് സെന്ററിന്റെ മുകളിലേക്ക് മാറ്റുന്നതിന്റെ ഭാഗമായി ടി കെട്ടിടത്തിന്റെ നവീകരണ പ്രവൃത്തികൾക്കായി സർവ്വകലാശാല എൻജിനീയർ സമർപ്പിച്ച 44,41,000/ രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നത് - സംബന്ധിച്ച് :-**

പുതിയ പ്രൊപ്പോസൽ സഹിതം ഫയൽ പുനഃസമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ: ഒ.എ.29/24.01/154808/DSS 1/2023** **മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റുഡന്റ്സ് യൂണിയൻ (2022-23) ജനറൽ സെക്രട്ടറി, യൂണിയന്റെ ആഭിമുഖ്യത്തിൽ കോട്ടയത്ത് വെച്ച് എം.ജി സർവകലാശാല യൂണിയന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന യുവജനോത്സവം - 2024 -നുള്ള ഭരണാനുമതിക്കും പരിപാടിയുടെ ചിലവിലേക്കായി പ്രതീക്ഷിക്കുന്ന തുകയായ 46,97,922/- (നാല്പത്തിയാറു ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി തൊള്ളായിരത്തി ഇരുപത്തി രണ്ടു രൂപ മാത്രം) 2022-23 സർവകലാശാല യൂണിയന് അനുവദിക്കുന്നതും - സംബന്ധിച്ച്.-**

സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി - ഫിനാൻസ് -ന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ: ഒ.എ.30/24.01/130900/AD A7-3/2021** **സെന്റർ ഫോർ ഓൺലൈൻ ആൻഡ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ (CDOE)-ൽ ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ എന്നീ താൽക്കാലിക തസ്തികകളിലേക്ക് കരാർ നിയോഗം നടത്തുന്നത് സംബന്ധിച്ച്.**

സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി - സ്റ്റാഫ് -ന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ: ഒ.എ.31/24.01/3379/AD B4-1/2022** **സർവ്വകലാശാലയിലെ നിലവിലുള്ള ബയോ മെട്രിക് സംവിധാനം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി Time & Attendance Face Recognition System സ്ഥാപിക്കുന്നതിന് Uralungal Labour Contract Co-Operative Society Ltd (ULCCS), Kozhikode സമർപ്പിച്ചിട്ടുള്ള 30,58,489/- രൂപയുടെ (18% GST ഉൾപ്പെടെ) പ്രൊപ്പോസൽ അംഗീകരിക്കുന്നത് - സംബന്ധിച്ച്.**

സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി - ഫിനാൻസ് -ന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ: ഒ.എ.32/24.01/167710/P&D 1-1/2021** **സർവ്വകലാശാല ക്യാമ്പസിലെ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ റൂഫിങ്, ലീക്ക് പ്രൂഫിംഗ്, അനുബന്ധ അറ്റകുറ്റപ്പണികൾ എന്നിവ ചെയ്യുന്നതിനായി ചിലവായ ഫസ്റ്റ് & ഫൈനൽ തുകയായ 6,62,366/- രൂപ കരാറുകാരനായ ശ്രീ.ഷാജി.വി -ക്ക് അനുവദിക്കുന്നത് - സംബന്ധിച്ച് :-**

സർവ്വകലാശാല ക്യാമ്പസിലെ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ റൂഫിങ്, ലീക്ക് പ്രൂഫിംഗ്, അനുബന്ധ അറ്റകുറ്റപ്പണികൾ ചെയ്തതിന്റെ ഫസ്റ്റ് & ഫൈനൽ ബിൽ തുകയായ 6,62,366/- രൂപയിൽ നിന്നും IT(1%)- Rs.5613/-, KCWWF (1%)-Rs.5613/- (KCWWF-5,557/- + Collection charge to F O Account-Rs.56/-), GST (2%)-Rs.11,227/- എന്നീ കിഴിവുകൾ വരുത്തിയതിനുശേഷമുള്ള തുകയായ 6,39,913/- (ആറ് ലക്ഷത്തി മുപ്പത്തൊൻപതിനായിരത്തി തൊള്ളായിരത്തി പതിമൂന്ന് രൂപ മാത്രം) രൂപ കരാറുകാരനായ ശ്രീ ഷാജി.വി, വാണിയപ്പുരക്കൽ, പുറക്കാട്. പി.ഒ -ന് അനുവദിക്കുന്നതിനും മേൽച്ചെലവ് നടപ്പ സാമ്പത്തിക വർഷത്തിലെ '21 101 22 i-School of Behavioural Sciences.-Upgradation Facility for School of Behavioral Sciences' എന്ന ബജറ്റ് ശീർഷകത്തിൽ നിന്ന് വകയിരുത്തുന്നതിനും തീരുമാനിച്ചു.

**ഇനം നമ്പർ: ഒ.എ.33/24.01/143188/AC A6-3/2023** **തലയോലപ്പറമ്പ് ദേവസ്വം ബോർഡ് കോളേജിലെ ഫിസിക്സ് വിഭാഗത്തിന് മഹാത്മാഗാന്ധി സർവ്വകലാശാലാ ഗവേഷണ കേന്ദ്രമായി അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്;-**

Resolved to constitute an Inspection Commission comprising Dr. Babu Micheal, Member Syndicate as Convenor and Dr. Sajeev U.S., Associate Professor, Department of Physics, Govt. College, Nattakom as Subject Expert to inspect the Centre and submit the report.

**ഇനം നമ്പർ: ഒ.എ.34/24.01/151549/AD A3-4/2023** **കോവിഡ് -19 വ്യാപനം കാരണം വകുപ്പുതല പരീക്ഷകൾ യഥാസമയം നടക്കാത്തത് -ടെസ്റ്റ് യോഗ്യത നേടാനാകാത്ത സീനിയർ ജീവനക്കാർക്ക് കെ എസ് &എസ് എസ് ആർ ചട്ടങ്ങളിൽ ഇളവനുവദിച്ച് സ്ഥാനക്കയറ്റം നൽകുന്നത് സംബന്ധിച്ച്.**

സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി - സ്റ്റാഫ് -ന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ: ഒ.എ.35/24.01/OA 61/22.09/ Ac AVI/1/RG/3672/2022** **പരുമല, ഡി.ബി പമ്പ കോളേജിലെ ഹിന്ദി വിഭാഗം അസിസ്റ്റൻറ് പ്രൊഫസറായ ഡോ. സവിത പ്രമോദ് (Dr.Savitha Pramod) എം.ജി. സർവ്വകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ സംബന്ധിച്ച്:-**

സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി - റിസർച്ച് ആന്റ് ഡെവലപ്മെന്റ് -ന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ: ഒ.എ.36/24.01/150455/AC A6-1/2023** **Dr Savitha Pramod- റിസർച്ച് ആർട്ടിക്കിളുകളുടെ ആധികാരികത പരിശോധിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് സമർപ്പിച്ചിരിക്കുന്ന അപേക്ഷ- സംബന്ധിച്ച്:-**

സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി - റിസർച്ച് ആന്റ് ഡെവലപ്മെന്റ് -ന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ: ഒ.എ.37/24.01/AcAVI/1/RG/802/ 2023 (119851/2023)** **കുമരകം ശ്രീ നാരായണ ആർട്സ് & സയൻസ് കോളേജിലെ മലയാളം വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. സിമി പി. സുകുമാർ (Dr. Simi P. Sukumar), എറണാകുളം മഹാരാജാസ് കോളേജിലെ ബിരുദാനന്തര ബിരുദ മലയാളം ഡിപ്പാർട്ട്മെന്റിൽ/ഗവേഷണകേന്ദ്രത്തിൽ മലയാളത്തിൽ റിസർച്ച് ഗൈഡായി പ്രവർത്തിക്കുന്നതിനുള്ള സർവ്വകലാശാലയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്.**

Resolved to approve Dr. Simi P. Sukumar, Assistant Professor in Malayalam, Sree Narayana Arts & Science College, Kumarakom as Research Guide in Malayalam at the Post Graduate Department/Research Centre of Malayalam, Maharajas College, Ernakulam.

**ഇനം നമ്പർ: ഒ.എ.38/24.01/37977/AD A7-1/2022** **സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷൻ (CDOE)- 2022 ജനുവരി സെഷൻ - എം.കോം ഓൺലൈൻ പ്രോഗ്രാമിന്റെ ഒന്നാം സെമസ്റ്ററിലെ വീഡിയോ ക്ലാസുകൾ തയ്യാറാക്കുന്നതിന് ടെക്നിക്കൽ സേവനം പ്രയോജനപ്പെടുത്തിയ ഇനത്തിൽ MGUIF-ന് നൽകേണ്ടുന്ന തുക അനുവദിക്കുന്നത് - സിൻഡിക്കേറ്റ് തീരുമാനം പരിഷ്കരിക്കുന്നത് - സംബന്ധിച്ച്.**

24.11.2023 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിലെ ഇനം നമ്പർ. ഒ.എ.45/23.08 തീരുമാനം താഴെപ്പറയും പ്രകാരം പരിഷ്കരിക്കുന്നതിന് തീരുമാനിച്ചു.

CDOE-യിലെ ഓൺലൈൻ എം.കോം പ്രോഗ്രാമിന്റെ ഒന്നാം സെമസ്റ്ററിലെ കോഴ്സ് / പേപ്പർ ഒന്നിന് ശരാശരി 15 മിനിറ്റ് ദൈർഘ്യമുള്ള 90 വീഡിയോ എന്ന കണക്കിൽ ആകെ 450 വീഡിയോ ക്ലാസ്സുകളുടെ റെക്കോർഡിംഗ് / പ്രൊഡക്ഷൻ, പോസ്റ്റ് പ്രൊഡക്ഷൻ (പ്രധാനമായും എഡിറ്റിംഗ്) ഘട്ടങ്ങളിലെ ടെക്നിക്കൽ സേവനങ്ങൾ നൽകിയ ഇനത്തിൽ, 15 മിനിറ്റ് ദൈർഘ്യമുള്ള ഒരു വീഡിയോയ്ക്ക് ₹3020 (മൂവായിരത്തി ഇരുപത് രൂപ മാത്രം) നിരക്കിൽ ആകെ ₹13,59,000/- (പതിമൂന്ന് ലക്ഷത്തി അൻപത്തൊമ്പതിനായിരം രൂപ മാത്രം) [നികുതിയില്ലാതെ] സിൻഡിക്കേറ്റ് തീരുമാന പ്രകാരമുള്ള നിരക്കിന് അനുസൃതമായി പുതിയ ബില്ലുകൾ ഹാജരാക്കുന്ന മുറയ്ക്ക് MGUIF-ന് അനുവദിക്കുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ: ഒ.എ.39/24.01/151533/AC B7-1/2023** **സ്വാശ്രയ കോളേജായ പാത്താമുട്ടം സെന്റ് ഗിറ്റ്സ് കോളേജ് സ്വയംഭരണ പദവി ലഭിക്കുന്നതിനായി യുജിസി സ്വയംഭരണ കോളേജ് പോർട്ടൽ മുഖേന സമർപ്പിച്ച അപേക്ഷയിൽ സിൻഡിക്കേറ്റ് നിയോഗിച്ച സ്ഥിരം പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നത് സംബന്ധിച്ച്**

സ്വാശ്രയ കോളേജായ പാത്താമുട്ടം സെന്റ് ഗിറ്റ്സ് കോളേജ് സ്വയംഭരണ പദവി ലഭിക്കുന്നതിനായി യുജിസി സ്വയംഭരണ കോളേജ് പോർട്ടൽ മുഖേന സമർപ്പിച്ച അപേക്ഷയിന്മേൽ സിൻഡിക്കേറ്റ് തീരുമാനപ്രകാരം നിയമിതമായ സമിതി സമർപ്പിച്ച റിപ്പോർട്ട്, വിവിധ ഇനങ്ങളിൽ സർവ്വകലാശാലയ്ക്ക് നൽകാനുള്ള ഫീസ് കോളേജിൽ നിന്ന് ഒടുക്കിയ ശേഷം മാത്രം അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ: ഒ.എ.40/24.01/146185/IQAC-2/2023** **എല്ലാ വർഷവും പിഎച്.ഡി. ബിരുദദാന ചടങ്ങ് സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സെനറ്റ് അംഗീകരിച്ച പ്രമേയത്തിന്മേൽ തീരുമാനം കൈക്കൊള്ളുന്നത് സംബന്ധിച്ച്.**

സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി - അക്കാദമിക് അഫയേഴ്സ്-ന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ: ഒ.എ.41/24.01/1500/FO SECTION-ASSISTANT1/2024** **2023-24 സാമ്പത്തിക വർഷത്തെ '22 402 61a -University Union Activities' എന്ന ബജറ്റ് ശീർഷകത്തിൽ അധിക തുക വകയിരുത്തുന്നത് സംബന്ധിച്ച്**

സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി - ഫിനാൻസ് -ന്റെ പരിഗണനയിലേക്ക് നൽകുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ: ഒ.എ.42/24.01/46260/AC A7-2/2023** **അൺ എയ്ഡഡ് സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളുടെ 2023-24 അദ്ധ്യയനവർഷം വരെയുള്ള താൽക്കാലിക അഫിലിയേഷൻ പുതുക്കുന്നതുമായി ബന്ധപ്പെട്ട് നിയോഗിച്ച പരിശോധനാസമിതിയുടെ റിപ്പോർട്ട് സിൻഡിക്കേറ്റ് മുമ്പാകെ സമർപ്പിക്കുന്നത് - സംബന്ധിച്ച്.**

കൊച്ചി ബിസിനസ് സ്കൂൾ, കാക്കനാട്-ന്റെ താൽക്കാലിക അഫിലിയേഷൻ 2023-24 അദ്ധ്യയനവർഷം ദീർഘിപ്പിച്ച് നൽകുന്നതിലേക്കായി രൂപീകരിച്ച പരിശോധനാസമിതി സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിനും, കൊച്ചി ബിസിനസ് സ്കൂൾ, കാക്കനാട്-ന്റെ താൽക്കാലിക അഫിലിയേഷൻ 2023-24 അദ്ധ്യയനവർഷം ദീർഘിപ്പിച്ച് നൽകുന്നതിനും തീരുമാനിച്ചു.

| Sl. No. | College | | Programme | Actual Seat |
|---|---|---|---|---|
| 1 | Kochi Business School, Edachira, Thengode P.O., Kakkanadu, Ernakulam | 1 | MBA | 120 |

**ഇനം നമ്പർ: ഒ.എ്.43/24.01** **സെന്റർ ഫോർ ഓൺലൈൻ എഡ്യൂക്കേഷന്റെ പ്രവർത്തനത്തിന് ആവശ്യമായ ERP സോഫ്റ്റ്‌വെയർ അടിയന്തരമായി വാങ്ങുന്നത് സംബന്ധിച്ച്**

സെന്റർ ഫോർ ഓൺലൈൻ എഡ്യൂക്കേഷനിലെ പ്രോഗ്രാമുകൾക്ക് ആവശ്യമായ ERP സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിന് പ്രസ്തുത മേഖലയിൽ പ്രാവീണ്യമുള്ള കമ്പനികളിൽ നിന്നും request for proposal വിളിക്കുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ്.44/24.01/131287/P&D 1-3/2023** **NAAC Accreditation-ന്റെ ഭാഗമായി സർവകലാശാലയിൽ അത്യന്താപേക്ഷിതമായ നടത്തുന്ന പ്രവർത്തികളുടെ ചെലവുകൾ നടപ്പ് വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്ന് അനുവദിക്കുന്നത് സംബന്ധിച്ച്.**

NAAC Accreditation-ന്റെ ഭാഗമായി സർവകലാശാലയിൽ അത്യന്താപേക്ഷിതമായി നടത്തുന്ന പ്രവർത്തികളുടെ ചെലവുകൾ നടപ്പ് വർഷത്തെ പ്ലാൻ ഫണ്ടിലെ വിവിധ ബജറ്റ് ശീര്ഷകങ്ങളിൽ ഉൾപ്പെടുത്തി അതാത് ശീര്ഷകങ്ങളിൽ അനുവദിച്ച തുക അധികരിക്കാത്ത രീതിയിൽ ഉപയോഗിക്കുന്നതിനും, അതിനായി NAAC-മായി ബന്ധപ്പെട്ട ചെലവുകൾക്കുള്ള ബജറ്റ് ശീർഷകം നിർദേശിക്കുമ്പോൾ nature of expenditure നോക്കാതെ വിവിധ വാർഷിക പദ്ധതികളിൽ അനുവദിച്ച തുക അധികരിക്കാത്ത രീതിയിൽ ആയത് ഉൾകൊള്ളിക്കുന്നതിനും തദനുസരണം വിനിയോഗ പത്രിക സർക്കാരിലേക്ക് സമർപ്പിക്കുന്നതിനും ഫിനാൻസ് വിഭാഗം ശുപാർശ ചെയ്തു. പ്രസ്തുത ശുപാർശ, മഹാത്മാഗാന്ധി സർവകലാശാല ആക്ട് അധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 12.01.2024-ലെ 412/P&D 1/2024/MGU നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനം.നമ്പർ: ഒ.എ്.45/24.01/120345/EA1-2/2024** **Exam Calendar 2024 – Approved by the Vice Chancellor by exercising the powers under Chapter III Section 10 ( 17 ) of the Mahatma Gandhi University Act 1985 – reporting –reg.**

The Hon'ble High Court of Kerala in its judgement in WP (C) No. 9172/04 had issued directions to the University to publish the Examination Calendar for a particular Calendar year in the preceding year itself. As per the provisions in Chapter 13 (13.8) of the Examination Manual, the draft examination calendar shall be placed before the Syndicate for approval.

In the light of the above, the Examination Calendar 2024 has been approved by the Vice Chancellor by exercising powers of the Syndicate as provided in Chapter III Section 10 (17) of the Mahatma Gandhi University Act 1985. U.O No.348/EA1/2024/MGU dated 11.01.2024 was issued in this regard.

The action taken by the Vice Chancellor exercising the powers under Chapter III.10 (17) of M G University Act 1985 and consequent issuance of U.O No.348/EA1/2024/MGU dated 11.01.2024 was reported to the Syndicate.

**ഇനം.നമ്പർ: ഒ.എ്.46/24.01/145380/AD B2-2/2023:** **സർവകലാശാലയിലെ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് (SILT) ലെ, ക്ലാസ് റൂമുകളിലേക്ക് 25 എണ്ണം ഡെസ്കും ബെഞ്ചും 30 എണ്ണം കസേരയും വിതരണം ചെയ്ത വകയിൽ M/s. ആർട്ടിസാൻസ് ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (ARTCO Ltd.), നാഗമ്പടം, കോട്ടയം എന്ന സ്ഥാപനത്തിന് 5,27,979/-രൂപ നൽകുന്നതിന് അനുമതി നൽകികൊണ്ട് മഹാത്മാഗാന്ധി സര്വ കലാശാലാ ആക്ട്-**

**1985, അദ്ധ്യായം III, സെക്ഷൻ 10 (17) -ൽ പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടി - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്:-**

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ ക്ലാസ് റൂമുകളിലേക്ക് 25 എണ്ണം വീതം ഡെസ്കും ബെഞ്ചും 30 എണ്ണം കസേരയും വിതരണം ചെയ്ത വകയിൽ M/s. ആർട്ടിസാൻസ് ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (ARTCO Ltd.), നാഗമ്പടം കോട്ടയം എന്ന സ്ഥാപനത്തിന് 5,27,979/- രൂപ (അഞ്ച് ലക്ഷത്തി ഇരുപത്തേഴായിരത്തി തൊള്ളായിരത്തി എഴുപത്തൊൻപത് രൂപ മാത്രം) അനുവദിക്കുന്നതിനും പ്രസ്തുത ചിലവ് സർവകലാശാലയുടെ 2023 - 2024 സാമ്പത്തിക വർഷ ബജറ്റിലെ "21 101 23 i - SILT - Digital Archives in the name of Dakshayani Velayudhan on constitutionalism and Gender Rights-Phase II/Upgradation of Facilities for School of Indian Legal Thought" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും വകയിരുത്തുന്നതിനും മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസിലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 10.01.2024 തീയതിയിലെ 311/ADB2/2024/MGU നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനം.നമ്പർ: ഒ.എ.47/24.01/43771/AC B7-1/2023 ചങ്ങനാശ്ശേരി, എസ്.ബി സ്വയംഭരണ കോളേജ് കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP (C) No.13158/2023-ലെ വിധി പ്രകാരം സ്വാശ്രയ കോഴ്സുകൾ ആരംഭിക്കുന്നതിന് മഹാത്മാഗാന്ധി സർവകലാശാല നിയമം 1985 അദ്ധ്യായം III വകുപ്പ് 10(17) പ്രകാരം വൈസ്ചാൻസലർ അനുമതി നൽകിയ നടപടി സിന്റിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

ബഹു: ഹൈക്കോടതിയുടെ വിധിന്യായങ്ങളുടെ അടിസ്ഥാനത്തിലും, തുടർന്ന് ചങ്ങനാശ്ശേരി, എസ്.ബി സ്വയംഭരണ കോളേജും സർവകലാശാലയും ചേർന്ന് ഒപ്പിട്ട കരാർ വ്യവസ്ഥകൾക്ക് വിധേയമായും, മഹാത്മാഗാന്ധി സ്റ്റാറ്റ്യൂട്ട് 1997 അദ്ധ്യായം 23 വകുപ്പ് 31 (4), മഹാത്മാഗാന്ധി സർവകലാശാല നിയമം അദ്ധ്യായം IX വകുപ്പ് 118 എന്നിവ പ്രകാരവും ചങ്ങനാശ്ശേരി, എസ്.ബി സ്വയംഭരണ കോളേജിൽ 2024-25 അധ്യയന വർഷം മുതൽ താഴെ പറയുന്ന കോഴ്സുകൾ സ്വാശ്രയ മേഖലയിൽ ആരംഭിക്കുന്നതിന് അനുമതി നൽകി വൈസ്ചാൻസലർ, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 11.01.2024 തീയതിയിലെ 322/AC B7/2024/എംജിയു നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

| ക്രമ നം . | കോഴ്സ് | സീറ്റ് എണ്ണം |
|---|---|---|
| 1 | ബി .എ കോർപ്പറേറ്റ് എക്കണോമിക്സ് (മോഡൽ III) | 40 |
| 2 | ബി.സി.എ (അധിക ബാച്ച്) | 50 |
| 3 | എം എസ് ഡബ്ല്യൂ (അധിക ബാച്ച്) | 30 |

**ഇനം.നമ്പർ: ഒ.എ.48/24.01/3392/AC A5-3/2024 മഹാത്മാഗാന്ധി സർവകലാശാലയുടെ പഠന വകുപ്പായ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സിലെ എം.എ പ്രോഗ്രാമുകളുടെ സിലബസിൽ (2021 അഡ്മിഷൻ മുതൽ) ഒരു elective കോഴ്സ് കൂടി കൂട്ടിച്ചേർക്കുന്നതിനുള്ള വകുപ്പ് മേധാവിയുടെ ശിപാർശ വൈസ് ചാൻസലർ അംഗീകരിച്ച് മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് -സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത്-സംബന്ധിച്ച്:-**

മഹാത്മാഗാന്ധി സർവകലാശാലയുടെ പഠനവകുപ്പായ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സ് വകുപ്പ് മേധാവി, പ്രസ്തുത പഠനവകുപ്പിലെ എം.എ പ്രോഗ്രാമുകളുടെ (2021 അഡ്മിഷൻ മുതൽ) ഒന്നാം സെമസ്റ്ററിൽ elective പേപ്പർ ആയ IR M 21 E 56- Theories of Globalisation കൂടി ഉൾപ്പെടുത്തി സിലബസ് പരിഷ്കരിക്കണമെന്നു കത്ത് മുഖേന ശിപാർശ സമർപ്പിച്ചിരുന്നു.

പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 11.01.2024 തീയതിയിലെ 336/ACA5/2024/MGU നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനം.നമ്പർ: ഒ.എ.49/24.01/AcB1/1/2012/2019 കുട്ടിക്കാനം മരിയൻ കോളേജിലെ കമ്പ്യൂട്ടർ അപ്ലിക്കേഷൻസ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായി നിയമിതയായ ശ്രീമതി.ജ്യോതി ജോസ് ന്റെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട വിഷയത്തിൽ സർവ്വകലാശാല ഫയൽ ചെയ്ത റിട്ട് അപ്പീൽ WA NO-218/2023 മേലുള്ള 26.07.2023 തീയതിയിലെ ബഹു.കേരള ഹൈക്കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 24.08.2023 തീയതിയിലെ സർവ്വകലാശാല ഉത്തരവ് നമ്പർ 9243/ACB1/2023/ എം.ജി.യു പ്രകാരം നടത്തിയ ഹിയറിങ്-ന്റെ റിപ്പോർട്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3 വകുപ്പ് 10(7) പ്രകാരം ബഹു വൈസ് ചാൻസിലർ അംഗീകരിച്ച -ഉത്തരവ് പുറപ്പെടുവിച്ചത് സിൻഡിക്കേറ്റ് മുൻപാകെ റിപ്പോർട്ട് ചെയ്യുന്നത് സംബംന്ധിച്ച .**

കുട്ടിക്കാനം മരിയൻ കോളേജിലെ കമ്പ്യൂട്ടർ അപ്ലിക്കേഷൻസ് വിഭാഗം അസിസ്റ്റന്റ് പ്രൊഫെസറായി നിയമിതയായി ശ്രീമതി. ജ്യോതി ജോസ് ന്റെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട വിഷയത്തിൽ സർവ്വകലാശാല ഫയൽ ചെയ്ത റിട്ട് അപ്പീൽ WA NO-218/2023 മേലുള്ള 26.07.2023 തീയതിയിലെ ബഹു.കേരള ഹൈക്കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 24.08.2023 തീയതിയിലെ സർവ്വകലാശാല ഉത്തരവ് നമ്പർ 9243/ACB1/2023/എം.ജി.യു പ്രകാരം നടത്തിയ ഹിയറിങ്-ന്റെ റിപ്പോർട്ട്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 11.01.2024 തീയതിയിലെ 343/ACB1/2024/എം.ജി.യു നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനം.നമ്പർ: ഒ.എ.50/24.01/160244/AC A1-2/20232019 അഡ്മിഷൻ B.Arch പ്രോഗ്രാമിന്റെ VIII -ആം സെമസ്റ്റർ റഗുലർ പരീക്ഷ - 2019 അഡ്മിഷന് മുൻപുള്ള B.Arch പ്രോഗ്രാമിന്റെ VII & VIII ആം സെമസ്റ്റർ സപ്ളിമെന്ററി പരീക്ഷ തുടങ്ങിയവയുടെ - ഫീ ഘടന നിശ്ചയിച്ചുകൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം ബഹു.വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

B. Arch പ്രോഗ്രാമിന്റെ, 2019 അഡ്മിഷൻ മുതലുള്ള VIII - ആം സെമസ്റ്റർ റഗുലർ പരീക്ഷയുടെയും 2019 അഡ്മിഷന് മുൻപുള്ള VII,VIII സെമസ്റ്റർ സപ്ളിമെന്ററി പരീക്ഷകളുടെയും ഫീസ് നിരക്ക് നിശ്ചയിച്ചുകൊണ്ട് ബഹു: വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ, മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം ഉത്തരവായ നടപടിയും തദനുസരണം സർവ്വകലാശാല ഉത്തരവ് നമ്പർ 6117/AC A1/2023 തീയതി 31.05.2023 ഭേദഗതി

ചെയ്തുകൊണ്ട് പുറപ്പെടുവിച്ച 05.01.2024 തീയതിയിലെ 143/ACA1/2024/എം.ജി.യു നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനം.നമ്പർ: ഒ.എ.51/24.01/117830/AD B2-3/2023 സർവ്വകലാശാല ഇൻഫർമേഷൻ ബുക്കിന്റെ മുദ്രണം സംബന്ധിച്ച്.**

സർവ്വകലാശാല ഇൻഫർമേഷൻ ബുക്ക് മുൻ വർഷങ്ങളിലെപോലെ അച്ചടിച്ച് വിതരണം ചെയ്യുന്നതിനും ആയത് 2023 നവംബർ 30-നു പൂർത്തിയാക്കുന്നതിനും 11.09.2023 തീയതി ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചിരുന്നു.എന്നാൽ എത്ര ഇൻഫർമേഷൻ ബുക്കുകൾ അച്ചടിക്കണമെന്നു സിൻഡിക്കേറ്റ് തീരുമാനത്തിൽ പരാമർശിച്ചിരുന്നില്ല.

അടിയന്തിര സാഹചര്യം പരിഗണിച്ച്, മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്റ്റ് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം താഴെപ്പറയുന്ന വിഷയങ്ങളിൽ വൈസ് ചാൻസലർ ഉത്തരവാകുകയും തദനുസരണം സർവ്വകലാശാല ഉത്തരവ് 161/AD B2/2024/എം.ജി.യു തിയതി 05/01/2024 പുറപ്പെടുവിക്കുകയും ചെയ്തു.

2000 എണ്ണം ഇൻഫർമേഷൻ ബുക്കുകൾ കൊട്ടേഷൻ / ടെൻഡർ ക്ഷണിച്ച് അച്ചടിക്കുന്നതിനും

2024 വർഷത്തെ ഇൻഫർമേഷൻ ബുക്ക് സർവ്വകലാശാലയുടെ ഫോൺ നമ്പറുകളും മറ്റു വിവരങ്ങളും ഉൾക്കൊള്ളിച്ചു അച്ചടിക്കുന്നതിനും

പ്രസ്തുത ബുക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

"അളവ്"

നീളം- 24.5 സെന്റിമീറ്റർ

വീതി- 18 സെന്റിമീറ്റർ

"പേപ്പറുകളുടെ എണ്ണം"

ബൈൻഡിങ്ങും മുൻ ഭാഗത്തും പുറകിലും ബൈൻഡിങ്ങിനുള്ളില് വരുന്ന ഓരോ ബ്ലാങ്ക് ഷീറ്റുകളും ഒഴികെ ആകെ 160 പേപ്പറുകൾ.

"ഉള്ളടക്കം"

സർവ്വകലാശാലയുടെ വിവരങ്ങളും ഫോൺ നമ്പരുകളും - 60 ഷീറ്റുകൾ

നോട്ട് കുറിക്കുന്നതിനുള്ള പേജുകൾ (തീയതി ഇല്ലാതെ) - 100 ഷീറ്റുകൾ

നോട്ട് കുറിക്കുന്നതിനുള്ള എല്ലാ പേജുകളുടെയും മുകളിൽ വലതു വശത്തായി സർവകലാശാലയുടെ ലോഗോ നൽകുന്നതിനും .

മാതൃകയായി പരിഗണിക്കാവുന്ന ഇൻഫർമേഷൻ ബുക്കു പി.ആർ.ഒ.-യുടെ കാര്യാലയത്തിൽ നിന്നും ബന്ധപ്പെട്ട സെക്ഷനിലേക്കു നൽകേണ്ടതാണ്.

മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്റ്റ് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച 05.01.2024-ലെ 161/ADB2/2024എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനം.നമ്പർ: ഒ.എ.52/24.01/64577/AC A15-3/2023ശ്രീ. സുനോയ് എം എസ് ന് - "AN INVESTIGATION INTO THE ANTECEDENTS OF GREEN MARKETING BEHAVIOUR AMONG SMALL AND MEDIUM ENTREPRENEURS OF KERALA" എന്ന ശീർഷകത്തിൽ കൊമേഴ്‌സ് വിഷയത്തിൽ പി.എച്ച്.ഡി. അവാർഡ് ചെയ്തു, വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17)**

പ്രകാരം ഉത്തരവ് നൽകിയത് - സിൻഡിക്കേറ്റ് മുൻപാകെ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്:-.

08.01.2024 ൽ ബഹുമാനപ്പെട്ട വൈസ് ചാൻസലർ, ശ്രീ. സുനോയ് എം എസ് സമർപ്പിച്ച - "AN INVESTIGATION INTO THE ANTECEDENTS OF GREEN MARKETING BEHAVIOUR AMONG SMALL AND MEDIUM ENTREPRENEURS OF KERALA" എന്ന ശീർഷകത്തിൽ ഉള്ള പ്രബന്ധത്തിന്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം പി.എച്ച്.ഡി ബിരുദം നൽകുവാൻ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 11.01.2024 തീയതിയിലെ No.AC A15/Ph.D/73/2024 നമ്പർ വിജ്ഞാപനവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനം.നമ്പർ: ഒ.എ്യ.53/24.01/2557/ESTATE OFFICER ADMINISTRATION/2024** **Smt.Agnes Manthuruthil and Beatrice Modi എന്നിവർ സർവ്വകലാശാലയ്ക്ക് ദാനം ചെയ്യുവാൻ ഉദ്ദേശിക്കുന്ന സ്ഥലം സ്വീകരിക്കുന്നതിന്, സർവകലാശാല ആക്ട് 1985 അദ്ധ്യായം 3 വകുപ്പ് 10 (17) പ്രകാരം ബഹു: വൈസ് ചാൻസലർ ഉത്തരവായത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

Smt. Agnes Manthuruthil and Smt.Beatrice Modi എന്നിവർ യൂണിവേഴ്സിറ്റിക്കായി ഇവരുടെ കൈവശമുള്ള 47 സെന്റ്സ്ഥലം (തണ്ടപ്പേര് നമ്പർ 6781 & 6346) മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിക്ക് ദാനം നൽകുവാൻ അഗ്രഹിക്കുന്നു എന്ന് സൂചന (1) പ്രകാരം അറിയിച്ചിരുന്നു. അതിനായിട്ടു വേണ്ട രേഖകളും സമർപ്പിച്ചിരിക്കുന്നു. ദാനമായി ലഭിക്കുന്ന സ്ഥലം സ്വീകരിക്കാവുന്നതാണ് എന്ന നിയമോപദേശം സൂചന (2) പ്രകാരം ലഭിച്ചിരുന്നു. മേൽ വ്യക്തികൾക്ക് ഇന്ത്യയ്ക്ക് പുറത്തുള്ള അവരുടെ നിലവിലെ താമസ സ്ഥലത്തേക്ക് പോകുന്നതിന് മുൻപ് നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് പരിമിതമായ സമയം മാത്രമേ ഉള്ളൂ എന്ന വസ്തുത പരിഗണിച്ച് മേൽ സ്ഥാവര സ്വത്ത് ദാനം സ്വീകരിക്കുന്നതിന്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 10.01.2024-ലെ 298/AD B 3/2024/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനം.നമ്പർ: ഒ.എ്യ.54/24.01/2758/AC A5-1/2024 IMPSS പഞ്ചവത്സര ഇന്റഗ്രേറ്റഡ് എം എ പ്രോഗ്രാം (2020 അഡ്മിഷൻ) - ക്രെഡിറ്റ് സംബന്ധിച്ചുള്ള വിഷയത്തിൽ വൈസ് ചാൻസലർ കൈകൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവകലാശാല ഉത്തരവും സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നത് സംബന്ധിച്ച്.**

03.01.2024 തീയതി ചേർന്ന സി.എസ്.എസ്. അക്കാദമിക് അഡൈ്വസറി യോഗം IMPSS-ലെ പഞ്ചവത്സര ഇന്റഗ്രേറ്റഡ് എം.എ 2020 അഡ്മിഷൻ വിദ്യാർത്ഥികൾക്ക് ബിരുദ പ്രോഗ്രാമിന് 120 ക്രെഡിറ്റ് ലഭിച്ചതിനാൽ പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിനും, റെഗുലേഷൻസ് ഫോർ ഇന്റഗ്രേറ്റഡ് മാസ്റ്റേഴ്സ് പ്രോഗ്രാം ഇൻ സോഷ്യൽ സയൻസസ് (2020- 21 അഡ്മിഷൻ മുതൽ ) -ന്റെ ക്ലോസ് 5 ലെ "Total credits required to complete the UG component of the Integrated Masters Programme in Social Sciences shall be 120" എന്നത് "A minimum of 120 credits in total shall be attained to complete the UG component of the Integrated Masters Programme in Social Sciences" ആയി പരിഷകരിക്കുന്നതിന് ശിപാർശ ചെയ്യുകയും ചെയ്തു. ടി ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 10.01.2024-ലെ 295/AC A 5/2024 /എം.ജി.യൂ. നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനം.നമ്പർ: ഒ.എ്യ.55/24.01/134655/AC A5-3/2023 Santhigiri College of Computer Sciences, Vazhithala-യിലെ B.A Animation and Graphic Design Model III വിദ്യാർത്ഥിയായ ശ്രീ.അലക്സ് ജോസഫിന് ആറാം**

**സെമസ്റ്ററിലേക്ക് പുനഃപ്രവേശനം അനുവദിച്ച് പുറപ്പെടുവിച്ച ഉത്തരവ് സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്.**

ശാന്തിഗിരി കോളേജ് ഓഫ് കമ്പ്യൂട്ടർ സയൻസസ് വഴിത്തലയിലെ ബി.എ അനിമേഷൻ ആൻഡ് ഗ്രാഫിക് ഡിസൈൻ മോഡൽ III വിദ്യാർത്ഥിയായ ശ്രീ. അലക്സ് ജോസഫ് ആറാം സെമസ്റ്ററിലേക്ക് പുനഃപ്രവേശനം ആവശ്യപ്പെട്ട് 27.12.2023 തീയതി അപേക്ഷ സമർപ്പിച്ചിരുന്നു.

എന്നാൽ, Regulations for Under Graduate Programmes Under Choice Based Credit System 2017-ലെ Clause 5.3, 6870/എൽ/ അക്കാദമിക്/ 2017, തീയതി 20.11.2017 നമ്പർ സർവകലാശാലാ ഉത്തരവ് പ്രകാരം ഭേദഗതി ചെയ്തതനുസരിച്ച് "The maximum continuous twelve semesters for successful completion of the programme shall be counted from the initial admission of the student to the first semester of the programme, irrespective of readmission" എന്നാണ്.

എന്നാൽ, ശ്രീ.അലക്സ് ജോസഫിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ടിയാന് ആറാം സെമസ്റ്ററിലേക്ക് പുനഃപ്രവേശനം നൽകുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അനുവാദം നൽകി 11.01.2024 തീയതി ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 12.01.2024 തീയതിയിലെ സ.ഉ.നം.426/ACA5/2024/MGU നമ്പർ സർവകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം V.40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനം.നമ്പർ: ഒ.എ.56/24.01/142613/AC B1-1/2023സ്വകാര്യ എയ്ഡഡ് കോളേജുകൾ - മാർത്തോമാ കോളേജ്, തിരുവല്ല - കോളേജ് മാനേജരുടെ മാറ്റം - സിൻഡിക്കേറ്റ് മുൻപാകെ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

തിരുവല്ല മാർത്തോമാ കോളേജിലെ മാനേജരായി Rt.Rev.Dr Euyakim Mar Coorilos Suffragan Metropolitan 01.11.2023 തീയതിയിൽ സ്ഥാനമേറ്റതായി മുൻ മാനേജർ സർവ്വകലാശാലയെ അറിയിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997, അദ്ധ്യായം 23, സ്റ്റാറ്റ്യൂട്ട് 19 (2) പ്രകാരം അഫിലിയേറ്റഡ് കോളേജുകളിലെ ഗവേർണിംഗ് ബോഡി (യൂണിറ്ററി മാനേജ്മെന്റ്) അല്ലെങ്കിൽ മാനേജിങ് കൗൺസിൽ (കോർപ്പറേറ്റ് മാനേജ്മെന്റ്) എന്നിവയിലെ മാറ്റങ്ങൾ (*"All changes in the membership of the Governing Body or the Managing Council and all appointments, transfers, promotions,demotions or dismissals of teachers of the colleges with name, qualification and designation shall forthwith be reported to the Syndicate.")*

സർവ്വകലാശാല സിൻഡിക്കേറ്റ് മുൻപാകെ റിപ്പോർട്ട് ചെയ്യേണ്ടതായിട്ടുണ്ട്. കൂടാതെ, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം VIII, സെക്ഷൻ 54 (2) - പ്രകാരം പ്രൈവറ്റ് കോളേജുകളിലെ മാനേജർ, ഗവേർണിംഗ് ബോഡിയുടെ ചെയർമാൻ ആണെന്ന് പരാമർശിച്ചിട്ടുണ്ട്.

ടി വിഷയം സർവ്വകലാശാല സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

(വായിച്ച്, സ്ഥിരീകരിച്ചു.)

പി. ഡി. ഹിൽസ്

16.01.2024

**രജിസ്ട്രാർ (i/c)**